# ഹജ്ജിന്റെ ആന്തരാർത്ഥങ്ങൾ

ഇബ്റാഹീം ബാഖവി മേൽമുറി

**HAJJINTE AANTHARIKARTHANGAL**
Author:
P. IBRAHIM BAQUAVI MELMURI
Published by:
Misbahul Huda Publications
Typesetting:
Ma'din ,Digi-lab, Perumparamb
Cover:
Ali melmuri
Printed at:
Pravasi Prints, Kottakkal
First Edition:
2005 September
Second Edition:
2012 May
Price:
Rs. 25.00
Copyright reserved

## പ്രവേശിക

വർഗ-വർണ്ണ-ദേശ ഭിന്നതകൾ ഭേദിച്ച് പരശ്ശതം വിശ്വാസികൾ സംഗമിക്കുന്ന പുണ്യ തീരമാണ് ഹജ്ജ്. വിശ്വാസിയുടെ ഹൃദയം സർവ്വം കൊതിക്കുന്നത്, പ്രാർത്ഥിക്കുന്നത് ജീവിതത്തിലൊരിക്കലെങ്കിലും ഹജ്ജും ഉംറയും ചെയ്യാൻ സാധിക്കണെ എന്നാണ്.

ഇസ്‌ലാം മതത്തന്റെ തുല്യത വിളിച്ചോതുന്ന കർമ്മം കൂടിയാണ് ഹജ്ജ്. പണക്കാരനും പാമരനും കുചേലനും കുബേരനും ഒരു നിറത്തിൽ സംഗമിക്കുന്ന വേറിട്ട വിശ്വാസത്തിന്റെ പ്രകട രൂപമാണിത്.കഅ്ബയുടെ നിർമ്മാണം പൂർത്തിയായ ശേഷം വിശുദ്ധ ഭവനത്തിന്റെ മുകളിൽ കയറി ഇബ്റാഹീം നബി (അ) നാഥന്റെ ആജ്ഞ പ്രകാരം വിശ്വാസികളെ കഅ്ബയിലേക്ക് ക്ഷണിച്ചു. ആ വിളി എത്തിയവരാണ് ഹജ്ജാജിമാർ. ത്യാഗ നിർഭരമായ ഇബ്റാഹീമീ ചരിത്രത്തിലെ ആണ്ട് കൂടെയാണ് ഹജ്ജിന്റെ ഓരോ വേളകളും.

കർമ്മങ്ങളോരോന്നിന്നും നിരവധി പ്രതിഫലം ലഭിക്കുന്ന ഹജ്ജിനെ കുറിച്ച് പറയുന്നത്, ഹജ്ജ് ചെയ്ത് സ്വീകാര്യനായ വ്യക്തി പ്രസവിച്ച കുഞ്ഞിനെ പോലെ പാപമുക്തനാണ് എന്നാണ്. നിരവധി സാഹസങ്ങളും, ത്യാഗങ്ങളും സമ്മേളിക്കുന്ന ഹജ്ജ് സ്വീകാര്യ യോഗ്യമാവേണ്ടതുണ്ട്. വിശുദ്ധ ഹജ്ജ് കർമ്മങ്ങളുടെ ആന്തരികാർത്ഥങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന ഈ ചെറു കൃതി അതിനുപയുക്തമാവട്ടെ. കർമ്മങ്ങളുടെ അന്തസത്ത കണ്ടെത്തുന്നതിനും, അപാകതകൾ തിരുത്താനും ഈ വായന ഉപകാരപ്പെടുമെന്നാണ് പ്രതീക്ഷ. പ്രിയ വായനക്കാരോടും ഹാജിമാരോടും ഉണർത്താനുള്ളത് ഈ ചെറു വായനയിൽ അനുഭവപ്പെട്ട വ്യത്യസ്തതകളും കുറവുകളും ഉണർത്തിത്തരണമെന്ന അഭ്യർത്ഥനയാണ്. പ്രാർത്ഥനയിൽ ഈയുള്ളവനെയും ഉൾപ്പെടുത്തുമെന്ന പ്രതീക്ഷയോടെ...

പി.ഇബ്രാഹീം ബാഖവി മേൽമുറി
പ്രിൻസിപ്പൾ മഅ്ദിൻ കോളേജ് ഓഫ് ഇസ്‌ലാമിക് ദഅ്വ

# ഹജ്ജിന്റെ ആന്തരാർത്ഥങ്ങൾ

ഹജ്ജിന്റെ ഭാഷാർത്ഥം കരുതുക എന്നാണ്.മനസ്സാണ് ഹജ്ജിന്റെ കാതലായ വശമെന്ന് ഈ പദം അറിയിക്കുന്നു.ഹജ്ജിന്റെ ഏത് കർമ ങ്ങൾ എടുത്ത് നോക്കിയാലും അവയിലെല്ലാം ഹൃദയ സാന്നിധ്യമാണ് പ്രധാനമെന്ന് മനസ്സിലാക്കാൻ സാധിക്കും.

ത്വവാഫ് ഹജ്ജിന്റെ ഒരു പ്രധാന കർമമാണ്.ത്വവാഫ് ചെയ്യുന്ന വ്യക്തി കഅ്ബ തന്റെ ഇടതുവശത്താക്കിയാണ് ത്വവാഫ് ചെയ്യേണ്ടത്.ഇ സ്‌ലാമിലെ ആരാധന പുണ്യകർമങ്ങളിലെല്ലാം വലത്തേതിനു പ്രാധാന്യം നൽകുന്നതാണല്ലോ പ്രാമാണികത.എങ്കിൽ ത്വവാഫിൽ മാത്രം ഇങ്ങനെ ഒരു വൈരുദ്ധ്യം വരാൻ കാരണമെന്താണ്? ഈ ചോദ്യത്തിന് ഇമാം സുയൂ ഥി(റ)ഇങ്ങനെ മറുപടി നൽകുന്നു.

മനുഷ്യ ഹൃദയം ശരീരത്തിന്റെ ഇടതു വശത്താണ് സ്ഥിതി ചെയ്യു ന്നത്.അതിനാൽ ത്വവാഫ് ചെയ്യുന്ന അവസരത്തിൽ ഹൃദയം കഅ്ബയു മായി കൂടുതൽ അടുക്കാൻ വേണ്ടിയാണ് കഅ്ബയെ ഇടതുവശത്താക്കി ത്വവാഫ് ചെയ്യണമെന്ന് പറയുന്നത്.ഹൃദയം ﷲ വിലേക്ക് സമർപ്പിക്കലാണ് ഹജ്ജിന്റെ മുഖ്യമെന്ന് ഇതിൽ നിന്ന് വ്യക്തം.ഈ വസ്തുത മനസ്സിലാ ക്കാത്തതിനാലാണ് ഹജ്ജിന്റെ കർമങ്ങളെ പലരും അർത്ഥ ശൂന്യമായി കാണുന്നത്.

ഹജ്ജ് ഒഴികെ ഇസ്‌ലാമിലെ മറ്റ് കർമങ്ങളിലെല്ലാം അവയുടെ ഉൾ പൊരുളുകൾ ഗ്രാഹ്യമാണ്. ഉദാഹരണമായി നിസ്കരിക്കുന്നവന്റെ ഭക്തിയോടും വിനയത്തോടുമുള്ള യജമാനന്റെ മുമ്പിലുള്ള വണക്കം വിന യത്തിന്റെ പാരമ്യതയെ വിളിച്ചറിയിക്കുന്നു.സകാതും മറ്റ് ദാന ധർമങ്ങളും തന്റെ സഹജീവിയുടെ വിഷമങ്ങൾ തീർക്കുന്നതിന് സഹായകമാണ്. നോമ്പും തഥൈവ.ഇല്ലായ്മയിൽ കഴിയുന്ന പട്ടിണി പാവങ്ങളുടെ ദുരിത ങ്ങൾ നോമ്പിലൂടെ അനുഭവിച്ചറിഞ്ഞ് അവരെ സഹായിക്കാനുള്ള ത്യാഗ മനസ്കത നോമ്പ് പ്രദാനം ചെയ്യുന്നു.

എന്നാൽ ഹജ്ജിന്റെ കർമങ്ങളുടെ ആന്തരികത കണ്ടെത്തുക അത്ര എളുപ്പമല്ല,കാരണം അറഫ മരുഭുയിൽ നിൽക്കുക, മുസ്ദലിഫയിലും മിന യിലും രാപ്പാർക്കുക,ജംറകളിൽ കല്ലെറിയുക,സഅ്യ്,ത്വവാഫ് തുടങ്ങീ ഹജ്ജിന്റ അനുഷ്ഠാന കർമങ്ങളിലൊന്നും പ്രഥമ ദൃഷ്ട്യാ നിസ്കാരം പോലെ ഒരുവണക്കമോ സകാത് പോലെ സഹജീവിയെ സഹായിക്കലോ നോമ്പ് പോലെ ഒരു ത്യാഗമോ കാണാൻ സാധിക്കുകയില്ല.എന്നാൽ തന്ത്ര ജ്ഞനായ ﷲ അർത്ഥ ശൂന്യമായ ഒന്നും തന്റെ അടിമകളോട് കൽപിക്കു കയില്ലല്ലോ.

മനുഷ്യ ബുദ്ധിക്ക് ഗ്രാഹ്യമായതും അല്ലാത്തതുമായ അനേകം വിഷയ

ങ്ങളുണ്ട്.നമ്മുടെ ഭരണഘടനയായ ഖുർആനിൽ തന്നെയും ഇത് കാണാം.അപ്പോൾ നമുക്ക് ഗ്രാഹ്യമല്ലാത്തവയിൽ നാമെങ്ങനെ സത്യമവലംബിക്കും.എന്നചോദ്യം സ്വാഭാവികമാണ്.ഇത്തരം വിഷയങ്ങളിൽ നമ്മുടെ നിലപാട് പരീക്ഷിക്കാൻ വേണ്ടിയാണ് സ്രഷ്ടാവായ ﷻ ചില വിഷയങ്ങൾ നമുക്ക് മനസ്സിലാക്കിത്തരാതിരുന്നത്.

നബിക്കുമുമ്പ് കഴിഞ്ഞ അമ്പിയാക്കളുടെ ജനതയിൽ സന്യാസവും ഏകാന്തവാസവും മലമൂർത്തികളിലെ തനിച്ചുള്ള രീതിയും ഉണ്ടായിരുന്നു. ഭൗതിക ജീവതത്തിലെ സകല സുഖങ്ങളെയും ത്യജിച്ച് അല്ലാഹുവിൽ ലയിക്കലായിരുന്നു അവരുടെ ലക്ഷ്യം. സ്വന്തം ശരീരങ്ങൾക്ക് സാഹസികതയെ ശീലിപ്പിച്ച് പരലോകത്തിന് വേണ്ടി ശരീരത്തെ പാകപ്പെടുത്തുകയായിരുന്നു അവർ. ഇതിനു പകരമായി നബി(സ)യുടെ ശരീഅത്തിൽ ഉള്ളത് യുദ്ധവും ഹജ്ജുമാണ്. നബി(സ) തങ്ങൾ തന്നെ പറഞ്ഞിട്ടുണ്ട് ‘നമ്മൾക്ക് അല്ലാഹു യുദ്ധത്തെയും ഹജ്ജിനെയും പകരം തന്നിരിക്കുന്നു’. അപ്പോൾ ഹജ്ജ് ചെയ്യുന്ന വ്യക്തി എല്ലാ സുഖാഡംബരങ്ങളെയും ത്യജിച്ച് അല്ലാഹുവിനുവേണ്ടി സ്വയം അർപ്പിതനാവുകയാണ്: നിങ്ങൾ കഅ്ബയുടെ ചുറ്റു ഭാഗത്തേക്കും നോക്കൂ ഹറമെന്ന പവിത്ര ഭൂമി കാണാം. ഭൗതിക ലോകത്തെ രാജസന്നിധി പോലെത്തന്നെ അതിലെ മൃഗത്തെ വേട്ടയാടാനോ, മരങ്ങളും പുല്ലുകളും പറിക്കാനോ ,ആരെയും അക്രമിക്കാനോ പാടില്ല. ശാന്ത ഭൂമിയായിരിക്കും. എല്ലാവർക്കും അവിടെ വരാം. മുടി ചടക്കുത്തിയവർ, പൊടി പുരണ്ടവർ, കുലീനർ, കുചേലർ, കുബേരർ രാജാവിന്റെ സന്നിധാനം എന്ന നിലക്ക് എല്ലാവരും തുല്യരാണ്. ആർക്കെങ്കിലും മികവുണ്ടെങ്കിൽ തഖ്‌വ കൊണ്ട് മാത്രം. അതെ തഖ്‌വ ഒരു സമർപ്പണമാണ്. ഉടമയെ ഉടമയായി അംഗീകരിക്കുന്ന അടിമത്വം സമ്മതിക്കൽ, ഏതു കൽപനയും അംഗീകരിക്കാൻ പാകപ്പെടണം. ഈ പാകപ്പെടലിൽ ശരീരത്തിന്റെ ഇഛയോട് മെരുങ്ങാത്തതും പ്രാഥമിക ബുദ്ധി സമ്മതിക്കാത്തതുമായ വിഷയങ്ങളെ ഏറ്റെടുത്ത് നിർവ്വഹിക്കാൻ തയ്യാറാവണം. നോക്കൂ സകാത്തിൽ നമുക്ക് ഒരു സഹജീവി സ്നേഹം കാണാം, നോമ്പിൽ ശൈത്വാന്റെ ആയുധമായ വികാരത്തെ പൊട്ടിച്ചുകളയുന്നത് കാണാം. ജീവനുള്ള എല്ലാ വസ്തുക്കളുടെയും വേദനയും പട്ടിണിയും ബോധ്യമാകാനും നോമ്പിലൂടെ കഴിയും. ഈ ബോധ്യപ്പെടലിന്റെ പ്രതികരണം ഫിത്വ്‌റ് സകാത്തിലൂടെയും ദർശിക്കാം, റുകൂഉം സുജൂദുമടങ്ങിയ നിസ്കാരത്തിൽ വിനയവും കാണാം. ഹജ്ജ് അല്ലാത്ത ഇബാദത്തുകളിലെല്ലാം ശരീരങ്ങൾക്ക് ബോധ്യമാകുന്ന ഇടപെടലുകളാണ്. അതെ സമയം കല്ലെറിയൽ, സഫാമർവ്വയുടെ ഇടയിൽ

ചുറ്റൽ തുടങ്ങിയുള്ള ഹജ്ജിന്റെ അമലുകളിൽ ഈ ഒരർത്ഥം കണ്ടെത്താൻ പ്രാഥമിക ഇടപെടലുകൾക്ക് സാധിച്ചില്ലെന്നു വരും. അപ്പോൾ പിന്നെ ഇവകൾ ചെയ്യുന്നത് അല്ലാഹുവിന്റ കൽപനകൾക്കനുസരിച്ച് കൊണ്ട് മാത്രം. അർത്ഥവും ഹിക്മത്തും ബോധ്യമായില്ലെങ്കിലും അല്ലാഹു കൽപ്പിച്ചത് ഞാൻ ചെയ്യാൻ ബാധ്യസ്ഥനാണ് എന്ന മാനസികാവസ്ഥയിലേക്ക് ഹജ്ജ് അവനെ എത്തിക്കുന്നു. തിരുവചനം ശ്രദ്ധിക്കുക لبّيك بحجّة حقاً تعبّدا و رقّا അടിമയാണെന്നംഗീകരിച്ച ്കൊണ്ട് സത്യമായും ഉടമയായ നിനക്ക് ഞാൻ പരിപൂർണമായും അർപ്പിക്കുന്നു. ഇങ്ങനെ ഒരു ദിക്റ് നിസ്കാരത്തിലോ മറ്റോ ഇല്ല.

ഇബാദത്തുകൾ രണ്ടു ഇനമാണ് തഅബ്ബുദിയ്യ് രണ്ട് തഅബ്ബുദിയ്യല്ലാത്തത്. തഅബ്ബുദിയ്യ് എന്നാൽ ആ ഇബാദത്ത് എന്തിനാണ് എന്നോട് കൽപ്പിച്ചതെന്ന് അടിമക്ക് ബോധ്യപ്പെടാത്തത്. രണ്ടാമത്തേത് ബോധ്യമാകുന്നതും. ഇതിൽ തഅബ്ബുദിയ്യായ ഇബാദത്തുകൾക്കാണ് മഹത്വം കൂടുതൽ, കാരണം ശരീര ഇഛയോട് പരിപൂർണമായും പുറം തിരിഞ്ഞു നിന്നങ്കിലെ ഹജ്ജ് പോലോത്ത തഅബ്ബുദിയ്യോട് സംവദിക്കാനാവു. നിങ്ങൾക്കുള്ള രണ്ടു മക്കളിൽ ഒരു മകൻ എന്തു പറഞ്ഞാലും കേൾക്കും. ഉമ്മ പറഞ്ഞ ഒരു കാര്യം എന്നതാണ് അവൻ അതനുസരിക്കാനുള്ള കാരണം . മറ്റൊരു മകൻ അവന് കാര്യം ബോധ്യമായത് മാത്രമെ അനുസരിക്കുകയുള്ളു ആരോടായിരിക്കും നിങ്ങൾക്കിഷ്ടം ?. ഉമ്മയോ ഉപ്പയോ നിർദ്ദേശിച്ച ഒരു കാര്യം എന്ന നിലയിൽ അനുസരിച്ച മകനോട് തന്നെയായിരിക്കും. ഈ സ്നേഹം തന്ന പടച്ചവന് അവന്റെ അടിമകളോടുള്ള സ്നേഹവും മറിച്ചു ചിന്തിക്കേണ്ടതില്ല. അർത്ഥവും ഉൾപൊരുളും യുക്തിയും ബോധ്യപ്പെട്ടതുമാത്രമെ ചെയ്യുകയുള്ളു എന്ന് ചിന്തിക്കുന്നവർ അർത്ഥം നഷ്ടപ്പെട്ടവനായി ആ പുണ്യ ഭൂമിയിൽ ഉഴലും. അത് കൊണ്ടായിരിക്കണം മുമ്പൊരാൾ ഹജ്ജ് കഴിഞ്ഞ് തിരിച്ചു വന്ന് പറഞ്ഞു പോൽ 'എന്ത് ഹജ്ജ്, ആ കാശിന് വല്ല യത്തീം കുട്ടികളെയെങ്കിലും കെട്ടിച്ചിരുന്നെങ്കിൽ വല്ലതും കിട്ടുമായിരുന്നു' യത്തീം കുട്ടികളെ കെട്ടിക്കുന്നതിന്റെ യുക്തി മനസ്സിലായവന് ഹജ്ജിന്റെ യുക്തി മനസ്സിലായില്ല. യുക്തി ബോധ്യമായില്ലെങ്കിലും അനുസരിക്കാൻ കടപ്പെട്ടവനാണ് ഞാൻ; ഇത് എന്നെ പടച്ച നാഥന്റെ ആജ്ഞയാണെന്നു ചിന്തിക്കാൻ അവന്റെ യുക്തിക്കു സാധിച്ചില്ല. ഇതോ ഏറ്റവും വലിയ യുക്തി രാഹിത്യവും. ഇവിടെ അല്ലാഹുവിനെ അനുസരിക്കുന്നവരും അല്ലാത്തവരും വഴിപിരിയുന്നു.

പവിത്രമായ കഅ്ബാലയം അല്ലാഹു അവന്റെ ഭുമിയിൽ

ഇബാദത്തിനുവേണ്ടി സ്ഥാപിച്ച ആദ്യഭവനം. അതെ, രാജാധിരാജനായ അല്ലാഹുവിന്റെ ഭവനം. ആ ഭവനം ലക്ഷ്യം വച്ചു നീങ്ങുന്നവൻ അല്ലാഹുവിനെ ലക്ഷ്യം വച്ച് നീങ്ങുന്നു, അല്ലാഹുവിനെ സന്ദർശിക്കുന്നു. ഈ ഭൗതിക ലോകത്ത് അല്ലാഹുവിന്റെ ഭവനം സന്ദർശിച്ചവൻ ഒരിക്കലും നാളെ അല്ലാഹുവിനെക്കാണാതിരിക്കില്ല. ഈ നശ്വര ലോകത്ത് അല്ലാഹുവിനെക്കാണാൻ മാത്രമുള്ള ശക്തി മനുഷ്യന്റെ കണ്ണിനില്ല. ഇത് പരിവർത്തനത്തിന്റെ ലോകം, നാശത്തിന്റെയും. സാധാകണ്ണുകൾക്ക് ഈ ലോകത്ത് ആ പ്രഭ ഏറ്റുവാങ്ങാൻ കഴിയില്ല. ഈ ബലഹീനതയിൽ നിന്ന് അടിമ പാടമുൾക്കൊള്ളണം, അവന്റെ കഅ്ബാലയത്തിലേക്ക് നോക്കിയിരുന്ന് അവന്റെ റബ്ബിനെക്കാണാൻ കണ്ണിനെ പാകപ്പെടുത്തണം. പതിനാലാം രാവിന്റെ അന്ന് പൂർണ ചന്ദ്രനെകാണുംപോലെ സ്പഷ്ടമായും വ്യക്തമായും ഉന്തും തള്ളുമില്ലാതെ നിങ്ങൾക്ക് നിങ്ങളുടെ റബ്ബിനെക്കാണാം എന്ന തിരുവചനം കഅ്ബയിലേക്ക് നോക്കി നാം ആസ്വദിക്കുകയാണ്. തന്നിലേക്ക് ഏറ്റവും ഇഷ്ടമുള്ള ഒരു വസ്തുവിനെ കാണാൻ കൊതിക്കുന്നവൻ ആ വസ്തുവുമായി ബന്ധപ്പെട്ടിതിനെയൊക്കെ കാണാൻ കൊതിക്കും. ഭൗതിക ലോകത്ത് ചിന്തിച്ചുനോക്കുക ഒരാളെ നാം ഇഷ്ടപ്പെട്ടാൽ അദ്ധേഹത്തിന്റെ വസ്ത്രത്തോട് ഇഷ്ടമായിരിക്കും,, വാഹനത്തോടിഷ്ടമായിരിക്കും, വീടിനോടിഷ്ടമായിരിക്കും, മക്കളോടിഷ്ടമായിരിക്കും. തീർച്ച അല്ലാഹുവിനെക്കാണാൻ കൊതിക്കുന്നവൻ അല്ലാഹുവിന്റെ ഭവനത്തെ ആർത്തിയോടെ നോക്കിയിരിക്കും.

എല്ലാ പള്ളികളും അല്ലാഹുവിന്റെ ഭവനമെങ്കിലും അല്ലാഹുവിലേക്ക് ചേർത്തിപ്പറഞ്ഞ ഭവനം 'റബ്ബുൽ ബൈത്ത്' എന്നു പറഞ്ഞത് കഅ്ബയെ സംബന്ധിച്ചാണ്. അതിനോട് മുഅ്മിനിന്റെ പ്രേമം വർദ്ധിച്ചതുകൊണ്ട് പ്രേമിക്കുന്ന വസ്തുവിനെ നോക്കികൊണ്ടിരിക്കും . കഅ്ബയെ നോക്കികൊണ്ടിരിക്കുന്നവന് അല്ലാഹു നൽകുന്നത് 20 കാരുണ്യങ്ങളാണ്. കഅ്ബയുടെ സമീപത്ത് വർഷിക്കുന്ന കാരുണ്യം 120 ആണ്, അറുപത് കാരുണ്യം ത്വവാഫ്ചെയ്യുന്നവർക്കും 40 നിസ്കരിക്കുന്നവർക്കും 20 കാരുണ്യം നോക്കുന്നവർക്കുമാണ്. തന്റെ സ്വദേശത്തോടും കുടുംബത്തോടും വേർപിരിഞ്ഞ് വിചാരങ്ങളെയും വികാരാങ്ങളെയും ജീവിതസൗകര്യങ്ങളെയും വെടിഞ്ഞ്. എല്ലാം ത്യജിച്ച് അവൻയാത്രയാകുന്നു അല്ലാഹുവിന്റെ കഅ്ബകാണാൻ, അല്ലാഹുവിനെക്കാണാൻ. ഇവിടെ ലോകമാന്യത്തിനും പ്രശസ്തിക്കും പഴുതുകൊടുക്കരുത്. കഅ്ബയുടെ തിരുമുറ്റത്തെത്തിയവൻ ശരീരം മാത്രം കഅ്ബയിലേക്കും മനസ്സ് ലോകരിലേക്കും എന്തൊരു വിരോധാഭാസമാണ്.

ലോകമാന്യത്തിന്റെ മുഴുവൻ പഴുതുകളും കൊട്ടിയടച്ച് അല്ലാഹുവിലേക്ക് മാത്രം തരിയാൻ ഈ സമയം ഉപയോഗപ്പെടുത്തണം. ഇത്രയൊന്നും പ്രയാസപ്പെടാതെ തന്നെ പേരും പ്രശസ്തിയുമുണ്ടാക്കാൻ എത്ര മാർഗങ്ങളുണ്ട്. ബഹുമാനിക്കപ്പെടുന്ന ഒരുവന്റെ മുമ്പിൽ ചെന്ന് അവനിൽ നിന്ന് നോട്ടം തെറ്റിച്ച് മറ്റൊരാളോട് സംസാരിക്കുകയും മറ്റൊരുഭാഗത്തേക്ക് നോക്കുകയും ചെയ്യുന്നവൻ എത്ര നിന്ദ്യനാണ്. ഹൃദയത്തിന്റെ കട്ടുനോട്ടത്തെ അറിയുന്ന രാജധനായ അല്ലാഹുവിന്റെ മുമ്പിൽ മറ്റൊരു വിഷയത്തിലേക്ക് ചിന്തിക്കുന്നതും അല്ലാഹുവിനെ വിട്ട് ലോകമാന്യത്തെയും പേരിനെയും പ്രശസ്തിയെയും ആഗ്രഹിക്കുന്നതും അവന് എത്ര കോപമായിരിക്കും. നല്ല നീയ്യത്തുള്ളവൻ സഹിക്കുന്ന സാഹസങ്ങളൊക്കെയും പേരും പ്രശസ്ഥിയും ആഗ്രഹിക്കുന്നവനും സഹിക്കണം. വിലമതിക്കാത്ത ഒരു പദവി കളഞ്ഞ് കുളിച്ച് എന്തിനാണ് ഇത്രയും മോശമായ ഒരു വിഷയത്തെ പുണരുന്നത്.

അല്ലാഹുവിനോടും അടിമകളോടുമുള്ള കടപ്പാടുകൾ തീർത്തുകൊണ്ടായിരിക്കണം കഅ്ബകാണാൻ ഒരുങ്ങുന്നത്. ചെയ്തു പോയ പാപങ്ങളിൽ നിന്ന് ഖേദിച്ച് പേടിച്ചു മടങ്ങുകയും പരിപൂർണമായും കുറ്റമുക്തമാവുകയും ഇനി ഒരു തെറ്റിലേക്കും മടങ്ങുകയില്ലെന്ന് ശപഥം ചെയ്തുകെണ്ടുമുള്ള അല്ലാഹുവിലേക്കുള്ള മടക്കമാണല്ലോ തൗബ. യാത്ര പുറപ്പെടുന്നതിന്റെ മുമ്പ് ഒരു തൗബ ആവശ്യമാണ്. അറിഞ്ഞോ അറിയാതയോ വരുന്ന പലിശ ഇടപാടുകൾ, സാമ്പത്തിക ക്രമക്കേടുകൾ തുടങ്ങി എല്ലാറ്റിനെ സംബന്ധിച്ചും ഒരു പരിശോധന ആവശ്യമാണ്. അല്ലാഹുവിനെ സന്ദർശിക്കൽ പൂർണമാകണമെങ്കിൽ അല്ലാഹുവിനോടും അവന്റെ അടിമകളോടുമുള്ള കടപ്പാടുകൾ പരിപൂർണമായും വീട്ടിയവനായിരിക്കണം. ഏറ്റവും ചുരുക്കം പറ്റിപ്പോയി, എന്ന മാനസികാവസ്ഥയെങ്കിലും ആവശ്യമുണ്ട്. പ്രത്യക്ഷമുഖം കൊണ്ട് കഅ്ബിയലേക്ക് മുന്നിടും പോലെത്തന്നെ ഖൽബ് കൊണ്ടും കഅ്ബയിലേക്ക് മുന്നിടേണ്ടതുണ്ട്. അല്ലാഹുവുമായുള്ള കടപ്പാടുകളിൽ വിള്ളൽ വീഴ്ത്തിയിട്ടുണ്ടോ എന്ന് നമുക്കേ അറിയൂ. നാട്ടുകാരും വീട്ടുകാരും കയ്യൊപ്പുചാർത്തിയത് നമ്മുടെ പ്രത്യക്ഷ പ്രകടനങ്ങൾ കണ്ടുകൊണ്ടാണ്. രഹസ്യ സാമ്രാജ്യമായ ഖൽബിനോട് നമ്മെ സംബന്ധിച്ചു ചോദിച്ചാൽ ആ ഖൽബിന് നല്ല ഉത്തരം പറയാൻ സാധ്യമല്ലങ്കിൽ ഈ കാലമാത്രയും നമ്മുടെ രഹസ്യം സൂക്ഷിച്ച് അഭിമാനം കാത്ത പടച്ചവനോട് നമുക്ക് രഹസ്യമായത് പറഞ്ഞ് തീർക്കാം. അല്ലാഹു ദയാവാരിതിയാണ്. അല്ലാഹുവിനെക്കാൾ ദയാവാരിതിയായ ആരുമില്ല. ഇത്രയും കാലം അല്ലാഹു കൽപ്പിച്ച വിഷയങ്ങളിൽ അപാകത

കാണിക്കുകയും വിരോധിച്ച വിഷയങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ട് അല്ലാഹു നമ്മെ മാനം കെടുത്തിയില്ലല്ലോ. അറഫ മരുഭൂമിയിലെ ഒരു പ്രാർത്ഥന തന്നെ ഇങ്ങനെയാണ്. 'അല്ലാഹുവേ ഞങ്ങൾ ചെയ്ത തെറ്റുകളും മോശത്തരങ്ങളും ഈ ദുനിയാവിൽ ഒളിപ്പിച്ച് ഞങ്ങളുടെ അഭിമാനം നീ കാത്തു. ഈ അഭിമാന സംരക്ഷണം ഞങ്ങൾക്ക് കൂടുതലാവശ്യമുള്ളത് നാളെ പരലോകത്താണ് അവിടെയും ഞങ്ങളുടെ മാനം കാക്കണം അല്ലാഹ്.'

അടിമകളോടുള്ള കടപ്പാടുകൾ പറഞ്ഞു തീർക്കാനും കൊടുത്തു തീർക്കാനും പറ്റിയ ജീവിതത്തിലെ ഏറ്റവും വലിയ സുവർണാവസരമാണ് ഹജ്ജ് യാത്ര. നമ്മൾക്കിതെല്ലാം ഒന്ന് പറഞ്ഞ് തീർക്കണ്ടേ. ഇതിനേക്കാളും വലിയൊരു അവസരം ഇനി ലഭിക്കില്ല. ഇടപ്പെട്ട മേഖലകളിലെ കൂട്ടുകാരോടും അയൽക്കാരോടും നമുക്കൊന്ന് നടന്ന് പൊരുത്തപ്പെടീക്കാം. അടിമകളോടുള്ള കടപ്പാടുകൾ ഒരു വലിയ വിഷയമാണ് അല്ലാഹു പടച്ച പടപ്പുകളെ വേദനിപ്പിക്കുന്നത് അല്ലാഹുവിന് വലിയ ദേഷ്യമാണ്. വേദനയേറ്റുവാങ്ങിയവന്റെ മനസ്സിൽ നിന്ന് വേദന നീങ്ങിപ്പോകൽ മാത്രമെ ഇതിന് മാർഗമൊള്ളൂ. പറഞ്ഞതും ചെയ്തതുമായ ഓരോ കാര്യങ്ങളും പറഞ്ഞ് പൊരുത്തപ്പെടീക്കണമെന്നതാണ് പണ്ഡിത മതം. അതിനു സാധ്യമല്ലങ്കിൽ മൊത്തത്തിൽ അവന്റെ മനസ്സിന്റെ പൊരുത്തം വാങ്ങാനെങ്കിലും വഴികൾ കണ്ടെത്തണം. ഇടപാടുകൾ കൊടുത്ത് തീർക്കാൻ സാധിച്ചില്ലെങ്കിൽ അവധി വച്ച് പറഞ്ഞു നിർത്തുകയെങ്കിലും വേണം. ഇടപാടുകൾ നൽകാനുണ്ട് പക്ഷെ നൽകേണ്ട ആളെ അറിയില്ല എങ്കിൽ അത്രയും രൂപ സ്വദഖ ചെയ്ത് അതിന്റെ പ്രതിഫലം യഥാർത്ഥ അവകാശികൾക്ക് ലഭിക്കാൻ വേണ്ടി ദുആ ചെയ്യണം. തന്റെ രാജ്യത്തോടുള്ള ബന്ധങ്ങളെ പരിപൂർണമായും വിഛേദിക്കണം. ഇനി ഞാൻ തിരിച്ച് വരില്ലെന്ന മാനസികാവസ്ഥയിലായിരിക്കണം യാത്ര തിരിക്കേണ്ടത്. മക്കളോടും കുടുംബത്തോടും വസിയ്യത്ത് എഴുതി ഏൽപ്പിക്കണം. ആഖിറത്തിലേക്കുള്ള യാത്രക്കുവേണ്ടി എല്ലാ ബന്ധങ്ങളും വിഛേദിക്കുന്നുവെന്ന് കരുതണം. ആഖിറത്തിലേക്കുള്ള യാത്ര സുനിശ്ചിതമാണ്. യാഥാർത്ഥ്യമായുമത് സംഭവിക്കും. ലോകത്താർക്കും അതിൽ അഭിപ്രായാന്തരമില്ല. ഇപ്പോൾ ഒരുങ്ങിയ യാത്ര പരിപൂർണമായി കലാശിക്കുമോ എന്ന ആശങ്കിയിലാണ്. ഉറപ്പുള്ള യാത്ര ചിന്തിക്കാതിരിക്കുകയും സംശയുള്ള യാത്രക്ക് സജ്ജീകരിക്കുകയും ചെയ്യൽ എത്ര മൗഢ്യമാണ്.

തെറ്റുചെയ്ത അടിമ സഫാമർവയുടെ ഇടയിൽ അങ്ങുമിങ്ങും

ഓടി നടക്കുകയാണ് ഒന്നാം തവണ എന്നെ പരിഗണിച്ചില്ലെങ്കിലും പിന്നീടുള്ളതിൽ എന്നെ പരിഗണിക്കാതിരിക്കുമോ . കഅ്ബയിൽ നിന്ന് നോക്കിയാൽ മസ്അയിലേക്ക് കാണാം തെറ്റ് ചെയ്ത തൊഴിലാളി മുതലാളിയുടെ ഓഫീസിനു മുമ്പിൽ അലക്ഷ്യമായി കറങ്ങുന്നതുപോലെ നാഥന്റെ മുമ്പിൽ സഅ്യ് ചെയ്യുന്നവൻ അലഞ്ഞു തരിരിയുകയാണ്. എപ്പോഴെങ്കിലും എന്നെ വിളിക്കാതരിക്കില്ല. എന്റെ അല്ലാഹുവിനോട് ഞാനെത്ര തെറ്റ് ചെയ്താലും എന്നോട് കൃഫ കാണിക്കും . എന്റെ റബ്ബിന്റെ കാരുണ്യം എല്ലാ വസ്തുക്കളെയും ഉൾക്കാള്ളാൻ വിശാലമാണ്. എന്റെ റബ്ബിന്റെ കോപം കാരുണ്യം അതിജയിച്ചിരിക്കുന്നു. ഖിയാമാത്തിന്റെ ഭയാനകമായ നാളിൽ മീസാന്റെ തട്ടിന്റെ ഭാരം കൂടിയോ എന്ന് ഓടി നടന്നന്വേഷിക്കുകയാണ്. സഅ്യ് ചെയ്യുന്നവൻ തന്റെ തിന്മ യുടെ തുലാസിന്റെ അവസ്ഥ അറിയാൻ മർവയിലേക്കും നന്മയുടെ തുലാ സിന്റെ അവസ്ഥ അറിയാൻ സഫയിലേക്കും ഓടുന്നു. അതെ ഒരാളും മറ്റൊരാളെ ശ്രദ്ധിക്കാത്ത നന്മ തിന്മകളെ വേർത്തിരിക്കുന്ന ഘട്ടത്തെ ഓർത്തെടുക്കാൻ സഫാമർവയെ അവൻ ഉപയോഗപ്പെടുത്തേണ്ടതാണ്.

## ഹൃദയസമർപ്പണം

ശരീരവും ആത്മാവും الله വിന്റെ മുമ്പിൽ സമർപ്പിക്കലാണ് ഹജ്ജ്. സ്രഷ്ടാവിന്റെ മുമ്പിൽ അടിമത്തം സമ്മതിക്കലും ദൗർബല്യം അറിയി ക്കലുമാണിത്.നബി ﷺ ഹജ്ജ് വേളയിൽ ഇങ്ങനെ ചൊല്ലിയിരുന്നു. حقا تعبدا ورقا لبيك بحجة

ഞാൻ എന്റെ അടിമത്തം പൂർണമായും സമ്മതിക്കുന്നു.ഹജ്ജ് ചെയ്യുന്ന തവൻ സ്രഷ്ടാവിന്റ ഏത് ആജ്ഞയും നിറവേറ്റാൻ സന്നദ്ധരായിരക്ക ണം.അവൻ കല്ലെടുക്കാൻ പറഞ്ഞാൽ കല്ലെടുക്കുകയും ഓടാൻ നിർദ്ദേ ശിച്ചാൽ ഓടുകയും നടക്കാൻ കൽപിച്ചാൽ നടക്കുകയും വേണം.دمائها لن ينال الله لحومهاولا

ولكن يناله التقوى منكم അറവ് മൃഗത്തിന്റ മാംസമോ രക്തമോ നിശ്ചയം الله വിൽ എത്തുകയില്ല.നിങ്ങളുടെ ഹൃദയ ശുദ്ധിയും അർപ്പണവുമാണ് അവനി ലേക്ക് എത്തുന്നത്.(വി.ഖു)

ഹൃദയ സമർപ്പണമാണ് ഹജ്ജിന്റെ പ്രധാന ലക്ഷ്യമെങ്കിലും മറ്റ നേകം രഹസ്യങ്ങളും ഹജ്ജിന്റെ കർമങ്ങളിൽ അടങ്ങിയിട്ടുണ്ട്.ഭൗതിക മായ ആഡംബരങ്ങളും ദേഹേഛകളും ഒഴിവാക്കി മുഴു സമയം ദൈവാ രാധനക്കായി മലമുകളിൽ പോയി ഏകാന്തവാസം അനുഷ്ടിച്ച വരായി രുന്നു പൂർവ്വിക സമുദായങ്ങളിലെ ദാർശനികർ.ഇവരെക്കുറിച്ച് വിശുദ്ധ ഖുർആൻ പ്രശംസിച്ചിട്ടുണ്ട്.എന്നാൽ പിൽകാല ജനത ഇതിൽ നിന്ന് വ്യതി

ചലിച്ചു.അപ്പോൾ അവരെ മാർഗ ദർശനം ചെയ്യാൻ മുഹമ്മദ് നബി ﷺയെ ﷲ നിയോഗിച്ചു.മറ്റു മതസ്തർ നബിﷺയോട് തന്റെ മതത്തിലെ സന്യാസ ജീവിതത്തെയും ഏകാന്തവാസത്തെയും പറ്റി ചോദിച്ചപ്പോൾ നബി ﷺ പറഞ്ഞു. അവയ്ക്കു പകരം യുദ്ധവും ഹജ്ജുമാണ് നിശ്ചയിച്ചിരിക്കുന്നത്.

## പൂർവ്വപ്രവാചകന്മാരെ സ്മരിക്കൽ

മുൻകഴിഞ്ഞുപോയ പ്രവാചകന്മാരെ അനുസ്മരിക്കലും ഹജ്ജിലൂടെ കരസ്തമാവുന്നു.ഇബ്റാഹീമി കുടുംബത്തിന്റെ സ്മരണ നില നിർത്തു ന്നതാണ് ഹജ്ജ്.ഹജ്ജിന്റെ മിക്ക കർമങ്ങളും ഹസ്രത്ത് ഇബ്റാഹീം നബി عليه السلام ഭാര്യ ഹാജറ رضي الله عنها യുടെയും പുത്രൻ ഇസ്മാഈൽ നബി عليه السلام ന്റെയും ത്യാഗോജ്വലമായ ജീവിത പശ്ചാത്തലവുമായി ബന്ധപ്പെട്ടതാണ്. വിശുദ്ധ ഹറമിൽ സ്ഥിതി ചെയ്യുന്ന ഇബ്റാഹീം മഖാമും ഹിജ്റ് ഇസ്മാ ഈലും ഇതിന്റെ പ്രതീകങ്ങളാണ്.

ഇസ്മാഈൽ നബി عليه السلام കുട്ടിയായിരുന്നപ്പോൾ പുത്രനെ ബലി നൽകാൻ പിതാവായ ഇബ്റാഹീം നബി عليه السلام നോട് ﷲ ആജ്ഞാപിച്ചു. ഇബ്റാഹീം നബി عليه السلام ദിവ്യ കൽപന നിറവേറ്റാൻ സന്നദ്ധനായി.പുത്ര നെയും കൂട്ടി വിജനമായ സ്ഥലത്ത് ചെന്ന് ബലിക്ക് വേണ്ട ഒരുക്കങ്ങൾ തുടങ്ങി.അപ്പോൾ ﷲ വിന്റെ ആജ്ഞയുണ്ടായി.ഇബ്റാഹിം!കുഞ്ഞിന് പകരം ഒരാടിനെ നീ ബലി കഴിക്കുക. ഇബ്റാഹിം നബി عليه السلام സന്തുഷ്ട നായി.

യഥാർത്ഥത്തിൽ ഇവിടെ പുത്ര ബലിയായിരുന്നില്ല ലക്ഷ്യം മറിച്ച് ﷲ വിന്റെ ഒരു പരീക്ഷണമായിരുന്നു.വളരെയധികം മോഹിച്ച് കിട്ടിയ സന്താനത്തെ ദൈവ പ്രീതിക്കായി സമർപ്പിക്കാൻ ഇബ്റാഹീം നബി عليه السلامഉം ഹാജറബീവി رضي الله عنها യും തയ്യാറാണോ എന്ന് സ്രഷ്ടാവായ ﷲ അവരെ പരീക്ഷിക്കുകയായിരുന്നു. പരീക്ഷണത്തിൽ അവർ വിജയം കൈവരിച്ചു. ഹാജിമാർ പ്രത്യേകം സ്മരിക്കേണ്ട ഒന്നാണ് ഇബ്രാഹീമി കുടുംബത്തിന്റെ ഈ അർപ്പണ ബോധം.

## പരസ്യാരാധന

യുദ്ധം പോലെ പരസ്യമായ ആരാധനയാണ് ഹജ്ജ്.ഹജ്ജല്ലാത്ത മറ്റാരാധനകളെല്ലാം രഹസ്യമായി ചെയ്യാൻ സാധിക്കുന്നവയാണ്.എന്നാൽ ഹജ്ജ് പരസ്യമായി മാത്രമേ ചെയ്യാൻ കഴിയൂ. ആരും കാണാതെ ഒറ്റക്ക് നിസ്കരിക്കാം,നോമ്പനോൽക്കാം,സകാത്തും രഹസ്യമായി നൽകാം. പര സ്യമായി നിർവഹിക്കാം എന്നല്ല പരസ്യമാക്കലാണ് അഭികാമ്യം. എങ്കിൽ ഹജ്ജ് അങ്ങനെയല്ല.അതിലെ ഓരോ കർമങ്ങളും പരസ്യമാണ്.ത്വവാഫ്,സ

അ്യ്,കല്ലേറ്,അറഫ,ബലി തുടങ്ങിയ ഹജ്ജിന്റെ കർമങ്ങളെല്ലാം പരസ്യ മായി നിർവഹിക്കുന്നവയാണ്.എങ്കിലും ഹജ്ജിന്റെ കാതലായ വശം മന സ്സാന്നിധ്യമാണല്ലോ. അത് പരമ രഹസ്യവുമാണ്.

ഹജ്ജ് ചെയ്യുന്നവന്റെ ആത്മാർത്ഥതയും നിഷ്കളങ്കതയും ﷲ വിന് മാത്രം അറിയുന്നതാണ്. കാരണം അത് ഹൃദയത്തിലാണ്.പരിശുദ്ധമന സ്സിന്റെ ഉടമകൾക്ക് മാത്രമേ അന്ത്യനാളിൽ രക്ഷ നേടാനാവൂ.എന്ന് നബി ﷺ നമ്മെ പടിപ്പിച്ചിട്ടുണ്ട്.ഹജ്ജ് സ്വീകരിക്കപ്പെടണമെങ്കിൽ ഹൃദയ ശുദ്ധി ആവശ്യമാണ്.അത് കൊണ്ട് ആത്മാർത്ഥത കൈവെടിയാതിരിക്കുക.

## സംഖ്യാശാസ്ത്രം

അറബീ സംഖ്യാശാസ്ത്ര(അബ്ജദ്)പ്രകാരം ഹജ്ജ് എന്ന പദത്തിലെ അക്ഷരങ്ങളുടെ തുക പതിനൊന്നാണ്.ഇസ്ലാം കാര്യങ്ങളും ഈമാൻ കാര്യങ്ങളും മൊത്തം പതിനൊന്നാണല്ലോ. അഞ്ച് ഇസ്ലാം കാര്യങ്ങളും ആറ് ഈമാൻ കാര്യങ്ങളും അഥവാ ഇവ രണ്ടിന്റെയും ആകത്തുകയാണ് ഹജ്ജ്.

ഇസ്ലാം കാര്യങ്ങളിൽ ആദ്യത്തേത് ദൃഢമായ വിശ്വാസമാണ്.ഹജ്ജിന്റെ മുഖ്യമായ വിഷയവും അത് തന്നെയാണ്.ഹജ്ജിൽ മനസ്സിന്റെ പ്രാധാന്യം മുമ്പ് വിവരിച്ചുവല്ലോ.രണ്ടാമത്തേത് നിസ്കാരമാണ്. ത്വവാഫിന് ശേഷ മുള്ള നിസ്കാരം ശാഫീ മദ്ഹബിൽ സുന്നത്തും ഹനഫീ മദ്ഹബിൽ വാജിബുമാണ്.അതിനാൽ നിസ്കാരവും ഹജ്ജിൽ ഉൾപെടുന്നു.

മറ്റൊന്ന് നോമ്പാണ് ഹജ്ജിൽ വല്ല അപാകതയും സംഭവിച്ചാൽ പ്രായശ്ചിത്തമായി വ്രത മനുഷ്ടിക്കണം അതിനാൽ നോമ്പും ഹജ്ജിൽ ഉൾപെട്ടു.ഹജ്ജിലുണ്ടാകുന്ന ഫിദ്യയും മറ്റു ദാനധർമങ്ങളും സകാതിനെ അനുസ്മരിപ്പിക്കുന്നു.

## ഈമാൻ കാര്യങ്ങൾ

ഈമാൻ കാര്യങ്ങളിൽ ആദ്യത്തേത് ﷲ വിലുള്ള വിശ്വാസമാണ്. ﷲ വിന്റെ ആജ്ഞ പ്രകാരം ഹജ്ജിനെത്തുന്നവർ ഈ വിശ്വാസത്തെ സുദൃ ഢമാക്കിയവരാണ്.

ഹജ്ജിന്റെ സന്ദേശം നമ്മെ പഠിപ്പിച്ച റസൂലുള്ളാഹി ﷺ യും ഹജ്ജിലെ പ്രധാന കണ്ണികളായ ഇബ്റാഹിം നബി عليه السلام മും ഇസ്മാഈൽ നബി عليه السلام മും തുടങ്ങിയ മുഴുവൻ പ്രവാചകന്മാരും ഹജ്ജിൽ സ്മരിക്ക പ്പെടുന്നു.പ്രവാചകന്മാരിലുള്ള വിശ്വാസം ഇവിടെ ഊട്ടിയുറപ്പിക്കപ്പെടു ന്നു.

ഇബ്റാഹീം നബി عليه السلام കഅ്ബ പണിതതും ഹജ്ജിന് ആളുകളെ വിളിച്ചതും ഖുർആൻ പറയുന്നു.മുൻ കാല പ്രവാചകന്മാരുടെ ഹജ്ജു

കളെപ്പറ്റി അവരുടെ വേദ ഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.ഖുർആനിനെയും മറ്റു കിതാബുകളെയും ഏടുകളെയും വിശ്വസിക്കൽ സത്യവിശ്വാസിയുടെ കടമയാണ് ഇതും ഹജ്ജിലൂടെ ലഭിക്കുന്നു.കഅ്ബ ആദ്യമായി പണിതത് മലക്കുകളാണ്.ജിബ്‌രീൽ ﷺ ആണ് ഹജ്ജിന്റെ സന്ദേശം ﷲ വിൽ നിന്ന് നബി ﷺ യിലേക്ക് എത്തിച്ച് കൊടുത്തത്.ഇവ മനസ്സിലാക്കിയാൽ മലക്കുകളെ ക്കുറിച്ചുള്ള വിശ്വാസവും ഹജ്ജിൽ പ്രകടമാകുന്നു.

ഹജ്ജിൽ സന്തോഷകരവും വിഷമകരവുമായ അവസ്ഥകൾ ഉണ്ടാകാം.അപ്പോൾ അവ ﷲ വിന്റെ മുൻ വിധി പ്രകാരമാണെന്ന് വിശ്വസിക്കുകയാണ് വേണ്ടത്.ഖദ്റിലുള്ള വിശ്വാസത്തിന്റെ മാറ്റൊലിയാണിത്. ഹജ്ജ് അന്ത്യനാളിനെഓർമിപ്പിക്കുന്നു.അറഫാ സംഗമം മഹ്ശറയിലെ ജനസഞ്ചയതത്തെ പ്രതിനിധാനം ചെയ്യുന്നു ഇങ്ങനെ ഇസ്‌ലാം കാര്യങ്ങളും ഈമാൻ കാര്യങ്ങളും മുഴുവൻ ഹജ്ജിൽ ഒളിഞ്ഞ് കിടക്കുന്നു.

## ഹജ്ജിന് വേ സാമ്പത്തികം

ആരോഗ്യവും സമ്പത്തും യാത്രാസൗകര്യങ്ങളും ലഭ്യമായ പ്രായപൂർത്തിയായ എല്ലാവർക്കും ഹജ്ജും ഉംറയും നിർബന്ധമാണ്.തന്റെയും തന്റെ ആശ്രിതരുടെയും ഭക്ഷണം,വസ്ത്രം,താമസം എന്നീ ചെലവുകൾ കഴിച്ച് ബാക്കി ഹജ്ജിന് മതിയായ സമ്പത്തുണ്ടെങ്കിൽ ഹജ്ജ് നിർബന്ധമാണ്.

അനുയോജ്യമായ വീട് കഴിച്ച് ഇരുപതിനായിരം രൂപ സെന്റിന് വില മതിക്കുന്ന അഞ്ച് സെന്റ് ഭൂമി ഒരാൾക്കുണ്ടെങ്കിൽ അവൻ ഹജ്ജ് ചെയ്യാൻ ബാധ്യസ്തനാണ്.കാരണം ഇന്നത്തെ സാഹചര്യത്തിൽ അറുപതിനായിരത്തിനും എഴുപതിനായിരത്തിനും ഇടയിൽ പണമുണ്ടായാൽ ഒരാൾക്ക് സുഖമായി ഹജ്ജ് ചെയ്ത് തിരിച്ചുവരാം.അഞ്ച് സെന്റ് ഭൂമിയുടെ വിലയായ ഒരു ലക്ഷം രൂപയിൽ നിന്ന് കുടുംബാവശ്യങ്ങൾക്ക് മുപ്പതിനായിരം രൂപമതിയാകുമല്ലോ.ഈ വസ്തുത മനസ്സിലാകാതെ എത്രയാളുകളാണ് ഹജ്ജിനെ തൊട്ട് അശ്രദ്ധരായി കഴിയുന്നത്.ഹജ്ജിന് കഴിവുണ്ടായിട്ടും ഹജ്ജ് നിർവഹിക്കാതെ മരണപ്പെടുന്നവർ ജൂതനോ,നസ്രാനിയോ ആയി മരിച്ച് കൊള്ളട്ടെ എന്ന നബി വചനം ഇതിന്റെ ഗൗരവം വിളിച്ചറിയിക്കുന്നു.

കഴിവുണ്ടായാലുടനെ ഹജ്ജ് ചെയ്യണമെന്ന് നിർബന്ധമില്ല.എങ്കിലും ഭാവിയിൽ ഹജ്ജിന് സാഹചര്യവും ആരോഗ്യവും കഴിവും ഉണ്ടാകുമെന്ന ധാരണ അവനാവശ്യമാണ്.ഹജ്ജിന് കഴിവുണ്ടായിട്ടും ഹജ്ജ് ചെയ്യാതെ മരണപ്പെടുകയാണെങ്കിൽ അവൻ കുറ്റക്കാരനായിത്തീരും.ഹജ്ജിൽ വീഴ്ച വരുത്തിയതാണ് അതിന് കാരണം.

## ആത്മാവിന്റെ വിഹിതം

الله അടിമകളുടെ മേൽ നിർബന്ധമാക്കിയ വിഷയങ്ങളിലെല്ലാം ശരീരത്തിനും ആത്മാവിനും ചില ധർമങ്ങളുണ്ട്.الله വിന്റെ ആജ്ഞകൾ പൂർണമായും അനുസരിച്ചവനാകണമെങ്കിൽ ഇവ രണ്ടും നിറവേറ്റണം.ശരീരത്തിനുള്ളത് ശരീരത്തിനും ആത്മാവിനുള്ളത് ആത്മാവിനും.ആത്മാവില്ലാത്ത ശരീരം നിർജീവമാകുന്നത് പോലെ ആത്മാർത്ഥതയില്ലാത്ത ഇബാദത്തും നിശ്ഫലമായിരിക്കും. ഇഖ്ലാസ് അഥവാ ആത്മാർത്ഥതയാണ് ആത്മാവിന്റെ ഓഹരി.

ശരീരത്തെ ചലനവിധേയമാക്കൽ ശരീരത്തിന്റെ ധർമവും സ്രഷ്ടാവായ الله വിനെക്കുറിച്ചുള്ള സ്മരണ ഹൃദയത്തിൽ നില നിർത്തൽ ആത്മാവിന്റെ ധർമവുമാണ്.അപ്പോഴാണ് ആത്മാർത്ഥത കൈവരുന്നത്.നമ്മുടെ ആത്മാവ് കുടി കൊള്ളുന്ന ശരീരത്തെ മക്കയിലേക്ക് പാലായനം ചെയ്യിക്കൽ ഹജ്ജിന്റെ ബാഹ്യ വശവും ഭൗതിക ലോകത്ത് നിന്നും മലകൂത്തി ലോകത്തിലേക്കുള്ള ആത്മാവിന്റെ പ്രയാണം ഹജ്ജിന്റെ ആന്തരിക വശവുമാണ്. നാടും വീടും കുടുംബവും സമ്പത്തും കച്ചവടവും വിട്ട് الله വിന്റെ കഅ്ബ ലക്ഷ്യമാക്കി നീങ്ങുമ്പോൾ ഇവയെക്കുറിച്ചുള്ള ചിന്തകളും ഒഴിവാക്കണം.അപ്പോൾ അവന്റെ ദേഹവും ദേഹിയും മാത്രമായി.من عرف نفسه فقد عرف ربه ആരെങ്കിലും സ്വശരീരത്തെ അറിഞ്ഞാൽ അവൻ അവന്റെ നാഥനെ അറിഞ്ഞു എന്ന തിരുവചനം ശ്രദ്ധേയമാണ്.

## ദോഷമുക്തി

ഹജ്ജ് ശരീരത്തോടുള്ള യുദ്ധവും ദോഷത്തിൽ നിന്ന് മുക്തി തേടലുമാണ്.സ്വീകാര്യമായ ഹജ്ജ് ചെയ്തവൻ നിഷ്കളങ്കനായ കുഞ്ഞിനെപ്പോലെ ദോഷമുക്തനായിത്തീരുന്നു.ശരീരത്തിന്റെ ദുരാഗ്രഹങ്ങളോട് ധീരമായി പോരാടുമ്പോൾ അവൻ ദോഷമുക്തി നേടുന്നു.

من حج هذا البيت فلم يرفث ولم يفسق خرج من ذنوبه يوم ولدته امه

അനാവശ്യ സംസാരങ്ങളിൽ നിന്നും തിന്മകളിൽ നിന്നും ഒഴിവായി കഅ്ബയിൽ പോയി ഹജ്ജ് ചെയ്തവൻ ഉമ്മ പ്രസവിച്ച ദിനം പോലെ ദോഷത്തിൽ നിന്ന്പരിശുദ്ധനാകും.ശരീരവും പിശാചും ദുർബോധങ്ങൾക്ക് മാത്രമാണ് കൂട്ടുനിൽക്കുന്നത്.പരിശുദ്ധ ആത്മാവ് കൊണ്ട് പടച്ചട്ട അണിഞ്ഞ് ശരീരമാകുന്ന അക്രമിയോട് കൊലവിളി നടത്തി അവസാനം ആത്മാവ് വിജയത്തിന്റെ വെന്നിക്കൊടി പാറിക്കുന്നു,ശരീരം കീഴൊതുങ്ങുന്നു.ഹജ്ജ് സ്വീകാര്യമായിത്തീരുന്നു.അത് കൊണ്ടാണ് പൂർവ്വിക ജനതയുടെ സന്യാസത്തിനു പകരം മുസ്ലിം സമുദായത്തിന് ഹജ്ജ് നിർബന്ധമാക്കിയത്.അഥവാ ദോഷമുക്തി ആത്മ സംസ്കരണം എന്നിവ സന്യാ

സത്തിലൂടെ നേടിഎടുക്കാമെങ്കിൽ ഹജ്ജിലൂടെയും ഈ നേട്ടം പൂർവ്വോപരി സാധ്യമാകും.പക്ഷെ പ്രസ്തുത യുദ്ധം നിഷ്കളങ്കമായിരിക്കണം. ലോകമാന്യത്തിനും പ്രശസ്തിക്കും വേണ്ടിയാകരുത്. واتموا الحج والعمرة لله ഹജ്ജും ഉംറയും الله ന് വേണ്ടി പൂർത്തിക്കരിക്കുക.

നിസ്കാരം നോമ്പ് പോലുള്ള കർമങ്ങളിൽ الله വിന് വേണ്ടി എന്ന് പ്രത്യേകം പ്രയോഗിച്ചിട്ടില്ല.ഖുർആൻ പറയുന്നു. فلا رفث ولا فسوق ولاجدال في الحج ഹജ്ജിൽ അശ്ലീലമോ വാക്കേറ്റമോ വാഗ്വാദമോ ഇല്ല.അശ്ലീല ചിന്തക്കും തർക്കങ്ങൾക്കും മറ്റും ഹജ്ജിൽ സാഹചര്യം ഏറെയുണ്ട് എന്നതിലേക്കുള്ള സൂചനയാണ് പ്രസ്തുത സൂക്തം.അത് കൊണ്ട് അവയെ ത്തൊട്ട് കരുതിയിരിക്കാനുള്ള താക്കീതാണത്.

## ഭാഗധേയത്വം

ഉമ്മ പ്രസവിച്ച ദിനം പോലെ ദോഷത്തിൽ നിന്ന് ഒഴിവായ ഒരു വ്യക്തി അവന്റെ ശിഷ്ട ജീവിതത്തിലും ഈ നില തുടരേണ്ടതുണ്ട്.ഹജ്ജിന് ശേഷമുള്ള നല്ല മാറ്റങ്ങളാണ് ഹജ്ജ് സ്വീകരിച്ചു എന്നതിന്റെ ഏറ്റവും വലിയ നിദർശനം.അത് കൊണ്ടാണ് ഇസ്ലാമിന്റെ പഞ്ച സ്തംഭങ്ങളിൽ അവസാനത്തെതായ ഹജ്ജിന് നമ്മുടെ ഭാഗധേയം നിർണയിക്കുന്നതിൽ വലിയ പങ്കുണ്ട്.

നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും الله വിന്റെ തീരുമാന പ്രകാരമാണ്. അതിനെതിരായി ഒന്നും സംഭവിക്കുകയില്ല.എങ്കിലും ആ തീരുമാനങ്ങൾ മനസ്സിലാക്കാൻ ചില അടയാളങ്ങൾ الله നൽകിയിട്ടുണ്ട്.

واما من اعطى واتقى وصدق بالحسنى فسنيسره لليسرى واما من بخل واستغنىوكذب بالحسنى فسنيسره للعسرى

ആരെങ്കിലും അർഹമായത് നൽകുകയും സൂക്ഷ്മത പാലിക്കുകയും നന്മ വാസ്തവമാക്കുകയും ചെയ്താൽ നാം അവന് സ്വർഗത്തിലേക്ക് വഴി എളുപ്പമാക്കും.ആരെങ്കിലും ലുബ്ധത കാണിക്കുകയും നിരാശ്രയത്വം ചമയുകയും സത്യത്തെ നിഷേധിക്കുകയും ചെയ്താൽ നാം അവന് നരകത്തിലേക്ക് വഴി എളുപ്പമാക്കും.(വി:ഖു)

ഒരാളുടെ നല്ല നടപ്പും നല്ല ശീലങ്ങളും വിജയത്തിന്റെ അടയാളമായും അതിനെതിരായത് പരാജയത്തിന്റെ ലക്ഷണമായും കണക്കാക്കപ്പെടുന്നു.അത്കൊണ്ടാണ് ഹജ്ജിന്റെ സ്വീകാര്യതയുടെ അളവുകോൽ ഭാവി ജീവിതത്തിലെ ശുദ്ധതയാണെന്ന് തിരു നബി ﷺ പഠിപ്പിച്ചത്. കാര്യങ്ങളുടെ ഖണ്ഡിത തീരുമാനമുണ്ടാകുന്നത് അതിന്റെ അന്തിമ ഘട്ടത്തിലാണല്ലോ.

## ഹജ്ജിനുള്ള ആഗ്രഹം

اللهവിന്റെ രാജധാനിയായ കഅ്ബയെ സന്ദർശിക്കുന്നവൻ الله വിനെ

ഉദ്ദേശിച്ച് വന്നവനാണ്.അത് കൊണ്ട് ഈ ഉദ്ദേശത്തോടെ കഅ്ബ സന്ദർശിച്ചവന്റെ ലക്ഷ്യം സാക്ഷാൽകരിക്കപ്പെടും. പരലോകത്തുവെച്ച് അതിന്റെ പ്രതിഫലം അവന് ആസ്വദിക്കാം.ഇഹലോകത്ത് വെച്ച് ﷲ വിനെ നേരിൽ ദർശിക്കാൻ കഴിയുകയില്ലെങ്കിലും പരലോകത്ത് വെച്ച് അതിന് സാധിക്ക ു ം .

انكم سترون ربكم كما ترون القمر ليلة البدر ।പൂർണചന്ദ്രനെ കാണുന്നത് പോലെ നിങ്ങൾ ﷲവിനെ കാണും.

ഹജ്ജിന് പോകുന്നവർ കുടുംബവും നാടും വെടിഞ്ഞ് ശരീരേഛകൾ വെടിഞ്ഞ് ﷲ വിന്റെ ഭവനം സന്ദർശിക്കാൻ പോവുകയാണ്. ഏറ്റവും ഉന്നത കാര്യത്തിന് വേണ്ടിയാണ് അവൻ തീരുമാനിച്ചിട്ടുള്ളത്.ആ തീരുമാനം ലോകമാന്യത്തിന്റെയും കാപട്യത്തിന്റെയും കലർപ്പില്ലാത്തതും നിഷ്കളങ്കവുമായിരിക്കണം.ﷲ വിന്റെ പ്രീതി ലക്ഷ്യമാക്കണം.മറ്റു ലക്ഷ്യങ്ങൾക്ക് വേണ്ടി ﷲവിന്റെ ഭവനത്തിൽ പോകൽ കടുത്ത പാപമാണ്.രാജ സന്നിധിയിൽ അപമര്യാദയോടെ പെരുമാറുന്നത് പോലെയാണത്.ഹജ്ജിനുള്ള ആഗ്രഹത്തിന് തന്നെ ﷲ വിൽ നിന്ന് പ്രതിഫലം ലഭിക്കും.നല്ല കാര്യങ്ങളോടുള്ള മനസ്സിന്റെ ആഗ്രഹത്തിന് തന്നെ പ്രതിഫലം ലഭിക്കുമെങ്കിൽ അത് പൂർത്തികരിക്കുന്നവന്റെ പ്രതിഫലം എത്രവലുതായിരിക്കും.

## ബാധ്യതകൾ നിറവേറ്റുക

ബാധ്യകൾ നിർവഹിക്കുക എന്നാൽ സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള മുഴുവൻ കടപ്പാടുകളിൽ നിന്നും ഒഴിവാകലാണ്.ചെയ്തുപോയ പാപങ്ങളെ തൊട്ട് പശ്ചാതപിക്കലും ആരാധനകളിലെ വീഴ്ചകൾ പരിഹരിക്കലുമാണ് സ്രഷ്ടാവിനോടുള്ള ബാധ്യത നിറവേറ്റാനുള്ള മാർഗം.സൃഷ്ടികളോട് സാമ്പത്തികമോ സാമൂഹികമോ ആയ ബാധ്യതകളുണ്ടെങ്കിൽ അത് തീർക്കുക.കടങ്ങൾ കൊടുത്ത് വീട്ടലും ജനങ്ങളോട് പൊരുത്തപ്പെടീക്കലുമാണ് ഇതിനുള്ള വഴികൾ.

ബാധ്യകൾ നിറവേറ്റാതെ ഹജ്ജിന് പുറപ്പെടുന്നവനോട് അവന്റെ മനഃസാക്ഷി ചോദിക്കും 'നീ എവിടെ പോകുന്നു.ﷲ വിന്റെ കൽപനകൾ അനുസരിക്കാതെ അവന്റെ രാജധാനിയിലേക്ക് നീ എങ്ങനെ പോകും. അവന്റെ ആജ്ഞകൾ തിരസ്കരിച്ച് കൊണ്ട് നീ അവിടെ ചെന്നാൽ നിന്നെ ആട്ടി ഓടിക്കപ്പെടുകയില്ലേ'.അത് കൊണ്ട് നിന്റെ ഹജ്ജ് സ്വീകരിക്കപ്പെടണമെങ്കിൽ ആജ്ഞകൾ അനുസരിക്കുക.കടങ്ങൾ കൊടുത്ത് വീട്ടുകയും തിന്മ വർജിക്കുകയും ചെയ്യുക.

## ഹജ്ജ് യാത്ര

ഹജ്ജിന് വേണ്ടിയുള്ള യാത്ര അന്ത്യയാത്രയായ മരണത്തെ ഓർമി

പ്പിക്കുന്നതാണ്.നാടും വീടും കുടുംബവുമെല്ലാം വെടിഞ്ഞ് യാത്രചോദിക്കുന്നു.വസിയ്യത്ത് എഴുതി വെക്കുന്നു. യാത്രക്കാരനും സമ്പാദ്യവും സന്നിഗ്ദ ഘട്ടത്തിലാണ്. ﷲ വിന്റെ പ്രത്യേക സംരക്ഷണമുള്ളവർക്ക് അവന്റെ സഹായമുണ്ടാകും.

കുടുംബത്തോടും സുഹൃത്തുക്കളോടും യാത്രപറഞ്ഞിറങ്ങുമ്പോൾ അന്ത്യയാത്ര സ്മരിക്കണം.അന്ത്യ യാത്രക്ക് മുന്നോടിയുള്ള വിടപറയലാണെന്ന് നിനക്കണം.

## യാത്രയിലെ ഭക്ഷണം

ഹജ്ജ് യാത്രക്കുവേണ്ടി ഉപയോഗിക്കുന്ന സമ്പത്ത് തനിച്ച ഹലാലിൽ നിന്നായിരിക്കണം. യാത്രയിലുടനീളം ഉപയോഗിക്കുന്ന സമ്പത്ത് പരലോകമാകുന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിന്നുമുമ്പ് കേടുവരാത്തതാവണം. യാത്രക്കാരന്റെ ഏറ്റവും നല്ല ഭക്ഷണം തഖവയാണെന്ന് ഇവിടെ ഓർമ്മിച്ചെടുക്കണം. ചുരുങ്ങിയ സമയം നീണ്ടുനിൽക്കുന്ന യാത്രക്കുവേണ്ടിയുള്ള ഭക്ഷണം തന്നെ പെട്ടന്ന് കേടുവരുന്ന ഒന്നുമില്ലല്ലോ. മാസങ്ങളും വർഷങ്ങളും നിലനൽക്കുന്ന അവിൽ, കുകപ്പൊടി, കുറിയരി പോലോത്ത വസ്തുക്കളാണ് നാം ഭക്ഷണത്തിനായി കൊണ്ടുപോകുന്നത്. ലോക മാന്യത്തിന്റെ ലാഞ്ചനകളും പ്രശസ്തിയുടെ കലർപ്പുകളും ലക്ഷ്യസ്ഥാനത്തെത്തുന്നതിനുമുമ്പ് കേടുവരുമെന്നോർക്കണം. ആഖിറത്തിലേക്കുള്ള യാത്ര സുദീർഘമാണ്. സ്വിറാത്ത് പാലത്തിലേക്കെത്താൻ 3000 വർഷത്തെ വൈദൂരമുണ്ട്. അതിനിടക്ക് 50 കേന്ദ്രങ്ങളുണ്ട്. ആരാലും നിഷേധിക്കപ്പെടാത്ത മരണമെന്ന കടമ്പ മാത്രമെ ഈ യാത്രക്ക് ബാക്കിയുള്ളൂ.

## വാഹനം കയറുമ്പോൾ

വാഹനം മുമ്പിലെത്തിയാൽ വാഹനത്തെ കീഴ്പ്പെടുത്തിത്തന്ന പടച്ചവനെ സ്തുതിക്കണം . യാത്രയയപ്പുകളും മറ്റും നടക്കുമ്പോൾ ഞാൻ ചലനമറ്റ് കിടക്കുമ്പോൾ എന്നെ കുടുംബങ്ങളും സ്നേഹിതന്മാരും യാത്രയക്കുന്ന മയ്യത്ത് കട്ടിലിനെ സംബന്ധിച്ചോർക്കണം. അതെ ഹജ്ജിന്റെ യത്രയുടെ പ്രാരംഭം മുതൽ ഹജ്ജ് അവസാനിക്കും വരെ പരലോകത്തേക്കുള്ള യാത്രയാണ്. ചെരുപ്പിന്റെ വാറിനെക്കാൾ മരണം നമ്മോടടുത്തിരിക്കുന്നുവെന്ന നബി വചനം ഇവിടെ ഓർത്തെടുക്കണം. ഹജ്ജുയാത്രക്കുവേണ്ടി സജ്ജീകരിച്ച യാത്രക്കൊരുങ്ങുന്നതിന്നുമുമ്പ് മയ്യിത്ത് കട്ടിലിൽ കയറാൻ അർഹത നേടിയവനാകുമോ എന്ന് ചിന്തിക്കണം. മയ്യിത്ത് കട്ടിൽ ഉറപ്പുള്ള ഒരു വാഹനമാണ്, നിർത്തിയിട്ട

വാഹനം സംശയമുള്ളതും. സംശയമുള്ള വാഹനത്തിന്റെ വിഷയങ്ങളുമായി സജീവമായി ബന്ധപ്പെടുകയും ഉറപ്പുള്ള വാഹനത്തെക്കുറിച്ച് ചിന്തിക്കാതിരിക്കുകയും ചെയ്യുന്നത് എന്തൊരു വൈരുദ്ധ്യമാണ്.

## യാത്രാക്ലേശങ്ങൾ

രാജാധിരാജനായ റബ്ബിന്റെ സവിധത്തിലേക്ക് നീങ്ങുന്നവരുടെ കൂട്ടത്തിൽ, അല്ലാഹുവിനെക്കാണാൻ കഴിഞ്ഞില്ലെങ്കിലും അല്ലാഹുവിന്റെ വീടുകാണാൻ പുറപ്പെട്ട കാഫിലയിൽ ഒരു വനായി ഞാനും അല്ലാഹുവിന്റെ വിശേഷങ്ങളെ വണ്ണമായിക്കരുതിയും അവന്റെ സ്ഥാനം ഉയർന്നതാണെന്ന് വിചാരിച്ചും യഥാർത്ഥ ലക്ഷ്യമാകുന്ന അല്ലാഹുവിനെകാണലിലേക്ക് എത്തിച്ചേരുന്ന വിഷയങ്ങളുമായി ബന്ധപ്പെടുന്നവരുടെ കൂട്ടത്തിൽ ഒരുവനായി ഞാനും. അല്ലാഹുവിന്റെ ഔദാര്യം കൊണ്ട് എനിക്കും ലഭിക്കും ഈ കാഴ്ച. ഓരോ ചവിട്ടടിക്കും പദവികൾ ഇരട്ടിപ്പിക്കാമെന്ന്, ദോശങ്ങൾ പൊറുക്കാമെന്നുമുള്ള അല്ലാഹുവിന്റെ വാഗ്ദാനം നിറവേറ്റപ്പെടുമെന്ന് ഉറച്ച് വിശ്വസിച്ചു കൊണ്ട് അവൻ നീങ്ങുകയാണ്. മക്കയിലെത്താൻ സാധിക്കാതെ വഴിയിൽ വച്ച് മരണം സംഭവിച്ചാലും അല്ലാഹുവിലേക്കുള്ള ഒരു പ്രതിനിധിയായിത്തന്നെ അല്ലാഹുവിനെ കണ്ടുമുട്ടാൻ സാധിക്കും. 'അല്ലാഹുവിനെയും അവന്റെ റസൂലിനെയും ലക്ഷ്യം വച്ച് യാത്ര തിരിക്കുകയും വഴിയിൽ വച്ച് മരണം സംഭവിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ മേൽ അവന്റെ കൂലി സംഭവിച്ചുപോയി' എന്ന ഖുർആൻ വാക്യം ഇവിടെ വായിച്ചെടുക്കേണ്ടതുണ്ട്. മരിച്ച് ദുൻയാവിൽ നിന്ന് പുറപ്പെട്ട് ഖിയാമമാകുന്ന മീഖാത്തിലേക്ക് എത്തുന്നതിനിടയിലുള്ള കടമ്പകളെയും വിഭ്രമജനകമായ അന്തരീക്ഷങ്ങളെയും അഭിമുഖീകരിക്കുന്നതിനെ ഓർത്തെടുക്കാനും സമയങ്ങളൊട്ടേറെയുണ്ട്. വഴിയിലെ കൊള്ളക്കാർ, കസ്റ്റംസ് ഉദ്യോഗസ്ഥർ, അവരുടെ ചോദ്യം ചെയ്യലുകൾ, മുൻകർ, നകീർ (അ)വിന്റെ ചോദ്യചെയ്യലിന്റെ ഘട്ടത്തെ ഓർമ്മിച്ചെടുക്കാനുള്ളതാണ്. പ്രതിസന്ധി ഘട്ടങ്ങളും ഇഴജന്തുക്കളും കബറിലെ തേളിനെയും പാമ്പിനെയും ഓർമ്മിച്ചെടുക്കാനുള്ളതാണ്. ഒറ്റപ്പെടലിന്റെ ഘട്ടങ്ങൾ കബറിലെ ഏകാന്തതയെ ധ്വനിപ്പിക്കുന്നു.

യാത്രക്കിടയിൽ മരണപ്പെടുകയാണെങ്കിൽ ﷲ വിന്റെ ഭവനത്തിലേക്കുള്ള മാർഗ മധ്യേ അവനുമായി കണ്ടുമുട്ടാൻ സാധിച്ചു എന്ന് കരുതുക.ഖുർആൻ പറയുന്നു : ആരെങ്കിലും ﷲ വിന്റെയും അവന്റെ റസൂലിന്റെയും അടുത്തേക്ക് പാലായനം ചെയ്യുകയും വഴി മധ്യേ മരണപ്പെടുകയും ചെയ്താൽ ﷲ വിൽ നിന്നുള്ള പ്രതിഫലം അവന് സ്ഥിരപ്പെട്ടു.( വി:ഖു)

# ഹജ്ജിന്റെ ഇഹ്റാം

മീഖാത്തിൽ നിന്നുള്ള തൽബിയ്യത്തും ഇഹ്റാമും നാലായിരം വർഷങ്ങൾക്കുമുമ്പ് ഇബ്രാഹീം നബി (അ)ന്റെ നാവിലൂടെ അല്ലാഹുവിന്റെ വിളിക്കുള്ള ഉത്തരമാണ്. ഈ ഉത്തരം സ്വീകരിക്കപ്പെടാൻ അവൻ അതിയായി ആശിക്കണം. 'നിനക്കുത്തരമില്ല' എന്നു പറഞ്ഞ് മുഖത്തേക്കുത്തന്നെ ചുരുട്ടിയെറിയുന്നതിനെ ഭയപ്പെടേണ്ടതുണ്ട്. പേടിയുടെയും പ്രതീക്ഷയുടെയും ഇടയിലായിരിക്കണം മാനസികാവസ്ഥ. എല്ലാം അല്ലാഹുവിന്റേതാണെന്ന് തിരിച്ചറിയണം. അല്ലാഹുവിന്റെ ഔദാര്യത്തിന്റെ മേൽ അവലംബിക്കണം. ഇഹ്റാമിന്റെ ശേഷമുള്ള തൽബിയത്ത് ഒരു പ്രാഥമിക ഘട്ടമാണ്. വളരെ പേടിയോടെ സമീപിക്കേണ്ടതുണ്ട്. സുഫയാനുബ്നു ഉയയ്ന (റ) പറയുന്നു. ഹുസൈൻ (റ)ന്റെ മകൻ അലി(റ) ഹജ്ജ് ചെയ്തു. അദ്ധേഹം ഇഹ്റാം ചെയ്ത് വാഹനം സജ്ജമായി നിന്നപ്പോൾ അദ്ധേഹത്തിന്റെ നിറം മഞ്ഞയായി. ശക്തമായ പേടി സംഭവിച്ചു. തൽബിയത്തു ചെല്ലാൻ സാധിച്ചില്ല. നിങ്ങളെന്താ തൽബിയത്തു ചൊല്ലാത്തത് എന്ന് ചോദിച്ചപ്പോൾ ..ഞാൻ ലബ്ബൈക്ക എന്ന് പറയുമ്പോൾ നിനക്കുത്തരമില്ലെന്ന മറുപടി ഭയന്നുകൊണ്ടാണ്. ..വളരെ സാഹസപ്പെട്ട് അദ്ധേഹം തൽബിയത്ത് ചൊല്ലിയപ്പോൾ ബോധരഹിതനായി വീണു. ഇത് ഹജ്ജ് തീരും വരെ തുടർന്നു. അഹ്മദുബ്നു അബിൽ ഹവാരി തങ്ങൾ പറയുന്നു. ഞാനെന്റെ പിതാവ് സുലൈമാനുദ്ദാറാനി (റ)കൂടെയായിരുന്നു. അദ്ദേഹം ഇഹ്റാം ചെയ്തപ്പോൾ കൂടെയുണ്ടായിരുന്നു. ഞങ്ങൾ ഒരു മൈൽ നടക്കുന്നത് വരെ അദ്ധേഹം തൽബിയത്ത് ചൊല്ലിയില്ല. പിതാവിന് ബോധക്ഷയം സംഭവിച്ചു പിന്നീട് ബോധം തെളിഞ്ഞു. എന്നെ വിളിച്ച് പിതാവ് പറഞ്ഞു. അല്ലാഹു മൂസാ നബിയിലേക്ക് വഹ്യ് അറിയിച്ചു ബനൂ ഇസ്റഈലികളോട് എന്നെ അൽപം മാത്രം ഓർക്കാൻ പറയണം. എന്നെ ഓർക്കുമ്പോഴെല്ലാം ഞാൻ അവരെയും ഓർക്കും പക്ഷെ അവർ കുറ്റവാളികളായത് കൊണ്ട് ശാപം കൊണ്ടാണ് ഓർക്കുക. വല്ല ഒരുത്തനും ഹലാലയ സമ്പത്തിൽ നിന്നല്ലാതെ ഹജ്ജു ചെയ്താൽ പിന്നീട് തൽബിയത്ത് ചൊല്ലിയാൽ അല്ലാഹു അവനോട് പറയും നിനക്ക് ഉത്തരമില്ല. നിന്റെ കയ്യിലുള്ള അനധികൃത സ്വത്തുകൾ നീ തിരിച്ചു നൽകുന്നതു വരെ لا لبيك ولا سعديك حتى تردها في يديك ഈ ഒരുത്തരം നമ്മൾക്കും നൽകപ്പെടുമോ എന്ന് നാം ഭയപ്പെടണം. ഇസ്റാഫീൽ (അ) സുറെന്ന കാഹളത്തിൽ ഊതി ജനങ്ങളെ വിളിക്കുമ്പോൾ ഖബറിൽ നിന്നവരെ മഅ്ശറയിൽ ഒരുമിച്ചുക്കൂട്ടുകയും ഖിയാമത്തിന്റെ മുറ്റത്തിൽ അവരെല്ലാരും തിങ്ങിക്കൂടുകയും ചെയ്യുന്നതിനെ തൽബിയത്തിന്റെ അവസരത്തിൽ അവൻ ഓർമ്മിച്ചെടുക്കണം അല്ലാഹുവിന്റെ വിളികേട്ട് അല്ലാഹുവിന്റെ സവിധിത്തിലെത്തിയവ

രിൽ അല്ലാഹുവിന്റെ അടുത്തവരുണ്ട് അല്ലാഹു ദേഷ്യപ്പെട്ടവരും അല്ലാഹു സ്വീകരിച്ചവരും അല്ലാഹു ആട്ടിയവരും ഉണ്ട്. ഹജ്ജിന് ഇ്ഹറാം കെട്ടിയവൻ ഹജ്ജ് സ്വീകരിക്കുമോ, പൂർത്തിായക്കാൻ കഴിയുമോ എന്നെ പടച്ചവൻ ശിക്ഷിക്കുമോ, രക്ഷിക്കുമോ എന്ന മാനസികാവസ്ഥയിലായിരിക്കണം.

## ഇഹ്റാമിന്റെ വസ്ത്രവും കഫൻപുടയും

ഇഹ്റാമിന്റെ രണ്ടു ഡ്രസ്സുകൾ ശ്രദ്ധിക്കുക. കഫം പുടയോടതിന്നു സാദൃശതയുണ്ട്. അല്ലാഹുവിന്റെ കഅ്ബാലയത്തോട് അടുക്കുന്ന അവസരത്തിൽ ഒരു മുണ്ട് കൊണ്ട് മേൽത്തട്ടമണിയുകയും മറ്റൊരു മുണ്ടു കൊണ്ട് അരയുടുപ്പു ധരിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അവന്റെ യാത്ര പൂർത്തിയായില്ലെന്ന് വരാം. മരണം സംഭവിച്ചാൽ പിന്നീട് അവനെ പൊതിയാനുള്ളത് ഇഹ്റാമിന്റെ ഡ്രസ്സിനോട് സമാനമായ ഒരു ഡ്രസ്സിലാണ്. അല്ലാഹുവിന്റെ കഅ്ബാലയം സന്ദർശിക്കാൻ പോകുന്നവന്റെ വസ്ത്രധാരണ മരണ ശേഷം അല്ലാഹുവിനെ കാണാൻ പോകുന്നവന്റെ വസ്ത്ര ധാരണയോടു തുല്യമാണ്. കഫം പുടയുടെ വസ്ത്രം ഇഹ്റാമിന്റെ വസ്ത്രത്തേക്കാൾ അവനോടടുത്ത് നിൽക്കുന്നതാണ്. അനന്തമായ ജീവിതത്തിലേക്ക് ആ വസ്ത്രമണിഞ്ഞ് പുറപ്പെടുമെന്നത് കണ്ടീഷൻ. അപ്പോൾ ഈ വസ്ത്രത്തിലൂടെയും വസ്ത്രധാരണയിലൂടെയും കഫം തുണിയെയും മൂന്ന് കഷ്ണം തുണിയിൽ ചലനമറ്റ് കിടക്കുന്നവസ്ഥയിൽ തന്റെ സഹചാരികൾ ചുറ്റിപൊതിയുന്നതിനെയും മനസ്സിൽ കാണുന്നു. ദുൻയാവിലെ മറ്റുയാത്രകളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു യാത്രയാണിത്. പ്രസവിച്ച് വളർന്ന് വലുതായ നാടിനെയും തന്റെ ഉറ്റവരെയും ഉടയവരെയും ഉപേക്ഷിച്ചുള്ള ഒരു യാത്ര.

## മക്ക

ﷲവിന്റെ ഭവനമായ കഅ്ബയും മസ്ജിദുൽ ഹറാമും നിലകൊള്ളുന്ന നാടാണ് മക്ക.നബിﷺയുടെ ജന്മഭൂമി എന്ന പവിത്രത കൂടി ആ രാജ്യത്തിനുണ്ട്.മക്കയിൽ ആദ്യമായി വാസമുറപ്പിച്ചത് ഹാജറാ ബീവിയും ഇസ്മാഈൽ നബിعليه السلامമുമാണ്.പിന്നീട് ജുർഹും ഗോത്രവും മറ്റ് പല ഗോത്രങ്ങളും അവിടേക്ക് കുടിയേറി.ഇന്ന് ലോകമുസ്ലിംകളുടെ കേന്ദ്രമാണ് മക്ക.മക്കയിൽ സ്ഥിതി ചെയ്യുന്ന കഅ്ബയാണ് ആരാധനയുടെ ശിലാകേന്ദ്രം.മക്കയിൽ പ്രവേശിക്കുമ്പോൾ നിർഭയത്വം അവലംബിക്കുക.

മക്കക്ക് ബക്ക എന്നുകൂടി പേരുണ്ട്.പിടിച്ച് കുലുക്കുക,ലോലമാക്കുക എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം നമ്മെ ആകമാനം പിടിച്ച് കുലുക്കുന്ന സന്ദർഭമാണ് ഹജ്ജ്.അതിൽ നിന്നും രക്ഷനേടാൻ

ആത്മാർത്ഥത ആവശ്യമാണ്.

## ഹറമിലേക്ക്

മക്കയിലേക്ക് പ്രവേശിക്കുമ്പോൾ ഞാൻ അല്ലാഹുവിന്റെ ഹറമിലേക്കും അവൻ നിർഭയത്വം നൽകിയ കേന്ദ്രത്തിലേക്കും എത്തിയിരിക്കുന്നു. ദുൻയാവിൽ ഈ ഭൂമിയിൽ ഞാൻ കടന്നതു നിമിത്തമായി അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും നിർഭയമാകലിനെയും അവൻ മനസ്സിൽ കാണണം. എന്നെ അല്ലാഹു സ്വീകരിക്കാതെ തിരിച്ചയക്കുമോ എന്ന ഭയപ്പാട് അവനിൽ മികച്ചു നിൽക്കണം. അല്ലാഹുവിന്റെ ഔദാര്യം വ്യാപനമുള്ളതാണ് അല്ലാഹുവിന്റെ വീടിന്റെ അന്തസ്സ് മഹത്തരമാണ്. സന്ദർശകന്റെ വിഹിതം സൂക്ഷിക്കപ്പെടുന്നതാണ്. അഭയം തേടുന്നവന്റെ കടിഞ്ഞാൺ ഒരിക്കലും പാഴാകുകയില്ല. പരലോകത്തിൽ അല്ലാഹുവനെക്കാണുന്നതിൽ സമാനമായ ദുൻയാവിൽ അല്ലാഹുവിന്റെ ഭവനം കാണുക എന്നതിലേക്ക് എന്നെ ഉയർത്തിയ നാഥനെ സംബന്ധിച്ച് കഅ്ബയെക്കാണുമ്പോൾ ഓർക്കണം അല്ലാഹുവിന്റെ ലിഖാഇന്റെ (കണ്ടുമുട്ടൽ) തൗഫീഖിന് മനസ്സിൽ പ്രാർത്ഥിക്കണം. സ്വന്തമായി എന്റെ തൽബിയത്ത് സ്വീകരിക്കാൻ അനർഹനെങ്കിൽ സ്വീകരിക്കപ്പെടാൻ പറ്റിയ ഒരു പാടുപേരിൽ ഒരു വനായി ഞാനും, കൂട്ടത്തിൽ എന്നെമാത്രം തനിച്ചാക്കില്ല എന്ന് പ്രത്യാശിക്കണം. വിവധ ഖില്ലികളിലൂടെ കഅ്ബയെ ലക്ഷ്യം വച്ച് വരുന്ന ലക്ഷക്കണക്കിനാളുകളെ കാണുമ്പോൾ സ്വർഗത്തിന്റെ ഭാഗത്തേക്ക് ഖിയാമത്ത് നാളിൽ ജനങ്ങൾ ഒഴുകി വരുന്നതിനെ ഓർത്തെടുക്കണം. സ്വർഗത്തെ ലക്ഷ്യം വച്ചു നീങ്ങിയവരിൽ സ്വീകരിക്കപ്പെടുന്നവരും തള്ളപ്പെടുന്നവരും ഉള്ളതുപോലെ ഹജ്ജിലും രണ്ടു വിഭാഗമുണ്ട്. ഞാനേതു വിഭാഗത്തിലായിരിക്കുമെന്ന ചിന്ത മനസ്സിൽ ശക്തമായി തളിരിടേണ്ടതുണ്ട്.

## ഹറമിന്റെ പുണ്യം

വിശുദ്ധഹറമിൽ നിന്ന് ഒരു റക്അത്ത് നിസ്കരിച്ചാൽ ഒരു ലക്ഷം റക്അത്തിന്റെ പ്രതിഫലവും ഒരു നോമ്പിന് ഒരു ലക്ഷം നോമ്പിന്റെ പ്രതിഫലവും ലഭിക്കും.അത് പോലെ ഹറമിൽ വെച്ച് സ്വദഖനൽകിയാൽ ഒരു ലക്ഷം സ്വദഖയുടെ പുണ്യം ലഭിക്കും ഇങ്ങനെ ഹറമിൽ വെച്ച് ചെയ്യുന്ന എല്ലാ നല്ല കർമങ്ങൾക്കും വലിയ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.ഈ പ്രതിഫലം കാംക്ഷിച്ച് കൊണ്ടാണ് മുൻകാല പ്രവാചകന്മാർ അവരുടെ പ്രബോധന ദൗത്യം തീർന്നതിന് ശേഷം വിശുദ്ധ ഹറമിൽ താമസമാക്കിയതും അവിടെ അന്ത്യ വിശ്രമം കൊള്ളുന്നതും. എഴുപതോളം പ്രവാചകന്മാരുടെ വാസസ്ഥലം മത്വാഫായതും ഈ അടി

സ്ഥാനത്തിലാണ്.ഹിജ്റ് ഇസ്മാഈൽ കെട്ടിനകത്താണ് ഇസ്മാഈൽ നബി عليه السلام മിന്റെ ഖബ്ർ എന്ന് പറയപ്പെടുന്നു.

മൂന്ന് നബിമാരുടെ ഖബ്റുകൾ മാത്രമാണ് ഖണ്ഡിതമായി അറിയപ്പെട്ടത്.മുഹമ്മദ് നബി ﷺ ഇബ്റാഹീം നബി عليه السلام ഹൂദ് നബി عليه السلام എന്നിവരുടേതാണവ.റസൂലുള്ളാഹി ﷺ തങ്ങളുടേത് മദീനയിലെ റൗളാ ശരീഫിലും ഇബ്റാഹീം നബി عليه السلام മിന്റേത് അൽഖലീൽ പട്ടണത്തിലും ഹൂദ് നബി عليه السلام മിന്റേത് യമനിലെ ഹളർമൗതിലുമാണ്.

## കഅ്ബ

ان اول بيت وضع للناس للذي ببكة مباركا

ജനങ്ങൾക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഭവനങ്ങളിൽ ആദ്യത്തേതാണ് കഅ്ബ.അനുഗ്രഹത്തിന്റെ ഭവനമാണ് കഅ്ബ.രാജാധി രാജനായ الله വിന്റെ രാജധാനിയാണ് അത്.ആ വിശുദ്ധ ഭവനത്തിന് വളരെയധികം ശ്രേഷ്ടതകളുണ്ട്.അവിടെ വെച്ച് ജീവികളെ വേട്ടയാടുന്നതും സസ്യങ്ങൾ നശിപ്പിക്കുന്നതും നിഷിദ്ധമാണ്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജനം കഅ്ബയെ ലക്ഷ്യമാക്കി മക്കയിലേക്കൊഴുകുന്നു.ലോകനാഥന് വഴിപ്പെട്ട് അവന്റെ വിളിക്കുത്തരം ചെയ്ത് വിശ്വാസികൾ കഅ്ബയിൽ ഒത്ത് ചേരുന്നു.

## പ്രഥമ ദർശനം

കഅ്ബയോടുള്ള സ്നേഹം കഅ്ബയുടെ നാഥനോടുള്ള സ്നേഹപ്രകടനം കൂടിയാണ്.നാം ഒരാളെ സ്നേഹിക്കുമ്പോൾ അയാളുമായി ബന്ധപ്പെട്ടവയും നാം സ്നേഹിക്കുമല്ലോ.കഅ്ബകാണുന്ന വിശ്വാസിയുടെ മനസ്സ് വിങ്ങുന്നതും ഖണ്ഡമിടറുന്നതും ഈ സ്നേഹത്തിന്റെ ഭാഗമാണ്.

കഅ്ബ ആദ്യമായി ദർശിക്കുമ്പോഴുള്ള ഹൃദയസാന്നിധ്യത്തോടെയുള്ള പ്രാർത്ഥനക്കുത്തരം ലഭിക്കുമെന്നത് തീർച്ചയാണ്. കഅ്ബ പൂർണമായി കാണുന്ന അവസരത്തിൽ അഥവാ മത്വാഫിൽ പ്രവേശിച്ച് കഴിഞ്ഞാൽ പ്രാർത്ഥിക്കലാണ് ഏറ്റവും ഉത്തമം.

കഅ്ബയെ നോക്കൽ പുണ്യമാണ്. ഇബ്നുഅബ്ബാസ്(റ)നിവേദനം ചെയ്യുന്ന ഹദീസ് : നബി ﷺ പറഞ്ഞു എല്ലാ രാത്രിയും പകലും കഅ്ബയുട മേൽ 120 കാരുണ്യം വർഷിക്കും അതിൽ 60 ത്വവാഫ് ചെയ്യുന്നവർക്കും 40 നിസ്കരിക്കുന്നവർക്കും 20 കഅ്ബയെ നോക്കുന്നവർക്കുമാണ്.

കഅ്ബയെ കാണുമ്പോൾ അതിന്റെ നാഥനെ ദർശിക്കുന്നത് പോലുള്ള വന്ദനയും ബഹുമാനവും പ്രകടമാക്കണം.الله വിന്റെ ഭവനം

കാണാൻ സാധിച്ചത് പോലെ അവനെയും കാണാൻ ആഗ്രഹിക്കണം.ﷲ വിന്റെ അനുഗ്രഹങ്ങൾക്കും അവന്റെ ഭവനം കാണാൻ ഭാഗ്യം സിദ്ധിച്ച തിനും അവനോട് നന്ദിപറയണം.

കഅ്ബയിലേക്ക് അഭിമുഖമായി നിൽക്കുന്ന സന്ദർഭത്തിൽ തന്റെ ബാഹ്യമുഖത്തെ കഅ്ബയിലേക്ക് നേരിടിയിച്ചത് പോലെ ഹൃദയത്തെയും ﷲ വിലേക്ക് തിരിക്കുക.അതിന് വേണ്ടി മനസ്സിൽ നിന്ന് മറ്റെല്ലാ ചിന്ത കളും ഉപേക്ഷിക്കുക. അല്ലെങ്കിൽ ഹജ്ജ് നിഷ്ഫലമായിത്തീരും.

കഅ്ബക്ക് ബൈതുൽഅതീഖ് എന്നും പേരുണ്ട്.പുരാതനവീട്,മോ ചന ഭവനം എന്നൊക്കെയാണ് ഇതിനർത്ഥം.ലോകത്ത് ആദ്യമായി നിർമിച്ച ഭവനമാണല്ലോ കഅ്ബ.ദുർമാർഗികളായ ജനതയിൽ നിന്നും കഅ്ബയെ മോചിപ്പിക്കപ്പെട്ടു.അത് കൊണ്ട് കഅ്ബ മോചന ഭവനമായി.കഅ്ബയി ലെത്തുന്ന വിശ്വാസിക്ക് തന്റെ ഹൃദയത്തിലെ ദോഷങ്ങളിൽ നിന്നെല്ലാം മോചനം ലഭിക്കുന്നു.

കഅ്ബ അനുഗ്രഹത്തിന്റെ ഭവനമായതിനാൽ സന്ദർശകരുടെ അവകാ ശങ്ങൾ നിഷേധിക്കപ്പെടുകയില്ല.രക്ഷ തേടുന്നവന്റെ അഭയസ്ഥാനവും സുരക്ഷിത ഭവനവുമാണ് കഅ്ബ.ലോല ഹൃദയമുള്ളവർ മാത്രമെ അവിടെ എത്തിപ്പെടുകയുള്ളൂ.അതിനാൽ എത്ര ഹൃദയ കാഠിന്യമുള്ളവനും കഅ്ബ കാണുമ്പോൾ കാലുകൾ കൂട്ടിമുട്ടുകയും ഖണ്ഡമിടറുകയും ചെയ്യും.

കഅ്ബ പല തവണയായി പുതുക്കി പണിതിട്ടുണ്ട്.പതിനൊന്ന് ഘട്ടങ്ങ ളിലായാണ് കഅ്ബ ഇന്നത്തെ രൂപം പ്രാപിച്ചത്.കഅ്ബയുടെ നിർമിതി കൾ ഇങ്ങനെയാണ്.1.മലക്കുകൾ2.ആദം നബി عليه السلام 3.ശീസ് നബി عليه السلام 4.ഇബ്റാഹീം നബി عليه السلام 5.അമാലിഖ ഗോത്രം 6.ജുർഹും ഗോത്രം7.ഖുസയ്യ് ഗോത്രം 8.ഖുറൈശ്9.അബ്ദുല്ലാഹിബ്നുസ്സുബൈർ 10.ഹജ്ജാജ് 11.മുറാദുറാബിഅ്

## കഅ്ബയുടെ കില്ല

കഅ്ബയുടെ കില്ല പിടിക്കുമ്പോൾ കഅ്ബയോടും അതിന്റെ നാഥ നോടും പ്രതിപത്തി പ്രകടമാക്കണം.ﷲവിന്റെ അനുഗ്രഹത്തെ തേടുകയും നരക ശിക്ഷയെത്തൊട്ട് രക്ഷ തേടുകയും വേണം.ചെയ്ത് പോയ ദോഷ ങ്ങളെത്തൊട്ട് ﷲ വിനോട് മാപ്പിരക്കുകയും ശാന്തിലഭിക്കാൻ പ്രാർത്ഥിക്കു കയും വേണം.

കഅ്ബയുടെ കില്ല പിടിക്കുന്നത് ഉമ്മയുടെ വസ്ത്രത്തിന്റെ കോന്തല പിടിച്ച് കരയുന്ന കുഞ്ഞിന്റെ രൂപത്തിലാണ്.ഏറ്റവും ഒടുവിലത്തെ അഭ യസ്ഥാനം സ്രഷ്ടാവിങ്കലാണ്.അവന്റെ സന്നിധിയിൽ വന്നിട്ട് ദോഷം പൊറുക്കാതെ മടങ്ങുകയില്ല എന്ന ദൃഢ നിശ്ചയം പ്രകടമാക്കണം.

# ഹജറുൽ അസ്‌വദ്

സ്വർഗലോകത്ത് നിന്നും ഭൂമിയിലേക്ക് ഇറക്കപ്പെട്ട കല്ലാണ് ഹജറുൽ അസ്‌വദ്.കഅ്ബയുടെ തെക്ക് കിഴക്കെ മൂലയിലാണ് ഇത് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. സ്വർഗത്തിൽ നിന്ന് ഇറക്കപ്പെട്ടപ്പോൾ ഹജറുൽ അസ്‌വദിന് വെളുത്ത നിറമായിരുന്നു.പിന്നീട് മനുഷ്യരുടെ ദോഷങ്ങൾ കാരണം അത് ഇരുണ്ട് പോയതാണ്. സ്വർഗത്തിൽ നിന്ന് ഇറക്കപ്പെട്ടപ്പോൾ ഹജറുൽ അസ്‌വദ് പാലിനേക്കാൾ വെളുപ്പായിരുന്നു എന്നും മനുഷ്യരുടെ പാപങ്ങളാണ് അതിനെ കറുപ്പിച്ചത് എന്നും ഹദീസിൽ വന്നിട്ടുണ്ട്. സ്വർഗീയ മാണിക്കമായിരുന്ന ഹജറുൽ അസ്‌വദ് കറുത്ത് പോയതിൽ നിന്ന് സ്വർഗീയ ഭംഗി ഭൂമിയിൽ ആസ്വദിക്കാതിരിക്കാൻ വേണ്ടിയാണെന്നും ചില പണ്ഡിതന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

ഹജറുൽ അസ്‌വദിനെ ചുംബിക്കലും അതിന്മേൽ നെറ്റി വെക്കലും സുന്നത്താണ്.അഹ്ലുസ്സുന്നത്തി വൽജമാഅത്തിൽ വിശ്വസിക്കുന്നവർ ആശങ്കയില്ലാതെ നിർവഹിക്കുന്ന ഒരു കർമമാണ് ഇത്.ഉപകാരമോ ഉപദ്രവമോ ചെയ്യാൻ സ്വയം കഴിവ് അതിനുണ്ട് എന്ന വിശ്വാസത്തിലല്ല ഇത് ചെയ്യുന്നത്.ﷲ വിന്റെ അനുമതി പ്രകാരം ഹജറുൽ അസ്‌വദിനെ ചുംബിക്കുന്നവർക്കും അതിന്മേൽ നെറ്റി വെക്കുന്നവർക്കും അന്ത്യനാളിൽ അത് ഗുണമായി സാക്ഷി പറയുകയും ശുപാർശ ചെയ്യുകയും ചെയ്യും.

ഒരിക്കൽ ഉമർ(റ)ഹജറുൽ അസ്‌വദിനെ നോക്കി ഇങ്ങനെ പറയുകയുണ്ടായി.കല്ലേ!ഒരുപകാരവും ഉപദ്രവവും ചെയ്യാൻ കഴിയാത്ത വസ്തുവാണ് നീ എന്ന് എനിക്കറിയാം.അതിനാൽ എന്റെ നേതാവ് റസൂലുല്ലാഹി ﷺ നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നുവെങ്കിൽ നിന്നെ ഞാൻ ചുംബിക്കുമായിരുന്നില്ല.

ഇവിടെ കല്ലിന് സ്വയം പര്യാപ്തതയില്ല എന്ന ധ്വനി മാത്രമാണ് ഉമർ(റ)പറഞ്ഞതിന്റെ സാരം ﷲ അതിന് കഴിവ് നൽകി ആദരിച്ചപ്പോൾ അതിന് മഹത്വമുണ്ടായി.നിർജീവ വസ്തുവാണ് എന്നത് കൊണ്ട് മാത്രം ആദരവ് പ്രകടിപ്പിക്കുന്നതിന് യാതൊരു തെറ്റുമില്ല.എല്ലാം ﷲ വിന്റെ തീരുമാനം.സ്വയം പര്യാപ്തത അവന് മാത്രം.ﷲഅല്ലാത്തവ ജീവിയായാലും നിർജീവിയായാലും അവന്റെ കീഴിലാണ്.അത് കൊണ്ട് ശരിയായ തൗഹീദിൽ വിശ്വസിക്കുന്നവർക്ക് മാത്രമാണ് ഹജ്ജ് പൂർണ അർത്ഥത്തിൽ നിർവഹിക്കാൻ സാധിക്കുന്നത്.അല്ലാത്തവർക്ക് ഹജറുൽ അസ്‌വദ് ചുംബിക്കുക, സംസം കുടിക്കുക,ഇബ്റാഹീം മഖാമിന് പിന്നിൽ നിസ്കരിക്കുക തുടങ്ങിയ വിഷയങ്ങളിൽ സംശയമുണ്ടായിരക്കും.കാരണം ﷲ വിന്റെ സ്രഷ്ടികൾ ആരായാലും അവരെ വിളിച്ച് പ്രാർത്ഥിക്കുന്നത് ശിർക്കാണെന്നാണല്ലോ അവരുടെ ജൽപനം.

# ഉടമ്പടിയും സാക്ഷിപത്രവും

മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് ആദം നബി ﷺ മിന്റെ മുതുകിൽ നിന്ന് ലോകത്ത് വരാനിരിക്കുന്ന മുഴുവൻ മനുഷ്യരുടെയും ആത്മാക്കളെ ﷻ പുറപ്പെടീച്ചു.ശേഷം അവയെ ആലമുൽ അർവാഹിൽ സംഗമിപ്പിച്ചു.എന്നിട്ട് ﷻ ചോദിച്ചു ഞാൻ നിങ്ങളുടെ റബ്ബല്ലയോ അപ്പോൾ ഒരുമിച്ച് കൂടിയവർ ഒന്നടങ്കം പറഞ്ഞു അതെ ഞങ്ങളതിന് സാക്ഷികളാണ്.

ഈ സംഗമം നടക്കുമ്പോൾ ഹജറുൽ അസ്വദ് സ്വർഗത്തിലായിരുന്നു.അതിന് വായും നാക്കും രണ്ട് കണ്ണുമുണ്ടായിരുന്നു.ആത്മാക്കളുമായുള്ള ഉടമ്പടി ﷻ ഒരു വെള്ളക്കഷ്ണത്തിൽ എഴുതി മലക്കുകളെ സാക്ഷി നിർത്തി സ്വർഗീയ കല്ല് അത് വിഴുങ്ങി.നമ്മുടെ സാക്ഷിപത്രം ഈ കല്ലാണ് സൂക്ഷിക്കുന്നത്.പിന്നീട് ഈ കല്ല് ഭൂമിയിലേക്കിറക്കപ്പെട്ടു.ഭൗതിക ജീവിതത്തിൽ പ്രസ്തുത കരാർ അംഗീകരിച്ച് ജീവിക്കുന്നവർക്ക് അത് ഗുണമായി സാക്ഷി പറയും.

ഹജറുൽ അസ്വദിനെ ചുംബിക്കുമ്പോൾ ﷻ വിനോടുള്ള അനുസരണക്ക് ഉടമ്പടി ചെയ്യുകയാണെന്ന് കരുതുക.ഈ ഉടമ്പടി ദൃഢമായതാണ് അത് പാലിക്കാൻ ബദ്ധശ്രദ്ധ ചെലുത്തുകയും വേണം.

ഇബ്നുഅബ്ബാസ്(റ)നിവേദനം നബി ﷺ യുടെ മേൽ ﷻ വിന്റെ ഭൂമിയിലെ വലതു കരമാണ് ഹജറുൽ അസ്വദ്.സഹോദരങ്ങൾ തമ്മിലുള്ള ഹസ്തദാനം പോലെ അതിനെ തൊട്ടുമുത്തുന്നവൻ ﷻ വുമായി ഹസ്തദാനം ചെയ്യുന്നവനാണ്.

ഇമാം ഹാകിം തുർമുദീ (റ) വിന്റെ വിശദീകരണ പ്രകാരം ആലമുൽ അർവാഹിലെ ഉടമ്പടി ഹജറുൽ അസ്വദ് ചുംബിക്കുന്നതിലൂടെ പുതുക്കുകയാണ്. അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം നബി ﷺ തങ്ങൾ ഹജറുൽ അസ്വദിനോട് രണ്ട് ചുണ്ടുകളും ചേർത്ത് വെച്ച് ദീർഘനേരം കരഞ്ഞു.ശേഷം തിരിഞ്ഞ് നിന്നപ്പോൾ ഉമർ(റ)പിന്നിൽ നിന്ന് കരയുന്നതാണ് കണ്ടത്.നബി ﷺ തങ്ങൾ പറഞ്ഞു ഉമറേ ഇവിടെയാണ് കണ്ണീർ ചൊരിക്കപ്പെടേണ്ടത്.

ഹജറുൽ അസ്വദിനെ ചുംബിക്കുമ്പോൾ റസൂലുല്ലാഹി ﷺ തങ്ങളും മറ്റു മുഴുവൻ പ്രവാചകന്മാരും മഹത്തുക്കളും ചുംബിക്കുകയും അവരുടെ ഉമിനീർ ഏറ്റ് വാങ്ങുകയും ചെയ്തകല്ലാണെന്ന് ഓർക്കുക.ഹലീമത്തുസ്സഅ്ദിയ്യ (റ)യും ഭർത്താവും നബിയുടെ സംരക്ഷണം ഏറ്റെടുത്ത ശേഷം നബിയെയും കൂട്ടി അവർ കഅ്ബയിൽ ചെന്നു.അപ്പോൾ ഹജറുൽ അസ്വദ് അതിന്റെ സ്ഥാനത്തുനിന്നും അടർന്നു വന്ന് നബി ﷺ ക്ക് ചുംബനം നൽകി.

എനിക്ക് പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് ഹജറുൽ അസ്വദ് എനിക്ക്

സലാം ചൊല്ലിയിരുന്നു എന്ന് ഹദീസിൽ വന്നിട്ടുണ്ട്.ധാരാളം പ്രത്യേക തകളുള്ള കല്ലാണ് ഹജറുൽ അസ്‌വദ്.അത് വെള്ളത്തിലിട്ടാൽ ആണ്ട് പോവുകയില്ല.തീയിലിട്ടാൽ ചൂടേൽക്കുകയില്ല.ഹജറുൽ അസ്‌വദിന് സമീപം പ്രാർത്ഥനക്ക് പെട്ടെന്ന് ഉത്തരം ലഭിക്കും. അവിടെ വെച്ച് പ്രാർത്ഥി ക്കുന്നവർക്ക് ആമീൻ പറയാനായി എണ്ണമറ്റ മലക്കുകൾ അവിടെ തടിച്ച് കൂടുന്നു.

## റുക്നുൽഅസ്‌വദ്

ഹജറുൽ അസ്‌വദ് പ്രതിഷ്ഠിക്കപ്പെട്ട തെക്ക്കിഴക്കെ മൂലക്ക് റുക്നുൽ അസ്‌വദ് എന്നാണ് പേര്. ഹദീസിൽ ഇപ്രകാരം കാണാം.'റു ക്നുൽ അസ്‌വദിന്റെ അടുക്കൽ ആര് എന്ത് ദുആ ചെയ്താലും അതിനു ത്തരം ലഭിക്കാതിരിക്കില്ല. കാരണം അത് സ്വർഗ കവാടങ്ങിൽ പെട്ടതാ ണ്'.

റുക്നുൽ അസ്‌വദിനും റുക്നുൽ യമാനിക്കും ഇടയിലാണ് എഴു പത് നബിമാരുടെ ഖബ്റുകൾ സ്ഥിതി ചെയ്യുന്നതെന്ന് നബി ﷺ തങ്ങൾ പറഞ്ഞതായി ഹസ്സൻ ബസ്വരീ (റ)തന്റെ രിസാലയിൽ രേഖപ്പെടുത്തു ന്നു.റുക്നുൽയമാനിയുടെയും കഅ്ബയുടെ പിൻഭാഗത്തെ അടക്കപ്പെട്ട വാതിലിന്റെയും ഇടയിലുള്ള സ്ഥലത്തിന് മുസ്തജാർ എന്ന് പേരുണ്ട്.നാല് മുഴമാണ് ഈ സ്ഥലം. അവിടെ വെച്ച് പ്രാർത്ഥനക്ക് പ്രത്യേകം ഉത്തരമു ണ്ട്.

## ഇബ്റാഹീം മഖാം

കഅ്ബ നിർമിക്കുന്ന വേളയിൽ ഇബ്റാഹീം നബി عليه السلام കയറി നിന്ന കല്ലാണ് ഇബ്റാഹീം മഖാം ഇതാണ് പ്രബലമായ അഭിപ്രായം.സ്വയമായി ഉയരുകയും താഴുകയും ചെയ്ത് കൊണ്ട് ഇബ്റാഹീം നബി عليه السلام മിന്റെ മുഅ്ജിസത്ത് പ്രകടമായ കല്ലാണത്.ഈ കല്ലിന്മേൽ ഇബ്റാഹീം നബി عليه السلامമിന്റെ കാൽപാദം പതിഞ്ഞ അടയാളമുണ്ട്.

ഹജറുൽ അസ്‌വദിനെപ്പോലെ ഇബ്റാഹീം മഖാമും സ്വർഗത്തിൽ നിന്ന് ഇറക്കപ്പെട്ട കല്ലാണ്.സ്വർഗീയ മാണിക്കമായിരുന്നു അത്.ഭൂമിയി ലേക്ക് ഇറക്കിയപ്പോൾ അതിന്റെ പ്രകാശത്തെ ﷻ കെടുത്തിയതാണ്.അ ല്ലായിരുന്നെങ്കിൽ ലോകം മുഴുക്കെ ആ പ്രകാശത്താൽ ദീപ്തമായേനേ എന്ന് ഹദീസിൽ വന്നിട്ടുണ്ട്.

നബി ﷺ തങ്ങൾ പറഞ്ഞു 'ഹജറുൽ അസ്‌വദിനെയും ഇബ്റാഹീം മഖാമിനെയും അന്ത്യനാളിൽ കൊണ്ട് വരപ്പെടും അവയ്ക്ക് തസ്ബീഹ് ചൊല്ലുന്ന രണ്ട് നാക്കുകളും ദർശിക്കുന്ന രണ്ട് കണ്ണുകളും ഉണ്ടായിരി ക്കും.ഇവ രണ്ടിന്റെയും സമീപത്ത് നിസ്കരിക്കുന്നവർക്കും അവയെ

തൊട്ടുമുത്തുന്നവർക്കും അവ ഗുണമായി സാക്ഷിപറയും'.

ഇബ്റാഹീം മഖാമിനു പിന്നിൽ വെച്ച് നിസ്കരിക്കുന്നത് പ്രത്യേക പുണ്യമുള്ള കാര്യമാണ്.ത്വവാഫിന് ശേഷമുള്ള സുന്നത്ത് നിസ്കാരം ഇവിടെ വെച്ച് നിർവഹിക്കലാണ് ഏറ്റവും ഉത്തമം.ത്വവാഫ് ചെയ്യുന്നവർക്ക് ബുദ്ധിമുട്ടാകും വിധം നിർബന്ധപൂർവ്വം ഇത് ചെയ്യരുത്.മറ്റുള്ളവർക്ക് പ്രയാസമാകും വിധത്തിൽ കൈകൾ കോർത്ത് മനുഷ്യമതിലായി നിന്ന് നിസ്കാരത്തിന് സൗകര്യം ഒരുക്കുന്ന പ്രവണത ഖേദകരമാണ്.

ഇബ്റാഹീം മഖാം കൊണ്ടുദ്ദേശിക്കുന്നത് ഏതാണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്.മസ്ജിദുൽ ഹറാം മുഴുക്കെ ഇബ്റാഹീം മഖാമാണെന്നും ഹറം മുഴുക്കെ ഇബ്റാഹീം മഖാമാണെന്ന് അഭിപ്രായങ്ങളുണ്ട്.ഹജ്ജിന്റെ മുഴുവൻ കേന്ദ്രങ്ങളും ഇബ്റാഹീം മഖാമായി പരിഗണിച്ചവരുമുണ്ട്.

പുത്രസന്ദർശനത്തിനായി മക്കയിൽ വന്ന ഇബ്റാഹീം നബി ﷺ മിന് പുത്രനായ ഇസ്മാഈൽ നബി ﷺ മിന്റെ ഭാര്യ അംഗ ശുദ്ധീകരണത്തിന് കയറിനിൽക്കാൻ തയ്യാർ ചെയ്ത് കൊടുത്ത കല്ലാണ് ഇബ്റാഹീം മഖാംഎന്ന് ചില പണ്ഡിതന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

നബി ﷺ തങ്ങളുടെ കാലത്തും സിദ്ധീഖ് ﵁വിന്റെ കാലഘട്ടത്തിലും ഇപ്പോൾ ഇബ്റാഹീം മഖാം നിൽക്കുന്ന സ്ഥലത്ത് തന്നെയായിരുന്നു ഇബ്റാഹീം മഖാം.അഥവാ കഅ്ബയിൽ നിന്ന് ഇരുപത് മുഴം പിന്നിട്ട്.ഉമർ(റ)വിന്റെ കാലഘട്ടത്തിൽ ഒലിപ്പ് വെള്ളത്തിൽ പെട്ട് കഅ്ബയുടെ ചാരത്തെത്തുകയും ഉമർ(റ) തൽസ്ഥാനത്തേക്ക് തിരിച്ച് കൊണ്ട് വരികയും ചെയ്തു.

ബഹു ദൈവവിശ്വാസവും വിഗ്രഹാരാധനയും പ്രചാരത്തിലിരുന്ന കാലത്താണ് ഹജറുൽ അസ്വദിനെ ചുംബിക്കാനും അതിൽ നെറ്റി വെക്കാനും ഇബ്റാഹീം മഖാമിന് പിന്നിൽ നിന്ന് നിസ്കരിക്കാനും നിർദേശം.ഹറമിലും പരിസരങ്ങളിലും കല്ല് കൊണ്ട് ബിംബങ്ങളുണ്ടാക്കി ആരാധിച്ചിരുന്ന മുശ്രിക്കുകൾക്ക് ഇതൊരു സുവർണാവസരമായി ഉപയോഗിക്കാമായിരുന്നു.പക്ഷെ മുശ്രിക്കുകൾ വിഗ്രഹമായി ആരാധിക്കുന്നതിൽ നിന്നും ഇവയെ ﷻ സംരക്ഷിച്ചു.ﷻവിന്റെ ആജ്ഞപ്രകാരം അവൻ ബഹുമാനിച്ചതിനെ ബഹുമാനിക്കുവാനും വന്ദിക്കുവാനും നാം ബാധ്യസ്തരാണ്.

## ഹിജ്റ് ഇസ്മാഈൽ

കഅ്ബയുടെ കെട്ടിനുള്ളിൽ പെട്ട സ്ഥലമാണ് ഹിജ്റ് ഇസ്മാഈൽ ഇവിടെ വെച്ച് നിസ്കരിക്കൽ പ്രത്യേകം സുന്നത്താണ്.ത്വവാഫിൽ ഹിജ്റ് ഇസ്മാഈലിന്റെ കെട്ടിനുള്ളിലൂടെ മുറിച്ച് കടന്നാൽ ത്വവാഫ് ശരിയാ

വുകയില്ല.കഅ്ബയുടെ ഉൾഭാഗമായതാണ് കാരണം.

## സ്വർണപാത്തി

ഹിജ്റ് ഇസ്മാഈലിന്റെ ഭാഗത്ത് കഅ്ബയുടെ മുകളിൽ ബന്ധിച്ച സ്വർണ നിർമിതമായ ഒരു പാത്തിയാണിത്.ഇവിടെ വെച്ച് പ്രാർത്ഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കും.ഇവിടെ പലർക്കും അബദ്ധം സംഭവിക്കാറുണ്ട്.ദുആക്ക് ഉത്തരം ലഭിക്കുന്ന സ്ഥലമാണെന്ന് തെറ്റിദ്ധരിച്ച് സ്വർണ പ്പാത്തിയുടെ നേരെ യുള്ള ചുമരിനോട് ചാരിനിന്ന് ചിലർ ദുആ ചെയ്യുന്നത് കാണാം.യഥാർത്ഥത്തിൽ ദുആക്ക് ഉത്തരം ലഭിക്കുമെന്ന് പറഞ്ഞ കൃത്യസ്ഥലം അതല്ല.മഴ വർഷിക്കുമ്പോൾ മഴഉറ്റി വീഴുന്ന പോയിന്റാണത്.ഇവിടെ ഒരേ സമയം ഒരാൾ ക്ക് മാത്രമേ നിൽകാൻ സാധിക്കുകയുള്ളൂ.അവിടെ നിൽകുമ്പോൾ റസൂലുല്ലാഹി ﷺ യും മറ്റു പ്രവാചകന്മാരും മഹാന്മാരും നിന്നിട്ടുള്ള സ്ഥലമാണെന്ന് കരുതി ഈയൊരു ബഹുമാനവും ആദരവും ആസ്ഥലത്തിന് കൽപിക്കണം.

## മുൽതസം

റസൂലുല്ലാഹി ﷺ കൂടുതലായി ദുആ ചെയ്യാൻ പ്രത്യേകം തെരഞ്ഞെടുത്ത സ്ഥലമായതിനാലാണ് മുൽതസം എന്ന് പേര് വന്നത്.പലരും ധരിച്ചത് പോലെ കഅ്ബയുടെ ഉമ്മറപ്പടിയല്ല മുൽതസം.മറിച്ച് കഅ്ബയുടെ വാതിലിനും ഹജറുൽ അസ്‌വദിനും ഇടയ്ക്കുള്ള സ്ഥലമാണത്.ഉമ്മറപ്പടിക്ക് പുണ്യമില്ല എന്ന് ഇത് കൊണ്ടർത്ഥമില്ല.ദുആക്ക് ഉത്തരം കിട്ടുന്ന സ്ഥലങ്ങളെ എണ്ണിയതിൽ പെട്ട മുൽതസമിൽ ഉമ്മറപ്പടി പെടുകയില്ല.

മുൽതസമിൽ നിൽക്കുമ്പോൾ റസൂലുല്ലാഹി ﷺ യും മറ്റുപ്രവാചകന്മാരുടെയും സാന്നിധ്യം കൊണ്ട് അനുഗ്രഹീതമായ സ്ഥലമാണെന്ന ചിന്ത ആവശ്യമാണ്.അവരുടെ പാദവും ശരീരവും സ്പർശിച്ച സ്ഥലമാണത്. അതിന്റെ പുണ്യംകൊണ്ടെങ്കിലും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുമെന്ന പ്രതീക്ഷവേണം.എങ്കിലും മറ്റുള്ളവർക്ക് ബുദ്ധിമുട്ടാകുന്ന വിധം പ്രവർത്തനങ്ങൾ ഇവിടെയും പാടില്ല.നമ്മുടെ ഉദ്ദേശ്യം ശുദ്ധമെങ്കിൽ ﷲ വിൽ നിന്ന് സ്വീകാര്യതയും അതിനുള്ള അവസരവും ലഭിക്കാതിരിക്കുകയില്ല.

## സംസം

സംസം വെള്ളം ധാരാളമായി കുടിക്കൽ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു.സംസം കൂടുതൽ കുടിക്കൽ ഈമാനിന്റെ ലക്ഷണവും കുറച്ച് കുടിക്കൽ കാപട്യത്തിന്റെ ലക്ഷണവുമാണ്.നബിﷺപറഞ്ഞു സത്യവിശ്വാസിയും കപടവിശ്വാസിയും തമ്മിലുള്ള വ്യത്യാസം കപട വിശ്വാസിക്ക് സംസം വയറ് നിറയെ കുടിക്കാൻ സാധിക്കുകയില്ല എന്നതാണ്.

ഇബ്നു അബ്ബാസ്(റ)ഉദ്ധരിക്കുന്നു നബി(സ)പറഞ്ഞു :സംസം വയറ്

നിറയെകുടിച്ചാൽ കാപട്യത്തിൽ നിന്ന് മോചനം ലഭിക്കും.(അസ്റക്കി)

വെള്ളങ്ങളിൽ ഏറ്റവും മഹത്വം നബിﷺയുടെ കൈവിരലുകൾക്കിട യിൽ നിന്ന് ഉറവപൊട്ടിയ വെള്ളമാണ്.രണ്ടാം സ്ഥാനം സംസം മൂന്ന് ഹൗളുൽ കൗസർ നാലാമത്തെത് ഈജിപ്തിലെ നൈൽ നദിയിലെ വെള്ളം ശേഷം ബാക്കി വെള്ളങ്ങൾ.

സംസമിന് മറ്റൊരു മഹത്വം കൂടിയുണ്ട്.റസൂലുല്ലാഹി ﷺ യുടെ ഉമി നീർ അതിൽ കലർന്നിട്ടുണ്ടെന്നതാണ് അത്.ഇമാം ത്വബ്റാനി ﷺ ഉം മറ്റും നിവേദനം ചെയ്യുന്ന ഹദീസ് നബി ﷺ സംസമിലേക്ക് വന്നു.എന്നിട്ട് അതിൽ നിന്ന് ഒരു പാത്രത്തിൽ വെള്ളം മുക്കിയെടുത്തു.നബിﷺഅൽപം കുടിച്ച ശേഷം പാത്രത്തിൽ തുപ്പുകയും ശേഷം ആവെള്ളം സംസം കിണ റിലേക്ക് തന്നെ ചൊരിക്കുകയും ചെയ്തു.(വെള്ളം എടുത്ത് കൊടുത്തത് അബ്ബാസ് (റ)ആണെന്ന് റിപ്പോർട്ടുണ്ട്.)

നബിﷺയുടെ ചെറുപ്പകാലത്ത് ആടു മേയ്ക്കാൻ പോയ സമയം രണ്ടു മലക്കുകൾ വന്ന് നബി ﷺയുടെ നെഞ്ച് പിളർത്തി ഹൃദയം പുറത്തെടുത്ത് കഴുകി ശുദ്ധിയാക്കിയ ഒരു സംഭവമുണ്ടായിട്ടുണ്ട്.അതിന് അവർ ഉപയോ ഗിച്ചത് സംസം വെള്ളമായിരുന്നു.നബി*ഒരാൾക്ക് പാരിതോശികം നൽകാൻ ഉദ്ദേശിച്ചാൽ സംസം നൽകുമായിരുന്നു.

സംസം നമ്മുടെ ദോഷങ്ങളെ പൊറുപ്പിക്കും. ജാബിർ(റ)വിൽ നിന്ന് നിവേദനം നബി ﷺ പറഞ്ഞു : 'ആരെങ്കിലും കഅ്ബ ഏഴ് പ്രാവശ്യം ത്വവാഫ് ചെയ്യുകയും ഇബ്റാഹീം മഖാമിനു പിന്നിൽ രണ്ട് റക്അത്ത് നിസ്കരിക്കുകയും സംസം കുടിക്കുകയും ചെയ്താൽ അവന്റെ ദോഷം എത്ര അധികരിച്ചതാണെങ്കിലും പൊറുക്കപ്പെടും'.

## മൂന്ന് ഉറവകൾ

ഇമാം അസ്റകീ(റ)ഉദ്ധരിക്കുന്നു സംസം കിണറിന് മൂന്ന് ഉറവക ളുണ്ട്.ഒന്ന് ഹജറുൽ അസ്വദ് നിലകൊള്ളുന്ന റുക്നുൽ അസ്വദിന്റെ ഭാഗത്തുനിന്നും രണ്ടാമത്തേത് സഫാ മലയുടെ ഭാഗത്ത് നിന്നും മൂന്നാമത്തേത് മർവാ മലയുടെ ഭാഗത്തു നിന്നുമാണ്.ഇതിൽ റുക്നുൽ അസ്വദിന്റെ ഭാഗത്തു നിന്നുള്ള ഉറവ സ്വർഗീയ ഉറവകളിൽ പെട്ടതാണ്.

## വിശക്കുന്നവന് ഭക്ഷണം

ദാഹിക്കുന്നവന് ദാഹശമനിയും വിശക്കുന്നവന് ഭക്ഷണവുമാണ് സംസം.അബൂദർറ് (റ) നിവേദനം നബിﷺപറഞ്ഞു നിശ്ചയം സംസം ബറ കത്താണ്.അത് ഭക്ഷണമാണ്.സംസം മാത്രം കുടിച്ച് ജീവൻ നില നിർത്താൻ സാധിക്കും ഹജ്ജിന് പോയ ഒരു മലയാളി സ്ത്രീ മക്കയിൽ വെച്ച് സഹയാത്രികരെ കാണാതായപ്പോൾ പതിനാറ് ദിവസം സംസം

മാത്രം കുടിച്ച് ഹറമിൽ കഴിച്ച് കൂട്ടി.

ഇബ്നു അബ്ബാസ്(റ) പറയുന്നു:സംസം എന്തുദ്ദേശത്തോടെയാണോ കുടിച്ചത് അത് സാക്ഷാൽകരിക്കപ്പെടും സംസം കുടിക്കുമ്പോൾ നിഷ്കപടമായ കരുത്ത് ആവശ്യമാണ്.പരീക്ഷണാർത്ഥം സംസം കുടിക്കരുത്. ഇബ്നു അബ്ബാസ്(റ) സംസം കുടിച്ച് കഴിഞ്ഞാൽ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. اللهم اني اسألك علما نافعا ورزقا واسعا وشفاء من كل داء അല്ലാഹുവേ!എനിക്ക് ഉപകാരപ്രദമായ അറിവും ഭക്ഷണത്തിൽ വിശാലതയും മുഴുവൻ രോഗങ്ങളിൽ നിന്നും ശമനവും നൽകേണമേ.

## രോഗശമനി

സംസം രോഗശമനിയാണ്.ശാരീരികവും മാനസികവുമായ എല്ലാ രോഗത്തിനും ഫലപ്രദമാണ് സംസം.പണ്ഡിതന്മാർ വിശദീകരിക്കുന്നു:അസൂയ,അഹംഭാവം എന്നിവ ഉഛാടനം ചെയ്യാൻ സംസമിനു സാധിക്കും.കണ്ണിന് കാഴ്ച്ച വർധിക്കും.ഹൃദയം പ്രഭാമയമാകും.അറിവ് വർധിക്കും.തലവേദനമാറും.ഹൃദയം ലോലമാകും.ആരോഗ്യമുണ്ടാകും.ഇബാദത്തിന് താൽപര്യമുണ്ടാകും.മൂത്രസംബന്ധമായ രോഗങ്ങൾ സുഖപ്പെടും. തുടങ്ങിയ ഒട്ടേറെ ഫലങ്ങൾ സംസമിനുണ്ട്.

സംസം എല്ലാ രോഗത്തിനും മരുന്നാണെങ്കിലും പനിക്ക് പ്രത്യേകം ശമനമുണ്ട്.നബിﷺപറഞ്ഞു.‘പനി നരകത്തിന്റെ കാറ്റിൽ നിന്നുള്ളതാണ്. സംസം വെള്ളം കൊണ്ട് നിങ്ങൾ അതിനെ തണുപ്പിക്കുക’.(അഹ്മദ്,അബൂബക്റിബ്നു അബീശൈബ,ഇബ്നുഹിബ്ബാൻ)

## വറ്റാത്ത ജലധാര

അന്ത്യനാളിൽ ഭൂമിയിലെ എല്ലാ നൽതണ്ണീരും ഉയർന്നുവരികയും ആണ്ട് പോവുകയും ചെയ്യും.സംസം ആണ്ട് പോവുകയില്ല.അത് വറ്റാതെ നിലകൊള്ളും.

സംസം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാം.വുളു ചെയ്യാനും അവശ്യഘട്ടങ്ങളിൽ കുളിക്കും സംസം ഉപയോഗിക്കാം.മനോഹരം ചെയ്യാനും മറ്റും സംസം ഉപയോഗിക്കുന്നത് കറാഹത്താണ് എന്നാണ് ചില പണ്ഡിത പക്ഷത്തിന്റെ അഭിപ്രായം.

സംസമിന് ഇനിയും ധാരാളം മഹത്വങ്ങളുണ്ട്.നോട്ടം പുണ്യമായ അഞ്ച് സ്ഥലങ്ങളിൽ സംസമും ഉൾപെടുന്നു.1. മുസ്ഹഫ് 2.കഅ്ബ 3.മാതാപിതാക്കൾ 4.പണ്ഡിതന്മാർ.ദോഷങ്ങൾ പൊറുപ്പിക്കാൻ പര്യാപ്തമാണ് പ്രസ്തുത ദർശനങ്ങൾ ഇമാം ഫാകിഹി ഇത് ഉദ്ധരിച്ചിട്ടുണ്ട്.

## ശാസ്ത്രനിരീക്ഷണം

മത വീക്ഷണത്തിലെന്ന പോലെ ശാസ്ത്ര നിരീക്ഷണത്തിലും സംസ

മിന് ധാരാളം മഹത്വങ്ങൾ തെളിയിക്കപ്പെട്ടിട്ടുണ്ട്.ഇമാം ബദ്റുദ്ധീൻ ﵀ ഉദ്ധരിക്കുന്നു : ഞാൻ സമുദ്രത്തിലെ വെള്ളവും സംസവും തൂക്കി നോക്കി സംസം സമുദ്ര ജലത്തേക്കാൾ നാലിലൊന്ന് കൊണ്ട് തൂക്കം കൂടുതലായിരുന്നു.

ഈയടുത്ത കാലം വരെ സംസം കിണറിനടുത്ത് വരെ ചെല്ലാൻ സൗകര്യമുണ്ടായിരുന്നു.എന്നാൽ ഹജ്ജിന് വരുന്നവരുടെ ആധിക്യം കാരണം ത്വവാഫിന് തിരക്ക് അനുഭവപ്പെട്ടപ്പോൾ മത്വാഫ് വിശാലമാക്കുന്നതിന്റെ ഭാഗമായി സംസമിന്റെ ഭാഗം മൂടിയതിനാൽ ഇപ്പോൾ ഈ സൗകര്യം ലഭ്യമല്ല.എങ്കിലും ബാബുസ്സലാമിന്റെ ഭാഗത്തിലൂടെ അതിലേക്ക് വഴിയുണ്ട്.ഇതിലൂടെ പോയാൽ സംസം കിണർ കാണാൻ സാധിക്കുമത്രെ.

## സംസമിന്റെ നാമങ്ങൾ

زَمْزَمٌ ، شَبَّاعَةٌ ، مُرْوِيَةٌ ،نَافِعَةٌ ، عَافِيَةٌ ، مَيْمُونَةٌ
بَرَكَةٌ ، بَرَّةٌ ،مَضْنُونَةٌ ، كَافِيَةٌ ،مُعْذِيَةٌ ،شِفَاءُ سَقَمٍ
طَعَامُ طُعْمٍ ،هَزْمَةُ جِبْرِيلْ ، سُقْيَا اِسْمَاعِيلْ

## ഹത്വീം

ഹജറുൽ അസ്വദ്,ഇബ്റാഹീം മഖാം,സംസം,ഹിജ്റ് ഇസ്മാഈൽ എന്നിവക്കിടയിലുള്ള സ്ഥലമാണ് ഹത്വീം.അവിടെ വെച്ചുള്ള പ്രാർത്ഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കും.അക്രമികൾക്കെതിരെയുള്ള പ്രാർത്ഥനക്ക് പെട്ടെന്ന് ഉത്തരം ലഭിക്കുന്നത് കൊണ്ട് അവർക്കെതിരിൽ ദുആ ചെയ്യുമ്പോൾ അവരുടെ അക്രമത്തിന്റെ അളവിനേക്കാൾ കൂടിപ്പോകാതിരിക്കാൻ ശ്രദ്ധിക്കുക.ഇമാം ഗസ്സാലി(റ) ഈ വിഷയം പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

# അനുഷ്ഠാനങ്ങളുടെ പൊരുൾ

## ത്വവാഫ്

കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നതിന് ത്വവാഫ് എന്ന് പറയുന്നു.ത്വവാഫിന്റെ സമയത്ത് തികഞ്ഞ മനസ്സാന്നിധ്യം ആവശ്യമാണ്.അർശിനെ സദാ ത്വവാഫ് ചെയ്ത് കൊണ്ടിരിക്കുന്ന മലക്കുകളുടെ പ്രവർത്തനത്തോട് സമാനമാണ് ത്വവാഫ്. ത്വവാഫ് കൊണ്ടുദ്ദേശ്യം ശരീരം കഅ്ബയുടെ ചുറ്റും പ്രദക്ഷിണം ചെയ്യൽ മാത്രമല്ല. കഅ്ബയുടെ നാഥനെ മനസ്സിൽ ത്വവാഫ് ചെയ്യിക്കലാണ് പ്രധാനം.ത്വവാഫ് കഅ്ബയിൽ നിന്ന് തുടങ്ങി കഅ്ബയിൽ അവസാനിക്കുന്നത് പോലെ ഇലാഹീ സ്മരണ ﷲവിൽ തുടങ്ങി ﷲ വിൽ അവസാനിക്കണം.

ഏറ്റവും ഉൽകൃഷ്ടമായ ത്വവാഫ് ﷻ വിനെക്കുറിച്ചുള്ള സ്മരണ മനസ്സിൽ സഞ്ചരിപ്പിക്കലാണ്.അതിന്റെ ഒരു കർമാവിഷ്കാരം മാത്രമാണ് ത്വവാഫ്.അദൃശ്യ ത്വവാഫിന്റെ ദൃശ്യവൽകരണമാണത്.ﷻ വിൽ നിന്ന് ജ്ഞാനം സിദ്ധിച്ചവർക്ക് ദൃശ്യലോകം അദൃശ്യലോകത്തെ വെളിവാക്കിക്കൊടുക്കുന്നു.

ആകാശത്തിലെ ബൈതുൽ മഅ്മൂർ പരിശുദ്ധ കഅ്ബയുടെ നേർക്കാണ് സ്ഥിതി ചെയ്യുന്നത്.മനുഷ്യർ കഅ്ബയെ ത്വവാഫ് ചെയ്യുന്നത് പോലെ മലക്കുകൾ അതിനെ ചുറ്റി ത്വവാഫ് ചെയ്യുന്നു.ത്വവാഫ് ചെയ്യുന്ന അവസരത്തിൽ മലക്കുകളെ ﷻ അംഗീകരിച്ചത് പോലെ എന്നെയും അംഗീകരിക്കണമെന്ന വിചാരം വേണം.അവരുടെ പ്രവർത്തനത്തോട് സമാനമായാൽ അത് ലഭ്യമാകുമല്ലോ.നബി ﷺ പറഞ്ഞിരിക്കുന്നു.ഒരു സംഘത്തോട് ആരെങ്കിലും സദൃശ്യമായാൽ അവൻ അവരിൽ പെട്ടവനാണ്.

ത്വവാഫ് ചെയ്യുമ്പോൾ ത്വവാഫല്ലാത്ത മറ്റുദ്ദേശ്യങ്ങൾ ഉണ്ടായിരിക്കരുത്.അപ്പോൾ അത് ത്വവാഫായി പരിഗണിക്കുകയില്ല.മത്വാഫിൽ വെച്ച് യാദൃശ്ചികമായി കണ്ടുമുട്ടിയ സുഹൃത്തിന്റെ അടുത്ത് എത്താനെന്ന ഉദ്ദേശത്തോടെയുള്ള നടത്തവും കാണാതായവരെ അന്വേഷിച്ചുള്ള നടത്തവും ത്വവാഫായി കണക്കാക്കപ്പെടുകയില്ല.അത് കൊണ്ട് അബദ്ധത്തിൽ ഇങ്ങനെ വന്ന് പോയാൽ ഉദ്ദേശ്യം മാറിയത് എവിടെ നിന്നാണോ അവിടം മുതൽ ത്വവാഫ് പൂർത്തിയാക്കുക.

## ത്വവാഫിന്റെ മഹത്വം

നബി ﷺപറഞ്ഞു : ആരെങ്കിലും കഅ്ബ ത്വവാഫ് ചെയ്താൽ അവന്റെ ഓരോ ചവിട്ടടിക്കും പകരം ഒരു നന്മ രേഖപ്പെടുത്തുകയും ഒരു തിന്മ പൊറുക്കുകയും ഒരു പദവി ഉയരുകയും ചെയ്യും.ഇബ്നുഅബ്ബാസ്(റ) നിവേദനം നബിﷺപറഞ്ഞു: 'ആരെങ്കിലും കഅ്ബയെ അമ്പത് പ്രാവശ്യം ത്വവാഫ് ചെയ്താൽ ഉമ്മ പ്രസവിച്ച ദിനം പോലെ അവൻ ദോഷത്തിൽ നിന്ന് മുക്തനാകും'.

## ത്വവാഫിൽ പാലിക്കേണ്ടവ

ഹജറുൽ അസ്വദിന്റെ നേരെ ചുവന്ന മാർബിൾ കൊണ്ട് അടയാളപ്പെടുത്തിയ സ്ഥലത്തുനിന്നാണ് ത്വവാഫ് തുടങ്ങേണ്ടത്.എങ്കിലും അതിനും കുറച്ച് പിന്നിൽ നിന്ന് തുടങ്ങുന്നതാണ് ത്വവാഫിന്റെ പരിപൂർണതക്ക് അഭികാമ്യം.കാരണം തിരക്കുള്ള സമയങ്ങളിൽ നിയ്യത്ത് വെച്ച്

പൂർണമാകുന്നതിൻ മുമ്പ് ഒരുപക്ഷെ തുടങ്ങുന്ന സ്ഥാനം തെറ്റിയേക്കാം.

## കഅ്ബ ഇടത്താക്കുക

ത്വവാഫ് ചെയ്യുമ്പോൾ കഅ്ബ ത്വവാഫ് ചെയ്യുന്നവന്റെ ഇടതു ഭാഗത്ത് വരുന്ന രൂപത്തിൽ ത്വവാഫ് ചെയ്യുക.കൂടെയുള്ളവരെ സഹാ യിക്കാനും മറ്റും തിരിഞ്ഞ് നിന്ന് ഇടതുഭാഗം കഅ്ബയിൽ നിന്ന് തെറ്റി ത്വവാഫ് നിർവഹിച്ചാൽ ഈ വിധത്തിൽ സഞ്ചരിച്ച ഭാഗമത്രയും ത്വവാ ഫായി പരിഗണിക്കുകയില്ല.

ത്വവാഫ് തുടങ്ങുന്ന അവസരത്തിൽ ഹജറുൽ അസ്‌വദിനെ ചുംബി ക്കുക.അതിന് സാധിക്കാതെ വന്നാൽ കഅ്ബയുടെ നേരെ തിരിഞ്ഞ് നിന്ന് കൈകൊണ്ട് ആംഗ്യം കാണിച്ച് കൈ ചുംബിക്കുക.ശേഷം اَللّٰهُ اَكْبَرُ بِسْمِ اللّٰهِഎന്ന് മൂന്ന് തവണ പറയൽ സുന്നത്തുണ്ട്.

ഹജറുൽ അസ്‌വദിന്റെ പരിധി കഴിഞ്ഞാൽ പിന്നെ കഅ്ബയിലേക്ക് നേരെ തിരിഞ്ഞുനിൽകരുത്.തിരക്ക് അധികരിച്ച സമയത്ത് ഹജറുൽ അസ്‌വദിലേക്ക് തിരിയുക എന്ന സുന്നത്ത് ഒഴിവാക്കുന്നതാണ് ഉത്തമം. കാരണം,ഈ സുന്നത്ത് ചെയ്യുമ്പോഴേക്കും ഒരു പക്ഷെ കഅ്ബയെ ഇടതു വശത്താക്കുക എന്ന നിബന്ധന പാലിക്കാൻ കഴിയാതെ വന്നേക്കാം.

## നിയ്യത്ത്

ഹജ്ജിന്റെയും ഉംറയുടെയും ത്വവാഫിൽ നിയ്യത്ത് ചെയ്യൽ സുന്നത്തും നിരുപാധികമായി ചെയ്യുന്ന ത്വവാഫിന് (സുന്നത്തായ ത്വവാഫ്)നിയ്യത്ത് ചെയ്യൽ നിർബന്ധവുമാണ്.കഅ്ബയെ ഏഴ് പ്രാവശ്യം ചുറ്റാൻ കരുതുന്നു എന്ന് നിയ്യത്ത് ചെയ്യുക.ഹജ്ജിന്റെയും ഉംറയുടെയും നിയ്യത്തിൽ ത്വവാഫ് അടക്കമുള്ള എല്ലാ കർമങ്ങളും ഉൾപ്പെട്ടതിനാലാണ് പ്രത്യേകം നിയ്യത്ത് നിർബന്ധമില്ലാത്തത്.

ത്വവാഫിനിടയിൽ ക്ഷീണം വരികയോ വുളു മുറിയുകയോ ത്വവാഫ് പൂർത്തിയാക്കാൻ കഴിയാതെ വരികയോ ചെയ്താൽ ബാക്കി ചുറ്റുകൾ പിന്നീട് ചെയ്താൽ മതി.ത്വവാഫ് തുടരെയായിരിക്കണം എന്ന് നിബന്ധ നയില്ല.എങ്കിലും ത്വവാഫ് തുടരെയായി ചെയ്യണമെന്നത് ശക്തിയായ സുന്നത്താണ്.കാരണം കൂടാതെ ത്വവാഫ് മുറിക്കൽ കറാഹത്തുമാണ്. ത്വവാഫ് മുറിച്ചാൽ തുടക്കം മുതൽ ചെയ്യലാണ് സൂക്ഷ്മത.മാലിക്കി മദ്ഹ ബിൽ ത്വവാഫിന്റെ ഏഴ് ചുറ്റലും തുടരെയായിരിക്കൽ നിർബന്ധമാണ്.

## ഔറത്ത് മറക്കൽ

ത്വവാഫിൽ ഔറത്ത് മറച്ചിരിക്കണം. ത്വവാഫിനിടയിൽ ഔറത്ത് വെളിവായാൽ ഉടനെത്തന്നെ മറച്ചാൽ കുഴപ്പമില്ല.ഔറത്ത് മറക്കാൻ വൈകിയാൽ ഔറത്ത് വെളിവായ സമയമത്രയും ചെയ്ത ത്വവാഫ് പരിഗണിക്കപ്പെടുകയില്ല.അത് വീണ്ടും നിർവഹിക്കണം.

പുരുഷൻ ഉടുമുണ്ട് ധരിക്കുമ്പോൾ പൊക്കിൾ ഭാഗവും പിൻഭാഗവും ശരിയായ വിധം മറച്ചിരിക്കണം.മേൽ തട്ടത്തിന്റെ അറ്റം പിന്നിൽ തിരികി വെച്ചാൽ മതി.ത്വവാഫിന് മുമ്പ് ഔറത്ത് പൂർണമായി മറച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.ഔറത്ത് മറക്കേണ്ടത് മുകൾ ഭാഗത്ത് നിന്നും ചുറ്റു ഭാഗങ്ങളിൽ നിന്നും നോക്കിയാൽ കാണാത്ത വിധത്തിലായിരിക്കണം.

സ്ത്രീ ത്വവാഫിൽ മുഖവും മുൻകൈയും ഒഴികെ മറ്റെല്ലാ ഭാഗങ്ങളും മറക്കണം.കാലിന്റെ ഭാഗം വെളിവാകാതിരിക്കാൻ കാലുറ(സോക്സ്)ധരിക്കുക.തൊലിയുടെ നിറം തെളിയാത്ത വിധം കട്ടിയുള്ള സോക്സ് വാങ്ങുക.

## റംല് നടത്തം

ത്വവാഫിന്റെ ആദ്യത്തെ മൂന്ന് ചുറ്റലിൽ റംല് നടത്തം സുന്നത്താണ്.കുലുങ്ങി കുലുങ്ങി നടക്കുകയാണ് റംല് നടത്തം.ഇത് സ്ത്രീകൾക്ക് സുന്നത്തില്ല.അവർക്ക് അത് കറാഹത്താണ്.

റംല് നടത്തം നഷ്ടപ്പെട്ടാൽ പിന്നീടുള്ള നടത്തത്തിൽ അവ വീണ്ടെടുക്കേണ്ടതില്ല.എങ്കിലും അതിനു സാധിക്കാത്തതിൽ ഖേദവും നഷ്ടബോധവും ഉണ്ടായിരിക്കണം.അത് ത്വവാഫിൽ പ്രകടമാക്കുകയും വേണം.വിദാഇന്റെ ത്വവാഫിൽ റംല് നടത്തം ഇല്ല.

## സംസാരം

സംസാരം കൊണ്ട് ത്വവാഫ് മുറിയുകയില്ല.നല്ലത് കൽപിക്കുക.ചീത്ത വിരോധിക്കുക,അറിവ് പഠിപ്പിക്കുക,ഫത്‌വക്ക് ജവാബ് നൽകുക എന്നിവ നല്ലതാണ്.ഈ വിഷയത്തിൽ ത്വവാഫ് നിസ്കാരവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.ത്വവാഫിന്റെ ഇടയിൽ ഖുർആൻ ഓതുന്നത് മാലിക്ക് മദ്ഹബ് അല്ലാത്ത മദ്ഹബുകളിൽ അനുവദനീയമാണ്. എങ്കിലും ത്വവാഫിൽ നിശ്ചയിക്കപ്പെട്ട ദിക്റുകളാണ് അഭികാമ്യം.

ത്വവാഫിൽ തിന്നലും കുടിക്കലും കറാഹത്താണ്. കുടിക്കുന്നതിന്റെ കറാഹത്ത് ആപേക്ഷികമായി ലോലമായതാണ്.വായമേൽ കൈ വെക്കുക,വിരൽ കോർക്കുക,വിസർജനത്തിന് ആവശ്യമോ,ഭക്ഷണത്തിന് ആഗ്രഹമോ ഉള്ളതിനോടു കൂടെയാവുക എന്നിവയും ത്വവാഫിൽ കറാഹത്താണ്.

## ത്വവാഫിന് ശേഷമുള്ള സുന്നത്ത് നിസ്കാരം

ത്വവാഫിന് ശേഷമുള്ള സുന്നത്ത് നിസ്കാരം ഇബ്റാഹീം മഖാമിനു പിന്നിൽ നിന്ന് നിസ്കരിക്കലാണ് ഏറ്റവും ഉത്തമം.അതിന് സാധിച്ചില്ലെങ്കിൽ ഹിജ്റ് ഇസ്മാഈലിൽ വെച്ചും അതിനും സാധിച്ചില്ലെങ്കിൽ മസ്ജിദുൽ ഹറാമിൽ വെച്ചുമാണുത്തമം.

ത്വവാഫിന്റെ സുന്നത്ത് ഹറമിൽ എവിടെ വെച്ച് നിസ്കരിച്ചാലും മതിയാകും.ഉടനെയാകണമെന്ന നിബന്ധനയുമില്ല.ത്വവാഫുകൾ ഒരുമിച്ച ചെയ്തവർക്ക് നിസ്കാരവും ഒരുമിച്ച് നിർവഹിക്കാം.ഹനഫീ മദ്ഹബിൽ പ്രസ്തുത നിസ്കാരം നിർബന്ധമാണ്.

ഹറമിൽ എവിടെയും എപ്പോഴും നിസ്കരിക്കൽ അനുവദനീയമാണ്.നിസ്കാരം കറാഹത്തായ അഞ്ച് സമയങ്ങൾ ഹറമിൽ ബാധകമല്ല. ഹറമിൽ പ്രവേശിച്ചവന്റെ തഹിയ്യത്ത് ത്വവാഫാണ്.ത്വവാഫ് ചെയ്യുന്നില്ലെങ്കിൽ തഹിയ്യത്ത് നിസ്കരിക്കൽ സുന്നത്താണ്.

## പരീക്ഷണങ്ങൾ

ത്വവാഫ് ചെയ്യുമ്പോൾ ﷲ വിന്റെ രാജധാനിക്ക് മുമ്പിലൂടെയാണ് നടക്കുന്നതെന്ന് ഓർക്കണം.ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് എത്തിപ്പെട്ട വ്യത്യസ്ത വർണങ്ങളിലും രൂപത്തിലുമുള്ള ജനങ്ങളുടെ മധ്യത്തിലൂടെയാണ് ത്വവാഫ് ചെയ്യുന്നത് കാണാനും ആസ്വദിക്കാനും ഏറെ
യ ു ണ്ട ് .
പരസ്ത്രീ പുരുഷ ദർശനം വിലക്കിയ ഇസ്ലാം ഇത്തരം ഒരു ഘട്ടത്തിൽ നമ്മെ പരീക്ഷിക്കുകയാണ്.തിന്മക്ക് സാഹചര്യങ്ങൾ ലഭ്യമായിട്ടും അതിൽനിന്ന് വിട്ട് നിൽക്കുമ്പോഴാണല്ലോ പരീക്ഷണത്തിൽ വിജയിക്കുക.

മാതാപിതാക്കൾകാണെ അന്യസ്ത്രീയെ ദർശിക്കുന്നത് നമുക്ക് ജാള്യതയാണ് എന്നാൽ ഇവിടെ നമ്മെ സൂക്ഷിച്ച് നോക്കുന്നത് നമ്മെ സൃഷ്ടിച്ച നാഥനാണ്.അവന്റെ സന്നിധിയിൽ അവന്റെ ഭവനത്തിനു സമീപമാണ് നാം സംഗമിച്ചിട്ടുള്ളത് അത് കൊണ്ട് വൈകാരികമായ ചിന്തകൾ ഒഴിവാക്കി കണ്ണിനെയും മറ്റു അവയവങ്ങളെയും സൂക്ഷിക്കുക അല്ലെങ്കിൽ ഹജ്ജിന്റെ പ്രതിഫലം തന്നെ നഷ്ടമാകും.പുണ്യമായ സ്ഥലങ്ങളിൽ വെച്ചുള്ള തിന്മക്ക് ശിക്ഷ പതിന്മടങ്ങ് വർധിക്കുകയും ചെയ്യും.

## സഅ്യ്

സ്വഫാ മർവാ കുന്നുകൾക്കിടയിലെ സഅ്യ് ഹജ്ജിലെ ഒരു പ്രധാന

കർമമാണ്.മസ്അയുടെ അളവ് 405 മീറ്ററാണ്.അഥവാ ഒരു സഅ്യ് ചെയ്ത് തീരുമ്പോൾ 2.835 കിലോമീറ്റർ നടന്നിരിക്കും. ഒരു അടിമ തന്റെ ഉടമസ്ഥനായ രാജാവിന്റെ കൊട്ടാരമുറ്റത്ത് തന്റെ നിഷ്കളങ്ക സേവനം വെളിപ്പെടുത്തുന്നതിനും ആവശ്യങ്ങൾ രാജാവിനെ ബോധിപ്പിക്കുന്നതിനും രാജാവിന്റെ ശ്രദ്ധ തന്നിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി അങ്ങോട്ടു മിങ്ങോട്ടും നടക്കുന്നത് പോലെയാണിത്.അതിനാൽ സ്വഫാ മർവാ മല കൾക്കിടയിലെ നടത്തത്തിൽ ആദ്യത്തേതിനല്ലെങ്കിൽ പിന്നീടുള്ള പ്രാവ ശ്യങ്ങളിലെങ്കിലും തന്റെ ആവശ്യം പൂർത്തികരിച്ചേക്കാം എന്ന പ്രതീക്ഷ യുണ്ടായിരിക്കണം.കൂടാതെ സ്വഫാ മർവകൾക്കിടയിലെ നടത്തത്തെ അന്ത്യനാളിലെ നന്മ തിന്മകൾ തൂക്കുന്ന ത്രാസിന്റെ തട്ടുകളായി സങ്കൽപിച്ച് നന്മ തിന്മകൾക്കിടയിലെ പ്രതിഗമനമായി അതിനെ കാണു ക.

തുടങ്ങിയേടത്ത് തന്നെ തിരിച്ചെത്തുമ്പോഴാണ് ത്വവാഫ് ഒരു തവണയാകുന്നതെങ്കിൽ സഅ്യ് അങ്ങനെയല്ല.സ്വഫാ മുതൽ മർവ വരെ യുള്ള നടത്തം ഒരു പ്രാവശ്യവും തിരിച്ച് മർവ മുതൽ സ്വഫാ വരെ മറ്റൊരു സഅ്യുമാണ്. സഅ്യിൽ പച്ചത്തൂണുകൾക്കിടയിൽ ഓട്ടവും സ്വഫാ കുന്നിൽ കയറലും പുരുഷന് മാത്രമേ സുന്നത്തുള്ളൂ.ഹാജറ ബീവി വെള്ളം തേടി ഓടിയതിന്റെ സ്മരണക്കാണ് ഇവിടെ എത്തുമ്പോൾ ഓടു ന്നത്.യുക്തിപൂർവ്വം ചിന്തിക്കുമ്പോൾ സ്ത്രീയാണല്ലോ ഓടേണ്ടത്.പക്ഷെ മത നിയമങ്ങളിൽ യുക്തി ചിന്തക്ക് സ്ഥാനമില്ല.

പുരുഷന്മാർ ഇല്ലാത്ത അവസരത്തിലും വിവാഹ ബന്ധം നിഷിദ്ധ മായവർ(മഹ്റം)കൂടെയുണ്ടെങ്കിലും സ്ത്രീക്ക് സ്വഫാ മലയിൽ കയറാം. സഅ്യ് നട്ത്തത്തിലും സ്വഫാമർവാ കുന്നുകളിലും പ്രാർത്ഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കുന്നതാണ്.സഅ്യിൽ നിശ്ചിത ദൂരം നടക്കണ മെന്നല്ലാതെ പ്രത്യേക ഭാഗങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടില്ല.സഅ്യിൽ ഹജ്ജി ന്റെയും ഉംറയുടെയും സഅ്യ് മാത്രമേയുള്ളൂ.ത്വവാഫ് പോലെ സുന്ന ത്തായ സഅ്യ് ഇല്ല.

## എണ്ണത്തിൽ സംശയം

ത്വവാഫ് സഅ്യ് പോലുള്ളവയിൽ എണ്ണത്തിൽ സംശയിച്ചാൽ കുറ ഞ്ഞത് കൊണ്ട് പിടിക്കണം.അഥവാ മൂന്നോ,നാലോ എന്ന് സംശയിച്ചാൽ മൂന്നാണെന്നുറപ്പിച്ച് ബാക്കി എണ്ണം പൂർത്തികരിക്കുക.സഅ്യിൽ വുളൂഉം ഔറത്ത് മറക്കലും നിർബന്ധമില്ല.

# അറഫാ സംഗമം

ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്ന് വിവിധ ഭാഷക്കാരും വർഗക്കാരും സമ്മേളിച്ച് ഓരോരുത്തരും സ്വാർത്ഥ ലക്ഷ്യങ്ങൾക്കായി ﷲ വിനോട് വിളിച്ച് പ്രാർത്ഥിക്കുന്നു.ചെയ്തുപോയ പാപങ്ങളെത്തൊട്ട് ഖേദിച്ച് അറഫയിൽ നിൽക്കുന്ന ഈ രംഗം അന്ത്യ ദിനത്തെയും മഹ്ശറ യിലെ ജന സഞ്ചയത്തെയും ഓർമിപ്പിക്കുന്നതാണ്

എല്ലാവരുടെയും അമീറുമാർ അവരുടെ നബിമാരായും എല്ലാ ഉമ്മത്തും അവരവരുടെ നബിമാരെ പിന്തുടരുന്നവരായും അവരുടെ ശുപാർശയിൽ ആശ്രയിക്കുന്നവരായും കാണണം. സ്വീകരിക്കുമോ ആട്ടപ്പെടുമോ എന്ന ഭീതിയിൽ ഒരേ സ്ഥലത്ത് ബേജാറായി ഒരുമിച്ചുകൂടലിനെ ഇവിടെ ഓർമ്മിച്ചെടുക്കണം. അറഫയിൽ വെച്ചുള്ള പ്രാർത്ഥനക്ക് തീർച്ചയായും ഉത്തരം നൽകപ്പെടും.കാരണം, ﷲ വിന്റെ സാമീപ്യം കരസ്ഥമാക്കിയ പ്രവാചകന്മാരും മഹത്തുക്കളും സമ്മേളിക്കുന്ന സ്ഥലമാണത്.ﷲവിന്റെ തിരുനോട്ടം ആസ്ഥലത്തിനുണ്ട്.എല്ലാ ജനങ്ങളും ആത്മാർത്ഥയോടെ അവരുടെ കരങ്ങൾ ഉയർത്തി ﷲവിനോട് പ്രാർത്ഥിക്കു മ്പോൾ അതൊരിക്കലും തടയപ്പെടുകയില്ല.ﷲവിന്റെ വിശാലമായ അനു ഗ്രഹ വർഷം അവർക്കുണ്ടായിരിക്കും.അറഫയിൽ വെച്ച് പ്രാർത്ഥിക്കു മ്പോൾ ﷲ എന്റെ പ്രാർത്ഥന തിരസ്കരിക്കുമോ എന്ന് സംശയിക്കുന്നത് പാപമാണ്. അഥവാ പ്രാർത്ഥന തീർച്ചയായും സ്വീകരിക്കപ്പെടുമെന്ന ഉറച്ച വിശ്വാസത്തോടെയായിരിക്കണം അറഫയിൽ നിൽക്കേണ്ടത്.എത്ര വലിയ പാപിയുടെ ദോഷവും അറഫ കഴുകിക്കളയും അല്ലെങ്കിലും ഹജ്ജിന്റെ രഹസ്യം ഈ ഒത്തു ചേരലല്ലോ. അല്ലാഹുവിന്റെ റഹ്മത്തിന്റെ പരിധിയിലുൾപ്പെടാൻ ഇത്തരം സുവർണാവസരങ്ങളു പയോഗപ്പെടുത്തല ല്ലാതെ വഴിയില്ല. ഫാതിഹ സൂറത്തിലെ 'നഅ്ബുദു' എന്നതിലും 'നസ്തഈനു' എന്നതിലുമുള്ള ബഹു വചനത്തിലൂടെയും നമ്മൾക്ക് ഈ സംഭവത്തെ ഓർമ്മിച്ചെടുക്കാവുന്നതാണ്. ഒറ്റക്ക് നിസ്കരിക്കുന്നവനും നമ്മൾ നിസ്കരിക്കുന്നു എന്നു പറയാൻ കാരണം ഇമാം ബൈളാവി തങ്ങൾ പറയുന്നത് ഇബാദത്ത് ചെയ്യുന്ന മറ്റുള്ളവരുടെ ചുരുളുകളിലൂടെ എന്റെ ഇബാദത്തിനെയും നിന്നിലേക്ക് ഞാൻ വെക്കുന്നു. അല്ലാഹു ഏറ്റവും വലിയ മാന്യനാണ്. അവൻ കരുണാ വാരിതിയുമാണ്.

മഅ്ശറയിൽ ഓരോരുത്തരും താൻ സ്വീകരിക്കപ്പെടുമോ ഇല്ലയോ എന്ന് വെപ്രാളപ്പെട്ടു കൊണ്ടിരിക്കും. ഈ സ്മരണ അറഫയിൽ സംഗമിക്കുന്ന വർക്ക് ഉണ്ടായിരിക്കണം.എങ്കിൽ അവന് തീർച്ചയായും വിജയമുണ്ട്.

.

## ﷲ വിന്റെ അതിഥി

അറഫ പുണ്യഭൂമി ബാഹ്യമായ അറഫയെ പ്രതിനിധാനം ചെയ്യുമ്പോൾ ന്യൂനതകളും പോരായ്മകളും നിറഞ്ഞ നമ്മുടെ ഹൃദയം ആന്തരിക അറഫയാണ്. അറഫ എന്നാൽ അറിയുക എന്നർത്ഥമുണ്ട്.നാഥനായ ﷲ വിനെ അറിയുമ്പോയാണ് അവന്റെ വിരുന്നു സൽകാരത്തിന് നാം അർഹരാകുന്നത്.ﷲവിന്റെ അതിഥിയാകാൻ ഭാഗ്യം ലഭിച്ചവൻ നവജാത ശിശുവിനെപ്പോലെ കുറ്റ മുക്തനായിത്തീരുന്നു.

അറഫ ഹജ്ജിന്റെ കാതലായ വശമാണ്. ﷲവിന്റെ ഭവനത്തിന്റെ മുറ്റത്തുള്ള മൈതാനമാണ് അത്. സ്വർഗത്തിൽ നിന്നും പുറത്തുവന്ന ആദം നബി عليه السلامമും ഹവ്വാ ബീവി(റ)യും ഭൂമിയിൽ ആദ്യമായി കണ്ടുമുട്ടിയത് അറഫയിൽ വെച്ചാണ്. ഇതാണ് അറഫക്ക് ആ പേര് ലഭിക്കാൻ കാരണം. മറ്റൊരഭിപ്രായ പ്രകാരം സ്വർഗത്തിലെ ഹൂറികൾ തങ്ങളുടെ ഇണകളെ കാണാൻ വെമ്പൽ കൊള്ളുകയും ﷲ വിന്റെ അനുമതി പ്രകാരം അവരെ തിരിച്ചറിയുകയും ചെയ്യുന്നതിനാൽ അറഫ എന്നറിയപ്പെട്ടു.അറഫ ക്ക് പരിചയപ്പെടുക എന്നും അർത്ഥമുണ്ട്.

ﷲ ആദം നബി(അ)മിനെത്തൊട്ട് അന്ത്യനാൾ വരെയുള്ള മുഴുവൻ മനുഷ്യരുടെയും ആത്മാക്കളെ സമ്മേളിപ്പിക്കുകയും അവരെല്ലാവരും അവന്റെ ഏകത്വം അംഗീകരിക്കുകയും ചെയ്ത സംഭവം മുമ്പ് വിശദീകരിക്കുകയുണ്ടായി. ഈ സംഭവത്തിന് സാക്ഷ്യം വഹിച്ചത് അറഫ മൈതാനിയാണെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

അറഫയിൽ നിൽക്കൽ ശ്രേഷ്ഠമായ സമയം രാത്രിയും പകലും സംഗമിക്കുന്ന സമയമാണ്. അറഫ ദിവസം ളുഹ്ർ തൊട്ട് അറഫയുടെ സമയമായി. ലോകത്തെ ഏറ്റവും വലിയ മനുഷ്യ സമാഗമത്തിന്റെ വേദിയാണ് അറഫ.

## മിന

ഹജ്ജിലെ പ്രധാന വിശ്രമ സമയങ്ങളാണ് മിനയിലെ മൂന്ന് ദിനങ്ങൾ.മിനയിൽ രാപ്പാർക്കുമ്പോഴും മറ്റുസമയങ്ങളിലും വുളു ഉണ്ടായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.വുളു ചെയ്ത് കിടന്നവൻ ഉറങ്ങുന്ന അവസരത്തിൽ അവന്റെ ആത്മാവ് അർശിന്റെ താഴ്ഭാഗത്ത് സുജൂദ് ചെയ്ത് കൊണ്ടിരിക്കുകയായിരിക്കും.

## ജംറകളിലേക്ക് കല്ലേറ്

മിനയിലെ തഹിയ്യത്താണ് ജംറകളിലെ കല്ലേറ്.മുസ്ദലിഫയിൽ നിന്ന്

മിനയിൽ പ്രവേശിച്ച് എറിയാനുള്ള സമയമായാലുടനെ എറിയലാണുത്ത മം.എറിയാനുള്ള കല്ലുകൾ മുസ്ദലിഫയിൽ നിന്ന് പെറുക്കിയെടുക്കലും രാത്രിയായിരിക്കലും പ്രത്യേകം സുന്നത്താണ്. മിനയടക്കം ഏത് സ്ഥല ത്തുനിന്നും കല്ല് പെറുക്കിയെടുക്കാം.

കല്ലെറിയുമ്പോൾ ഉയർന്ന് നിൽക്കുന്ന സ്തൂപങ്ങളിൽ തട്ടണമെന്നി ല്ല.കളത്തിൽ വീണാൽ മതി.ഏഴ് കല്ലുകളും കളത്തിൽ വീണിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തണം. അവരക്കയുടെ വിത്തിന്റെ വലിപ്പമുള്ള ചെറിയ കല്ലു കൾ കൊണ്ടാണ് എറിയേണ്ടത്.കൂടുതൽ തിരക്കില്ലാത്ത സന്ദർഭം നോക്കി എറിയാൻ ശ്രമിക്കുക. മറ്റുള്ളവർക്ക് പ്രയാസമുണ്ടാക്കുന്ന പ്രവർത്തന ങ്ങൾ ഉണ്ടാവുകയും അരുത്.

## പിശാചിനെ കല്ലെറിയുക

ജംറകളിലെ കല്ലേറിൽ ബുദ്ധിഹീനമായ പ്രവർത്തനങ്ങളൊന്നുമില്ല. മറിച്ച് ﷲവിന്റെ ആജ്ഞക്ക് കീഴ്പെട്ട് അവനോടുള്ള അടിമത്തം വെളിവാ ക്കലാണത്. ബുദ്ധിക്ക് മെരുങ്ങാത്തതും ശരീരത്തിന് വഴങ്ങാത്തതും നീ എന്നോട് കൽപ്പിച്ചാൽ ഞാനവിടെ സജീവ സാന്നിധ്യമായിരിക്കും ,കാരണം ഞാൻ നിന്റെ അടിമയാണ് നീ ഉടമയും . യഥാർത്ഥ അടിമക്കുമുമ്പിൽ ഒരു അജണ്ട മാത്രമേയുള്ളൂ അതു സമർപ്പണമാണ്. അത് കല്ലേറിൽ കൂടുതൽ പ്രകടമാകും. അതിന് പുറമെ ഇബ്റാഹീമി മാതൃക പിൻപറ്റൽ കൂടിയുണ്ട്.

ﷲവിന്റെ ആജ്ഞയനുസരിച്ച് പുത്രനെ ബലിക്ക് വേണ്ടി കൊണ്ട് പോകുമ്പോൾ ഈ സ്ഥലത്ത് വെച്ചാണ് ഇബ്ലീസ് ഇബ്റാഹീം നബി عليه السلامമിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചത്. ഇബ്റാഹീം നബി عليه السلام ഇബ്ലീസിനെ കല്ലെടുത്ത് എറിഞ്ഞോടിച്ചു. ഇതിന്റെ സ്മരണയ്ക്കാണ് ജംറകളിലെ കല്ലേ റ്. അല്ലാഹുവിന് നാം ചെയ്യുന്ന ആരാധനകളിൽ ഇബ്റാഹീമിയ്യ മില്ലത്തിനോട് ഇത്ര സാദൃശ്യമുള്ള മറ്റൊരു ആരാധനയുമില്ല. റംല് നടത്തമല്ലാത്ത എല്ലാ കാര്യങ്ങളിലും ഹജ്ജിൽ ഇബ്റാഹീമിയ്യ മില്ലത്തും മുഹമ്മദിയ്യ മില്ലത്തും സമമാണ്.

ഇബ്റാഹീം നബി(അ)മിന്റെ മുമ്പിൽ ഇബ്ലീസ് പ്രത്യക്ഷനായിരു ന്നു. നമ്മുടെ മുമ്പിൽ പ്രത്യക്ഷനാകുന്നില്ല.പിന്നെ നാം എന്തിനാണ് കല്ലെറിയുന്നത് എന്ന് തോന്നിയേക്കാം. ഈ ചിന്ത പൈശാചികമാണ്. അത് കൊണ്ട് നമ്മുടെ മനസ്സിൽ പിശാച് തോന്നിപ്പിക്കുന്ന ഇത്തരം ദുർബോധങ്ങളെ തടയാൻ വേണ്ടിയാണ് ജംറകളിലെ കല്ലേറ്. ബാഹ്യ മായി കൽതറയിലാണ് എറിയുന്നതെങ്കിലും യഥാർത്ഥത്തിൽ പിശാചിനും ദേഹേഛകൾക്കെതിരെയുമാണ് കല്ലെറിയുന്നത്. അഥവാ ﷲ വിനോടുള്ള പരമമായ അനുസരണയിലൂടെ മാത്രമെ പൈശാചികതയെ വെടിയാൻ

സാധിക്കുകയുള്ളൂ. അവന്റെ കൽപനകൾ പാലിക്കപ്പെടുമ്പോൾ പിശാചിന്റെ മുതുവൊടിയുന്നു.പൈശാചികത തകർത്തെറിയപ്പെടുന്നു.

ജംറതുൽ വുസ്തയെയും ജംറതുൽ ഊലയെയും(ഒന്നുംരണ്ടും ജംറകൾ)എറിഞ്ഞ ശേഷം പ്രത്യേകം പ്രാർത്ഥന സുന്നത്താണ്.മൂന്നാം ജംറയിലെ ഏറ് കഴിഞ്ഞ് ദുആ ചെയ്യൽ സുന്നത്തില്ല.

## മൃഗബലി

അല്ലാഹുവിന്റെ കൽപ്പനക്ക് വഴങ്ങി അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗമാണ് ബലി. ബലിക്കു പിന്നിൽ ത്യാഗത്തിന്റെയും സഹനത്തിന്റെയും അനശ്വര ചരിത്രങ്ങളുണ്ട് പുത്രനെ ബലി അറുക്കാൻ ഇബ്റാംഹീം നബി عليه السلام തയ്യാറായപ്പോൾ പകരം അറുക്കാനായി സ്വർഗത്തിൽ നിന്ന് ﷻ ആടിനെ ഇറക്കിക്കൊടുത്തു.അദ്ദേഹം ആടിനെ അറുത്തു.

ഹജ്ജിലുള്ള ബലി ഇതിനെ അനുസ്മരിപ്പിക്കുന്നു. അറവ് മൃഗത്തിന്റെ ഭാഗങ്ങൾക്കു പകരം എന്റെ ഭാഗങ്ങളെ നരകത്തിൽ നിന്ന് മോചിപ്പിക്കണെമെന്ന് അവൻ ആലോചിക്കണം കാരണം ബലി മൃഗത്തിന്റെ ഓരോ അംഗങ്ങൾക്കും പകരം ബലിയറുക്കുന്നവന്റെ ഓരോ അംഗങ്ങൾ നരകമോചനം നേടുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്. അത് കൊണ്ടാണ് ബലി മൃഗത്തെ തിരഞ്ഞെടുക്കുമ്പോൾ അംഗ വൈകല്യമില്ലാത്തതും ആരോഗ്യമുള്ളതുമായിരിക്കണം എന്ന് പറയുന്നത്.അതിലൂടെ നമ്മുടെ പൂർണ അവയവങ്ങൾക്കും നരകമോചനം നേടാൻ സാധിക്കും.ബലിയറുക്കുമ്പോൾ നമ്മുടെ ഹൃദയത്തിലെ ദുർഗുണങ്ങളെക്കൂടി ബലി കഴിക്കുകയാണ്.

## മുടി കളയൽ

ഹജ്ജിന്റെ റുക്നുകളിൽ പെട്ടതാണ് മുടി കളയൽ പുരുഷൻ മുടി പൂർണമായും ക്ഷൗരം ചെയ്യലാണ് സുന്നത്ത്.കാരണം നബി ﷺ മൂന്ന് തവണ ഇങ്ങനെ പ്രാർത്ഥിച്ചു : اللهم ارحم المحلقين ക്ഷൗരം ചെയ്യുന്നവർക്ക് നീ കരുണ ചെയ്യണേ.

മുടിവെട്ടുന്നവർക്ക് വേണ്ടിയും പ്രാർത്ഥിക്കാൻ സ്വഹാബത്ത് ആവശ്യപ്പെട്ടപ്പോൾ മൂന്നാം തവണയാണ് അവർക്ക് വേണ്ടി നബിﷺ പ്രാർത്ഥിച്ചത്.ഇഹ്റാം ചെയ്ത് അറഫയും മുസ്ദലിഫയും ജംറയിലെ ഏറും കഴിഞ്ഞ ശേഷമാണ് മുടി കളയേണ്ടത്.ജംറയെ എറിഞ്ഞിട്ടില്ലെങ്കിൽ സഅ്യ്,ത്വവാഫ് എന്നിവ കഴിയണം.

# മാനവിക ദർശനങ്ങൾ

ഹജ്ജ് തീർത്തും സഹിഷ്ണുതാ പരവും മാനവിക ഐക്യം ഊട്ടിയുറപ്പിക്കുന്നതുമാണ്. എല്ലാവരും തുല്യരാണെന്ന സമത്വത്തിന്റെ ദർശനങ്ങൾ ഹജ്ജിൽ മുഴുക്കെ പ്രകടമാണ്.

## സമത്വം

സമത്വത്തിന്റെ പൂർണത കൈവരുന്നത് ഹജ്ജിലാണ്.സുഹൃദ് ബന്ധത്തിന്റെ ആഴവും അത് നമുക്ക് മനസ്സിലാക്കിത്തരുന്നു.സുഹൃത്തിനെപ്പറ്റി പരിഹാസവും പരദൂഷണവും പറയുന്നതിനെത്തൊട്ട് തടഞ്ഞ് നിർത്തുന്നു.സമത്വമെന്ന ആശയം പൂർണമായി ഉൾകൊണ്ടാൽ മാത്രമെ ഇത്തരം പൈശാചികത മനസ്സിൽ നിന്ന് കൂടൊഴിയുകയുള്ളൂ.നബി ﷺ പറഞ്ഞു: لا فضل لعربي على اعجمي ولا لابيض على اسود അറബിക്ക് അനറബിയേക്കാളോ വെളുത്തവന് കറുത്തവനേക്കാളോ സ്ഥാനമില്ല.

കറുത്ത വർഗക്കാരനും വെളുത്ത വർഗക്കാരനും തോളുരുമ്മി ത്വവാഫും സഅ്യും നിർവഹിക്കുന്നു.പണക്കാരനും ദരിദ്രനും ഒരേ വേഷമണിഞ്ഞ് ഹജ്ജിന്റെ കർമങ്ങളിൽ ഏർപ്പെടുന്നു. എല്ലാവർക്കും തുല്യ സ്ഥാനം.തൊട്ടു കൂടായ്മയും തീണ്ടിക്കൂടായ്മയും ഇല്ല.വർഗ വർണങ്ങളുടെ പേരിൽ പരസ്പര വിവേചനമില്ല.

ജാഹിലിയ്യാ കാലഘട്ടത്തിൽ വർണത്തിന്റെയും വർഗത്തിന്റെയും ഗോത്ര മഹിമയുടെയും പേരിൽ പരസ്പരം കലഹിക്കുകയും യുദ്ധം ചെയ്യുകയുംചെയ്തിരുന്ന ഒരു സമൂഹത്തെ ഈ വിധം പാകപ്പെടുത്തിയെടുക്കാൻ തിരുനബി ﷺ ക്ക് സാധിച്ചു.കൊട്ടാര സമാനമായ വീടുകളിലും മണിമന്ദിരങ്ങളിലും മാത്രം വസിച്ചവർ ഹജ്ജിനെത്തുമ്പോൾ വിശാലമായ അറഫ മരുഭുമിയിൽ സൂര്യന്റെ ചൂടേറ്റ് പൊരിയുന്നു.ഒരാൾക്ക് മാത്രം പ്രത്യേക സജ്ജീകരണങ്ങളൊന്നും അവിടെ ലഭിക്കുകയില്ല.എല്ലാവർക്കും തുല്യ അനുഭവമായിരിക്കും.

അറഫ സംഗമം കഴിഞ്ഞ് ക്ഷീണിച്ച് അവശരായി ഹാജിമാർ കിലോമീറ്ററുകൾ നടന്ന അല്ലെങ്കിൽ സാവധാനത്തിൽ അരിച്ച് നീങ്ങുന്ന വാഹനങ്ങളിൽ മുസ്ദലിഫയിലെത്തുന്നു.കുറഞ്ഞ ദൂരം സഞ്ചരിക്കാൻ പോലും വാഹനങ്ങളെ ആശ്രയിച്ചിരുന്നവർ ഇവിടെ മുപ്പതും അതിലധികവും കിലോമീറ്ററുകൾ നടക്കാൻ തയ്യാറാകുന്നു.

മുസ്ദലിഫയിലെത്തിയാൽ അൽപ നേരത്തെ താമസത്തിനായി കിലോമീറ്ററുകൾ പരന്ന കിടക്കുന്ന ആ മരുഭൂമിയിൽ അലയുന്നു.സുഖലോലുപതയിൽ ആർത്തുല്ലസിച്ചവനും കയ്യെത്തും ദൂരത്ത് എല്ലാ സൗക

ര്യങ്ങളും ലഭ്യമായിരുന്നവനും ലഭിക്കുന്ന അനുഭവം ഇതാണ്.പലർക്കും മുസ്ദലിഫയിൽ തല ചായ്ക്കാൻ ഒരിടം ലഭിക്കാതെ ഇരുന്നും നടന്നും രാത്രി കഴിച്ച് കൂട്ടുന്നു.വലിയ കൊട്ടാരത്തിന് മുമ്പിൽ ചെറ്റക്കുടിൽ കാണുമ്പോൾ അഹംഭാവത്തിന് ഒരു പക്ഷെ പ്രസക്തിയുണ്ടാവാം.എന്നാൽ ഇവിടെ അതിന് യാതൊരു പഴുതുമില്ല.

മുസ്ദലിഫയിലെ ഹൃദ്യമായ ഒരു അനുഭവമാണ് കല്ലു പെറുക്കി എടുക്കുക.പെരുന്നാൾ ദിവസം മിനയിലെ ജംറകളിൽ എറിയാൻ വേണ്ടി ഏഴ് കല്ലുകളും ശേഷിക്കുന്ന മൂന്ന് ദിവസത്തെ മൂന്ന് ജംറകളിലേക്ക് ഏഴ് വീതം കല്ലുകളും ഹാജിമാർ പെറുക്കിയെടുക്കുന്നത് മുസ്ദലിഫയിൽ നിന്നാണ്.അറഫാ സംഗമം കഴിഞ്ഞ് ക്ഷീണിച്ച് അവശനായ വ്യക്തിയോട് പാതിരാനേരത്ത് എറിയാനാവശ്യമായ ചെറിയ കല്ലുകൾ പെറുക്കിയെടുക്കാൻ കൽപിച്ചത് എന്തിന് വേണ്ടിയാണ്?ചിലപ്പോൾ ബുദ്ധിഹീനമായ പ്രവർത്തനമായി ഇത് തോന്നിയേക്കാം.

ധനികനും ദരിദ്രനും ഉന്നതനും താഴ്ന്നവനും ഒരു പോലെ മണ്ണിൽ പരതി നിലാവെട്ടത്ത് കല്ലുപെറുക്കിയെടുക്കുകയാണ്.എല്ലാവരും എറിയുന്നത് ഒരേ ലക്ഷ്യത്തിലേക്കാണ്.എല്ലാവരും ഒരേ റബ്ബിന്റെ അടിമകൾ മുതലാളിയും തൊഴിലാളിയും സ്രഷ്ടാവിന്റെ മുമ്പിൽ തുല്യർ.ഇവിടെ അഹംഭാവത്തിന് അശേഷം പ്രസക്തിയില്ല.

## ഹൃദയ ശുദ്ധി

الله വിനെയും അവന്റെ അടിമകളെയും പറ്റി നല്ല ചിന്ത ഒരു യഥാർത്ഥ മുഅ്മിനിന്റെ സ്വഭാവമാണ്.ഹജ്ജിലാണ് ഇത് ഏറ്റവും കൂടുതൽ പ്രകടമാവേണ്ടത്.വിവിധ രാഷ്ട്രങ്ങളിൽ നിന്ന് വന്ന വിവിധ സ്വഭാവക്കാരായിരിക്കും ഹജ്ജിൽ കണ്ട് മുട്ടുക.

അന്യരെപ്പറ്റി നല്ലത് മാത്രമെ ചിന്തിക്കാവൂ പൈശാചിക ചിന്തകൾ കൈവെടിയുക.മറ്റുള്ളവരുടെ കുറ്റങ്ങളും പോരായ്മകളും കണ്ടെത്തുന്നതിന് പകരം സ്വന്തത്തെപ്പറ്റി വിചിന്തനം നടത്തുക.

ഇമാം മാലിക് ﵀ വിന്റെ കാലത്ത് മദീനയിൽ ഒരു സ്ത്രീ മരണപ്പെട്ടു.ആ സ്ത്രീയുടെ മയ്യിത്ത് കുളിപ്പിക്കുന്നതിനിടയിൽ കുളിപ്പിക്കുന്ന സ്ത്രീയുടെ കൈ മയ്യിത്തിന്റെ ഗുഹ്യഭാഗത്ത് ഒട്ടിപ്പിടിച്ചു.വിഷയം ഇമാം മാലിക് ﵀ അറിഞ്ഞു അദ്ദേഹം ആ സ്ത്രീയെ എൺപത് അടി അടിക്കാൻ കൽപിച്ചു.അത് പ്രകാരം ആ സ്ത്രീയെ അടിച്ചപ്പോൾ കൈ പറിഞ്ഞ് പോന്നു. സംഭവത്തിന്റെ വിശദീകരണം തേടിയപ്പോൾ കുളിപ്പിച്ചിരുന്ന സ്ത്രീ പറഞ്ഞു:ഞാൻ മയ്യിത്തിന്റെ ഗുഹ്യഭാഗം കഴുകുന്ന അവസരത്തിൽ ഈ ഭാഗം കൊണ്ട് ഇവൾ എത്ര പേർക്ക് വഴിപ്പെട്ട് കൊടുത്തിട്ടുണ്ടാവും

എന്ന് ചിന്തിച്ചിരുന്നു.

മറ്റുള്ളവരെക്കുറിച്ച് മോശമായി ചിന്തിക്കുന്നത് പോലും തെറ്റാണെന്ന് ഈ സംഭവം പഠിപ്പിക്കുന്നു.അത് കൊണ്ട് ഹജ്ജിന് ഒരുമിച്ച് കൂടിയ ആളുകളുടെ കൂട്ടത്തിൽ ഏറ്റവും മോശക്കാരൻ ഞാനാണെന്ന ചിന്ത ഓരോരുത്തർക്കും ഉണ്ടായിരിക്കണം.എന്നിട്ട് നാഥനോട് മാപ്പിരക്കുക.

തെറ്റിനെ പൊറുക്കാമെങ്കിലും തെറ്റ് ചെയ്ത വ്യക്തിയെ വെറുക്കരുത്.പലപ്പോഴും സാഹചര്യങ്ങളാണ് തെറ്റിന് നിദാനം.തെറ്റ് കാരനോട് നന്മ ഉപദേശിക്കുകയും തിന്മയെത്തൊട്ട് ഗുണദോഷിക്കുകയും ചെയ്യുക.ഇമാം ഗസ്സാലി ﷺ വിന്റെ വാക്കുകൾ ചിന്തനീയമാണ്.

ഒരു കാഫിറിനെക്കാണുമ്പോൾ ചിന്തിക്കുക.ഇവൻ ഇപ്പോൾ മുസ്‌ലിമായാൽ ഇവന്റെ എല്ലാ ദോഷങ്ങളും പൊറുക്കപ്പെടും എന്നാൽ എനിക്ക് വിചാരണ കൂടാതെ അന്ത്യനാളിൽ രക്ഷപ്പെടാൻ സാധിക്കുകയില്ല.വലിയവൻ കുട്ടിയെ കാണുമ്പോൾ ചിന്തിക്കുക.ഇവൻ ചെറുപ്പമാണ് വളരെക്കുറച്ച് തെറ്റുകൾ മാത്രമാണ് ഇവനിക്കുണ്ടാവുക.എന്നാൽ വളരെക്കാലമായല്ലോ ഞാൻ ദോഷം ചെയ്യാൻ തുടങ്ങിയിട്ട്.എന്റെ ദോഷങ്ങൾ എത്ര വലുതായിരിക്കും.കുട്ടി വലിയവരെപ്പറ്റി ചിന്തിക്കുക.ഇദ്ദേഹം എത്ര കാലമായി സൽകർമങ്ങൾ ചെയ്യുന്നു.ഞാൻ വളരെക്കുറച്ച് മാത്രമാണ് ജീവിച്ചത്.എനിക്ക് ഇദ്ദേഹത്തെപ്പോലെ യാകാൻ കഴിയില്ലെ.പരസ്പരം ബഹുമാനവും നല്ല ചിന്തയും വളരാൻ ഇതാണ് ഏറ്റവും ഉത്തമം.

## തവക്കുൽ

ഹജ്ജിന് വേണ്ടി ഒരുങ്ങുമ്പോൾ എല്ലാ കാര്യങ്ങളും الله വിൽ ഭരമേൽപിക്കുക. ഹജ്ജിന്റെ സുഗമമായ രീതിക്ക് ഇത് അനിവാര്യമാണ്. എനിക്ക് സഹായികളായി ബന്ധുക്കൾ കൂടെയുണ്ട് പേടിക്കാനൊന്നുമില്ല എന്ന് കരുതി ഹജ്ജിന് യാത്ര പുറപ്പെട്ടവർ ദിവസങ്ങളോളം ഒറ്റപ്പെട്ട സംഭവങ്ങളുണ്ട്.എന്നാൽ എനിക്ക് റബ്ബ് മാത്രമാണ് തുണ എന്ന ചിന്തയോടെ الله വിൽ തവക്കുലാക്കി ഹജ്ജിന് പോയവർ സുഗമായി ഹജ്ജ് ചെയ്തിട്ട് മടങ്ങി എത്തിയിട്ടുമുണ്ട്.

പേടിയോടെ കൈകാര്യം ചെയ്ത വിഷങ്ങൾ സന്തോഷത്തോടെ കലാശിക്കുന്നതും നിർഭവം കൈകാര്യം ചെയ്ത വിഷയങ്ങൾ വിഷമകരമായിത്തീർന്നതും അനുഭവ സത്യങ്ങളാണല്ലോ.اللهവിൽ കാര്യങ്ങൾ ഏൽപ്പിക്കന്നതോടെ അവ പ്രയാസകരമായിത്തീരും. ومن يتوكل على الله فهو حسبه ആരെങ്കിലും الله വിൽ ഭരമേൽപിച്ചാൽ അവന് الله മതി.എന്ന സൂക്തം തവക്കുലിന്റെ പ്രാധാന്യത്തെ അറിയിക്കുന്നു.

അന്ന പാനീയമോ ആൾ താമസമോ ഇല്ലാത്ത വിജനമായ മരുഭൂമിയിൽ ഹാജറാബീവിയെയും പിഞ്ചോമന പുത്രനെയും ഇബ്റാഹീം നബി ﷺ ഉപേക്ഷിച്ച് പോയപ്പോൾ ഹാജറ ബീവി رضي الله عنها ക്ക് ﷲവിലുണ്ടായ ദൃഢവിശ്വാസമാണ് അവർക്ക് തുണയായത്.അതെ പുത്രനെ ബലി നൽകാൻ ﷲ വിന്റെ കൽപന യുണ്ടായപ്പോയും ഇബ്റാഹീം നബി ﷺ ﷲവിന്റെ മേൽ ഭരമേൽപിക്കുകയായിരുന്നു. അതിനാൽ ഹജ്ജിലുടനീളം തവക്കുൽ ആവശ്യമാണ്.മേൽ പറയപ്പെട്ട മഹത്തുക്കളുടെ തവക്കുലിനെ അനുസരിപ്പിക്കുന്ന തരത്തിൽ നമ്മുടെ എല്ലാ കാര്യങ്ങളും ﷲ വിൽ സമർപ്പിക്കുക.ഇതാണ് ഹജ്ജിന്റെ മർമപ്രധാന ലക്ഷ്യം.

## ക്ഷമ

ഹജ്ജ് പരീക്ഷണവേദിയായതിനാൽ നമ്മുടെ നിയന്ത്രണം നഷ്ടപ്പെടുന്ന പല ഘട്ടങ്ങളും ഹജ്ജിൽ ഉണ്ടായേക്കാം.തവാഫിലും സഅ്യിലുമുള്ള തിക്കിലും തിരക്കിലും പെട്ട് വിഷമിക്കുമ്പോഴും ഉറ്റവരെ കാണാതെ ഉഴലുമ്പോഴും നാം അക്ഷമരായേക്കാം.വ്യത്യസ്ത സ്വഭാവമുള്ള ആളുകളുമായി ഇടപഴകുന്ന അവസരത്തിൽ പലപൊരുത്തക്കേടുകളും ഉണ്ടായേക്കാം.അപ്പോഴെല്ലാം ക്ഷമിക്കുക.

ഹജ്ജിൽ അശ്ലീലതയും തർക്കവും പാടില്ലെന്ന വചനത്തിൽ തന്നെ അവയ്ക്ക് ഹജ്ജിൽ സാധ്യത ഏറെയുണ്ടെന്ന ധ്വനിയുണ്ട്.അത് കൊണ്ട് അത്തരം സാഹചര്യങ്ങൾ ഉണ്ടാവുകയാണെങ്കിൽ ക്ഷമ കൈകൊള്ളുക. മാതാപിതാക്കളോട് ' ഛേ ' എന്ന വാക്ക് പോലും പറയരുതെന്ന് ഖുർആൻ പറഞ്ഞതിൽ നിന്ന് അത്തരം സന്ദർഭങ്ങൾ വരുമെന്നും അത് കരുതിയിരിക്കണമെന്നുമാണ് ഈ ധ്വനിയാണ് ഇവിടെയുമുള്ളത്.

## വൃത്തി

വൃത്തി ഈമാനിന്റെ ഭാഗമാണ്.ഈ സന്ദേശം പഠിപ്പിച്ച ഇസ്ലാം മതത്തിന്റെ അനുയായികൾ ഒത്ത് ചേരുന്ന മഹാസമ്മേളനമായ ഹജ്ജിൽ ഈ വൃത്തിക്ക് വളരെയധികം പ്രാധാന്യമുണ്ട്.ഹജ്ജിന്റെ സ്ഥലങ്ങളിലെല്ലാം പരിസര ശുചിത്വം തെളിഞ്ഞ് കാണാവുന്നതാണ്.പരിസര മലിനീകരണം വലിയൊരു വിപത്തായി പരിണമിച്ച ലോകത്തിന് ഇതൊരു മാതൃകയാണ്.

## വ്യക്തി ശുചിത്വം

അറഫയിൽ നിൽക്കുന്നതിനും മക്കയിൽ പ്രവേശിക്കുന്നതിനും

ഇഹ്റാമിനും തുടങ്ങി ജനസമ്പർക്കത്തിന്റെ എല്ലാ മേഖലയിലും കുളി സുന്നത്താണ്.വ്യക്തി ശുചിത്വത്തിന് ഇസ്ലാം കൽപിക്കുന്ന പ്രാധാന്യമിതാണ്.ആരാധനയുടെ ലക്ഷ്യവും ശുചിത്വമാണല്ലോ.ജനങ്ങൾ വെറുക്കുന്ന വാസനകളെ മലക്കുകളും വെറുക്കുമെന്ന് നബി ﷺ പഠിപ്പിച്ചിട്ടുണ്ട്.ആരാധനകളിൽ മലക്കുകളുടെ പങ്കാളിത്തം ലഭിക്കണമെങ്കിൽ മാലിന്യങ്ങളിൽ നിന്ന് ശുദ്ധിയാവണം.

## ദന്ത ശുദ്ധി

ദന്തശുദ്ധീകരണം ശുചിത്വത്തിന്റെ ഭാഗമാണ്.ഇതിന് ഇസ്ലാം വളരെയധികം പ്രാധാന്യം കൽപിച്ചിട്ടുണ്ട്.വുളു,നിസ്കാരം,ഖുർആൻ പാരായണം തുടങ്ങിയ പുണ്യകർമങ്ങൾക്ക് മുമ്പെല്ലാം മിസ്‌വാക്ക് ചെയ്യൽ പ്രത്യേകം സുന്നത്താണ്.ഇത്തരം സൽകർമങ്ങളിൽ മലക്കുകളും നമ്മോട് പങ്കാളികളാകുന്നുണ്ട്.അത് കൊണ്ട് അവർക്ക് അലോസരമുണ്ടാകാതിരിക്കാനാണ് ഇവകൾക്ക് മുമ്പെല്ലാം മിസ്‌വാക്ക് ചെയ്യൽ സുന്നത്താക്കിയത്.

## ഹജ്ജിലെ പരീക്ഷണ പാഠങ്ങൾ

ഹജ്ജ് തീർത്തും ഒരു പരീക്ഷണ കളരിയാണ്.മനുഷ്യന്റെ ശാരീരികവും വൈകാരികവുമായ എല്ലാ ആസ്വാദനങ്ങളും ഹജ്ജിൽ പരീക്ഷണ വിധേയമാക്കപ്പെടുന്നു.ഹജ്ജിന് ഇഹ്റാം ചെയ്യുന്നതോടെ മുമ്പ് അനുവദനീയമായ പലതും നിഷിദ്ധമായിത്തീരുന്നു.

## പരസ്ത്രീ-പുരുഷ ദർശനം

മീഖാതിൽ നിന്ന് ഇഹ്റാം ചെയ്യുന്നതോടെ പുരുഷന്റെ വേഷം അരയുടുപ്പും മേൽതട്ടവുമാണ്. സ്ത്രീ മുഖം മറക്കാതെയാണ് ഹജ്ജിന് ഇഹ്റാം ചെയ്യുന്നത്. വിവിധ രാഷ്ട്രങ്ങളിൽ നിന്ന് വന്ന വ്യത്യസ്ത വർണ, രൂപ,ഭാവങ്ങളുള്ള സ്ത്രീ പുരുഷന്മാർ പരസ്പരം ഇടകലർന്ന് ഹജ്ജിന്റെ കർമങ്ങളിൽ ഏർപ്പെടുന്നു. അന്യ സ്ത്രീ പുരുഷന്മാർ തമ്മിൽ ദർശനത്തിന് വളരെയധികം സാധ്യതയുള്ള ഒരുഘട്ടമാണിത്.കാരണം ഇഹ്റാം കെട്ടിയ ശേഷം മുഖം മറക്കാൻ സ്ത്രീക്കോ തുന്നിയ വസ്ത്രങ്ങൾ ധരിക്കാൻ പുരുഷനോ അനുവാദമില്ല. ജീവിതത്തിൽ അന്യർക്ക് മുമ്പിൽ ശരീരം കാണിക്കാൻ ഇഷ്ടപ്പെടാത്തവരും ഇവിടെ നിസ്സഹായരാണ്.

പുരുഷൻ അന്യസ്ത്രീയെ നോക്കുന്നത് പോലെ സ്ത്രീപുരുഷനെ കാണലും നിഷിദ്ധമാണ്. ഒരു സംഭവം : ഒരിക്കൽ അബ്ദുള്ളാഹിബ്നു

ഉമ്മുമക്തൂം ﷺനബി ﷺയുടെ വീട്ടിലേക്ക് കടന്ന് വന്നു.ഇത് കണ്ട നബി ﷺതന്റെ ഭാര്യമാരോട് അവിടെ നിന്ന് മാറി നിൽക്കാൻ ആവശ്യപ്പെട്ടു.നബിയേ!അദ്ദേഹം അന്ധനായത് കൊണ്ട് ഞങ്ങളെ കാണില്ലല്ലോ. ഭാര്യമാർ നബിﷺയോട് ന്യായവാദം ഉന്നയിച്ചു.നബിﷺ പറഞ്ഞു:'നിങ്ങൾ അന്ധരല്ലല്ലോ,നിങ്ങൾ അദ്ദേഹത്തെ കാണുകയില്ലേ'.

ഹജ്ജിൽ പരസ്ത്രീ പുരുഷ ദർശത്തിനും സ്പർശനത്തിനും ഏറെ സാധ്യതയുള്ള സ്ഥലങ്ങളാണ് അറഫ,മത്വാഫ്,മുസ്ദലിഫ,മിന തുടങ്ങിയ സ്ഥലങ്ങൾ ഇവിടങ്ങളിൽ കണ്ണിനെയും മറ്റ് അവയവങ്ങളെയും സൂക്ഷിക്കുന്നതാണ് ഒരാളുടെ ഏറ്റവും വലിയ വിജയം.അന്യസ്ത്രീകളെ കാണുന്നതിൽ നിന്നും കണ്ണിനെ നിയന്ത്രിക്കുന്നവന്റെ വിശ്വാസത്തിലെ മാധുര്യം വർധിച്ച് കൊണ്ടിരിക്കുമെന്ന നബി വചനം ഇത് വ്യക്തമാക്കുന്നു.

## വാസനാ ദ്രവ്യങ്ങൾ

ഹജ്ജിൽ പ്രവേശിച്ചവന് സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കൽ നിഷിദ്ധമാണ്.സുഗന്ധ ദ്രവ്യങ്ങൾ ഉപയോഗിക്കുന്നതിനെ വളരെയധികം പ്രോത്സാഹിപ്പിച്ച മതം ഹജ്ജിൽ ഇങ്ങനെയോരു വിലക്ക് കൽപിക്കാൻ കാരണമെന്താണ്?

സുഗന്ധമുപയോഗിക്കുന്നതിന്റെ മഹത്വത്തെക്കുറിച്ച് നബി ﷺ പറയുന്നു:ആരെങ്കിലും സുഗന്ധം വാസനിച്ചാൽ അവന്റെ മനസ്താപം കുറയുന്നു.ആരുടെയെങ്കിലും മനസ്താപം കുറഞ്ഞാൽ അവന്റെ ബുദ്ധി വികസിക്കും സുഗന്ധം മനുഷ്യൻ പ്രകൃതി പരമായി ഇഷ്ടപ്പെടുന്ന ഒന്നാണ്. എന്നാൽ ഹജ്ജിന് ഇഹ്റാം ചെയ്യലോടെ സുഗന്ധമുപയോഗിക്കൽ അനുവദനീയമല്ലാതാകുന്നു.ഇവിടെ الله ഹജ്ജിലൂടെ മനുഷ്യന്റെ നാസാരന്ധ്രങ്ങളെ പരീക്ഷണ വിധേയമാക്കുകയാണ്.

## ശ്രവണേന്ദ്രിയം

പരിശുദ്ധവും പ്രശാന്തവും തെളിഞ്ഞതുമായ അന്തരീക്ഷമാണ് ഹജ്ജിൽ ആവശ്യം.ഇത്തരം ഒരു ചുറ്റുപാടിൽ മോശമായവ ശ്രവിക്കാൻ സാഹചര്യം ഉണ്ടാകുന്നില്ല.വൃത്തികേടുകൾ കേട്ട് മലീമസമായ ചുറ്റുപാടിൽ ജീവിച്ചവന് വിഭിന്നമായ ഒരനുഭൂതിയായിരിക്കും ഹജ്ജിൽ ലഭ്യമാവുക.കർണാനന്തകരമായ ഇത്തരം കാര്യങ്ങളെത്തൊട്ട് വിടുതി നൽകുന്നതാണ് ഹജ്ജ്.ഭാര്യഭർത്താക്കന്മാർക്കിടയിൽ അനുവദനീയമായ ശൃംഗാരം വരെയും ഹജ്ജിന് ഇഹ്റാം ചെയ്യലോടെ നിയന്ത്രണ വിധേയമായിത്തീരുന്നു.

## അനാവശ്യസംസാരം

ഹജ്ജ്‌വേളയിൽ അനാവശ്യ സംസാരത്തെത്തൊട്ട് സൂക്ഷിക്കുക.പരദൂഷണം അധികരിച്ചാൽ സാഹോദര്യം ഉയർത്തപ്പെടും പരദൂഷണം ഉണ്ടാകുന്നത് അനാവശ്യ സംസാരത്തിൽ നിന്നാണ്. മറ്റുള്ളവർക്ക് ഇഷ്ടമില്ലാത്ത കാര്യം പറയൽ ഇസ്‌ലാം വിരോധിച്ചതാണ്.അപരന്റെ കുറ്റങ്ങളും കുറവുകളും വിളിച്ചുപറയുന്നവനെ ജനം വെറുക്കും.അതിനാൽ നാവിനെ തൽബിയത്തിനാലും മറ്റു ദിക്‌റുകളാലും ധന്യമാക്കാൻ ഹാജിമാർ പ്രത്യേകം ശ്രദ്ധിക്കണം.തൽബിയതിലെ ലബ്ബൈക എന്ന പദത്തിന് നാഥാ നിന്റെ ഏത് കൽപനയും അനുസരിക്കാൻ ഞാൻ സന്നദ്ധനാണ് എന്ന ധ്വനിയുണ്ട്.ഭാവി ജീവിതം നിന്റെ കൽപനക്ക് അനുസൃതമായിരിക്കും എന്ന പ്രതിജ്ഞകൂടിയാണത്.

## വിനോദങ്ങൾ

നിഷ്ക്രിയനായിരിക്കുക മനുഷ്യനെ സംബന്ധിച്ച് അസാധ്യമാണ്. ഒഴിവു സമയങ്ങളിൽ മനുഷ്യൻ പല വിനോദങ്ങളിലും ഏർപ്പെടുന്നു.ജീവികളെ വേട്ടയാടിപ്പിടിക്കൽ അവയിൽ പെട്ടതാണ്.ഇഹ്റാം ചെയ്തവന് വേട്ട അനുവദനീയമല്ല.ഹറമിൽ വെച്ച് ജീവികളെ കൊല്ലുന്നതും സസ്യങ്ങൾ പറിക്കുന്നതും നിശിദ്ധമാണ്.മനുഷ്യ പ്രകൃതത്തിൽ പെട്ട ഇത്തരം കർമങ്ങളെ ഹജ്ജ് പ്രതിരോധിക്കുന്നു.

ജംറകളിലെ കല്ലേറ്,കൈകൾ ഉയർത്തിയുള്ള പ്രാർത്ഥന എന്നീ വിഷയങ്ങളിൽ മാത്രം ചുരുക്കപ്പെട്ടതാണ് കയ്യിന്റെ പ്രവർത്തന മണ്ഡലം ജംറകളിലെ ഏറ് കൊണ്ട് കൈ പരീക്ഷിക്കപ്പെടുന്നു.ചെറിയ കല്ലുകൾ പെറുക്കി എടുത്ത് നിശ്ചിത കേന്ദ്രത്തിലേക്ക് ഏഴ് പ്രാവശ്യം എറിയുന്നതിലൂടെ കൈ പരീക്ഷണ വിധേയമാകുന്നു.

## നടത്തം

ഹജ്ജിൽ കൂടുതൽ പ്രവർത്തന സജ്ജമാകുന്ന മറ്റൊരു അവയവം കാലാണ്.ത്വവാഫ്,സഅ്‌യ്,അറഫ,മുസ്ദലിഫ തുടങ്ങി ഹജ്ജിന്റെ മിക്ക കർമങ്ങളും ഓട്ടവും നടത്തവുമാണ്.ഇങ്ങനെ ഓരോ അംഗത്തിനും ഹജ്ജിൽ അതാതിന്റെ ഉത്തരവാദിത്തങ്ങളുണ്ട്.മറ്റു ആരാധനകളിൽ നിന്നും ഹജ്ജിന് വ്യതിരിക്തമാക്കുന്ന ഘടകവും ഇത് തന്നെയാണ്.

മക്കയിൽ നിന്ന് അറഫയിലേക്കും തിരിച്ച് മുപ്പത് കിലോമീറ്റർ ദൂരം നടക്കുന്ന ഹാജിമാരുണ്ട്.തിരക്കേറിയ ത്വവാഫും സഅ്‌യും കിലോമീറ്ററുകളുടെ ദൈർഘ്യമാണ്.ഇത്രയും ദൂരം സഞ്ചരിച്ച് കാൽപാദം പൊട്ടിയ

വരും കാലിൽ നിന്ന് രക്തം ഒലിക്കുന്നവരെയും കാണാം.ഇവിടെ ﷲ വിന്റെ കൽപനക്ക് വഴിപ്പെടുന്നതിലൂടെ കാലിനെ പാകപ്പെടുത്തുകയാണ്.

## വിശപ്പ്

ഹജ്ജ് വളരെ സാഹസികമാണ്.ഭക്ഷണത്തിനും വെള്ളത്തിനും ചില സമയങ്ങളിൽ വിഷമം നേരിട്ടേക്കാം.യാത്രയിലും മറ്റും വേണ്ടപ്പോൾ അവ ലഭിച്ചില്ലെന്ന് വരാം ചിലപ്പോൾ വൻ വില നൽകേണ്ടിവരും ഇത്തരം സന്ദർഭങ്ങളിൽ വിഷപ്പും ദാഹവും നൽകി ﷲ നമ്മെ പരീക്ഷിക്കുകയാണ്.

## വസ്ത്ര ധാരണ

ഇഹ്റാമിന്റെ വസ്ത്ര ധാരണ രീതി പ്രത്യേക തരത്തിലാണ്.വ്യത്യസ്ത നാടുകളിൽ നിന്ന് വന്ന വ്യത്യസ്ത വേഷ വിധാനങ്ങൾ സ്വീകരിച്ചവർ ഇഹ്റാമോടെ ഒരു പ്രത്യേക വസ്ത്രമണിയാൻ നിർബന്ധിതരാകുന്നു.എല്ലാവർക്കും ഒരേ വേഷമാണ്.പാന്റ്സും പൈജാമയും മാത്രം ധരിച്ച് ശീലിച്ചവരും ഈ വേഷമണിയാൻ തയ്യാറാകുന്നു.

## സ്ത്രീക്ക് മുഖം മൂടി അണിയാം

സ്ത്രീയുടെ ശരീരത്തിൽ ഏറ്റവും ആകർഷണീയത നൽകുന്നത് അവളുടെ മുഖമാണ്.ഹജ്ജ് വേളയിൽ സ്ത്രീ മുഖം വെളിവാക്കാനാണ് ഇസ്ലാമിന്റെ കൽപന.അന്യപുരുഷന്മാർക്ക് മുമ്പിൽ മുഖം മറച്ച് മാത്രം ശീലിച്ച പെണ്ണിന് ഇത് ഒഴിവാക്കുക പ്രയാസമാണ്. അതിനാൽ ഇതൊരു പരീക്ഷണമാണ്.

അന്യപുരുഷന്റെ മുമ്പിൽ സ്ത്രീ പൂർണമായും ഔറത്താണെന്ന് പഠിപ്പിച്ച ഇസ്ലാം തന്നെയാണ് ഹജ്ജിന് ഇഹ്റാം ചെയ്യലോടെ മുഖം മറക്കരുതെന്ന് സ്ത്രീയോട് കൽപിക്കുന്നതും.മുഖം മറക്കൽ സ്ത്രീക്ക് നിഷിദ്ധമാണെങ്കിലും മുഖത്ത് സ്പർഷിക്കാത്ത വിധം മുഖം മൂടി ധരിക്കൽ അവൾക്കു വിരോധമില്ല.

## നഖവും മുടിയും മുറിക്കൽ

ഇഹ്റാം ചെയ്താൽ ഹജ്ജിൽ നിന്ന് വിരമിക്കുന്നത് വരെ നഖം മുറിക്കലും മുടി കളയലും നിഷിദ്ധമാണ്.പ്രഥമ ദൃഷ്ട്യാ വൃത്തിക്ക് എതി

രാണിതെന്ന് തോന്നിയേക്കാം.എന്നാൽ ഇഹ്റാമിന്റെ സമയത്ത് ശരീരത്തിൽ ഉണ്ടായിരുന്ന മുഴുവൻ അംശങ്ങളും ഹജ്ജ് തീരുന്നത് വരെ ഹജ്ജിൽ പങ്കാളിത്തം വഹിക്കണമെന്നതാണ് ഇതിലെ യുക്തി.

## ഹജ്ജിൽ നിഷിദ്ധമായവ ചെയ്താൽ

ഹജ്ജിൽ നിഷിദ്ധമായവ ചെയ്താൽ ചിലത് ഫിദ്‌യ നൽകിയാൽ പരിഹരിക്കപ്പെടും.മറ്റു ചിലത് പരിഹരിക്കപ്പെടുകയില്ല.ശരീരത്തിലെയും തലയിലെയും മുടി അറിഞ്ഞോ മനപ്പൂർവ്വമോ മറന്നോ നീക്കം ചെയ്താൽ ഫിദ്‌യ നിർബന്ധമാകും.നഖം മുറിക്കൽ വേട്ട മൃഗത്തെ കൊല്ലൽ എന്നിവയുടെ വിധിയും ഇത് തന്നെയാണ്.

ഹജ്ജിലായിരിക്കെ വിവാഹം ചെയ്യലും ചെയ്ത് കൊടുക്കലും നിഷിദ്ധമാണ്.നിഷിദ്ധമാണെന്നറിഞ്ഞിട്ടും ഒരാൾ ഇങ്ങനെ ചെയ്താൽ അവൻ കുറ്റക്കാരനാകും.ചെയ്തത് മനപ്പൂർവ്വമാണെങ്കിലും ഫിദ്‌യ നൽകേണ്ടതില്ല.എണ്ണപുരട്ടുക സുഗന്ധം ഉപയോഗിക്കുക,പുരുഷൻ തുന്നപ്പെട്ട വസ്ത്രം ധരിക്കുക പോലുള്ളവ മറന്ന് ചെയ്താൽ കുഴപ്പമില്ല.മനപ്പൂർവ്വമാണെങ്കിൽ ഫിദ്‌യ നിർബന്ധമാകും.

## എണ്ണപുരട്ടൽ

തലമുടിയിലും താടിയിലും എണ്ണപുരട്ടൽ ഹറാമാണ്.എണ്ണ സുഗന്ധമുള്ളതോ ഇല്ലാത്തതോ ആയാലും വിധി ഇതാണ്.എന്നാൽ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ സുഗന്ധമുള്ള എണ്ണ പുരട്ടലാണ് വിരോധമുള്ളത്.സുഗന്ധം തൊടാതെ വാസനിക്കുന്നത് മൂന്ന് ഇമാമുകളുടെ അഭിപ്രായമനുസരിച്ച് കറാഹത്തും ഫിദ്‌യ ഇല്ലാത്തതുമാണ്.ഹനഫീ മദ്ഹബിൽ സുഗന്ധം വാസനിൽ ഹറാമും ഫിദ്‌യ നിർബന്ധവുമാണ്.

## സംയോഗം നിഷിദ്ധം

ഹജ്ജിന് ഇഹ്റാം ചെയ്തവന് സംയോഗം ചെയ്യൽ ഹറാമാണ്. ഒന്നാം തഹല്ലുലിന്റെ ശേഷം സംയോഗം ചെയ്താൽ ഹജ്ജ് നഷ്ടപ്പെടുകയില്ലെങ്കിലും ഒരാടിനെ ഫിദ്‌യ നൽകൽ നിർബന്ധമാകും.അറഫയും പെരുന്നാൾ ദിവസത്തെ ഏറും മുടികളയലും കഴിയുക.അല്ലെങ്കിൽ സഅ്യ് ത്വവാഫ് മുടികളയൽ എന്നിവ കഴിയുമ്പോഴാണ് ഒന്നാം തഹല്ലുലാകുന്നത്.



ഒന്നാം തഹല്ലുലിന്റെ മുമ്പ് സംയോഗം ചെയ്താൽ ഒരു ഒട്ടകത്തെ

അറുത്ത് കൊടുക്കുക.അതിന് സാധിക്കാതെ വന്നാൽ പശുവിനെയും അതിനും സാധിക്കാതെ വന്നാൽ ഏഴ് ആടും അതിനും സാധിച്ചില്ലെങ്കിൽ ഏഴ് ആടുകൾക്ക് തുല്യമായ ദിർഹം കൊണ്ട് ധാന്യം വാങ്ങി സാധു ക്കൾക്ക് ദാനം ചെയ്യുക.അതിനും സാധ്യമായില്ലെങ്കിൽ പ്രസ്തുത ദിർഹ മിന്റെ വിലയുള്ള ധാന്യത്തിന്റെ ഓരോ 650 ഗ്രാമിന്റെ കണക്കിലും ഓരോ നോമ്പ് നോൽക്കുക.ഈ രൂപത്തിൽ ഹജ്ജ് നഷ്ടപ്പെടുത്തിയവർ തൊട്ടടുത്ത വർഷം ഹജ്ജ് നിർവഹിക്കുകയും നിലവിലെ ഹജ്ജ് പൂർത്തി യാക്കുകയും വേണം.ഖ്വ കനിഞ്ഞില്ല എങ്കിൽ പാപഭാരം പേറേണ്ടതുമാ ണ്.

## ഉദ്ദേശ ശുദ്ധി

ലോകമാന്യവും കാപട്യവും ഹജ്ജിന്റെ പ്രതിഫലം നഷ്ടമാക്കും അവസാനകാലത്ത് ഹജ്ജിന് വരുന്ന നാല് വിഭാഗത്തെക്കുറിച്ച് നബി ﷺ പരിചയപ്പെടുത്തുന്നുണ്ട്.രാജാക്കന്മാർ വിനോദത്തിനും സമ്പന്നർ കച്ചവ ടത്തിനും ദരിദ്രർ യാജനക്കും പണ്ഡിതർ പ്രശസ്തിക്കും വേണ്ടി ഹജ്ജിന് വരിക.

എന്നാൽ മനശ്ശുദ്ധി കാരണമായി ഒരു ഹജ്ജ് കൊണ്ട് മൂന്ന് പേർക്ക് ഹജ്ജിന്റെ പ്രതിഫലം ലഭിക്കുന്നതും നബി ﷺ പഠിപ്പിച്ചിട്ടുണ്ട്.ഹജ്ജിന് ഒരാളെ വസിയ്യത്ത് ഏൽപിച്ചാൽ വസിയ്യത്ത് ചെയ്തവനും വസിയ്യത്ത് ചെയ്യപ്പെട്ടവനും ഹജ്ജ് നിർവഹിക്കുന്നവനും ഹജ്ജിന്റെ പ്രതിഫലം ലഭി ക്കും.നിയ്യത്ത് നന്നാവണമെന്ന് മാത്രം.ഏൽപിക്കപ്പെട്ടവർക്ക് ഒരു മുഅ് മിനിനെ സഹായിക്കുക.എന്ന ഉദ്ദേശം ഉണ്ടായിരിക്കണം.ഉദ്ദേശം തെറ്റി യാൽ പ്രതിഫലവും നഷ്ടമാകും.

## ഹജ്ജ് ചെയ്തത് പറയൽ

താൻ ഹജ്ജ് ചെയ്തത് ജനങ്ങൾ അറിയണമെന്ന ലക്ഷ്യത്തോടെ ചെയ്ത ഹജ്ജിനെക്കുറിച്ച് എടുത്ത് പറയലും സംസാരങ്ങളിൽ ഹജ്ജി നെക്കുറിച്ച് പറയലും ഹജ്ജിന്റെ പ്രതിഫലത്തെ നഷ്ടപ്പെടുത്തും.രണ്ട് ഹജ്ജ് ചെയ്ത ഒരു വ്യക്തി തന്റെ വീട്ടിൽ വന്ന അതിഥികൾ കേൾക്കാൻ വേണ്ടി താൻ രണ്ടാമത്തെ ഹജ്ജിന് പോയപ്പോൾ കൊണ്ട് വന്ന പാത്ര ത്തിൽ ഭക്ഷണം കൊണ്ട്വാ എന്ന് ഭാര്യയോട് പറഞ്ഞതിന്റെ പേരിൽ രണ്ട് ഹജ്ജും നഷ്ടപ്പെടുകയുണ്ടായി.

എന്നാൽ താൻ ഹജ്ജ് ചെയ്തതും ഹജ്ജിലുണ്ടായ അനുഭവങ്ങളും ഒരാളുമായും പങ്ക് വെക്കരുതെന്ന് ഇതിനർത്ഥമില്ല.ഉദ്ദേശം ശുദ്ധമായിരിക്കണമെന്നതാണ് പ്രധാനം അല്ല എങ്കിൽ ഹജ്ജിന് ചെലവഴിച്ച പണവും സമയവും ഊർജവും വെറുതെയായിപ്പോകും.

## ഹറമിലെ സംസാരം

അശ്രദ്ധ മൂലം ഹജ്ജിന്റെ പ്രതിഫലം നഷ്ടപ്പെടാൻ സാധ്യതയുള്ള മറ്റൊന്നാണ് പരിശുദ്ധഹറമിലും മത്വാഫിലും വെച്ചുള്ള അനാവശ്യ സംസാരം.ദീനി വിഷയങ്ങളും മസ്അലകളും പറയുന്നതിനും ﷲവിന്റെ ദൃഷ്ടാന്തങ്ങളിൽ ആശ്ചര്യപ്രകടനം നടത്തുന്നതിനും കുഴപ്പമില്ല.മറിച്ച് ഇത്തരം കാര്യങ്ങൾക്ക് പ്രതിഫലം ലഭിക്കുന്നതുമാണ്.

ശ്രേഷ്ടമായ സ്ഥലങ്ങളിലും സമയങ്ങളിലുമുള്ള ആരാധനകൾക്ക് കൂടുതൽ പ്രതിഫലം അർഹിക്കുന്നത് പോലെ അത്തരം സന്ദർഭങ്ങളിൽ അനാവശ്യ പ്രവർത്തനങ്ങൾക്ക് ശക്തിയായ കുറ്റവും ലഭിക്കും.റമളാനിൽ പാപം ചെയ്യുന്നതിന് മറ്റു മാസങ്ങളിൽ ചെയ്യുന്നതിനെ അപേക്ഷിച്ച് കഠിന ശിക്ഷ ലഭിക്കുമല്ലോ.അത് കൊണ്ട് ഒരു റക്അത്തിന് ഒരു ലക്ഷം റക്അത്തിന്റെ പുണ്യം ലഭിക്കുന്ന വിശുദ്ധ ഹറമിന്റെ ആദരവിന് കളങ്കം പറ്റുന്ന വാക്കുകളും പ്രവർത്തനങ്ങളും വരാതെ ശ്രദ്ധിക്കുക.

## വെള്ളിലയുടെ മാതൃക

2003 ലെ ഹജ്ജ് വേളയിൽ മദീനയിലേക്കുള്ള യാത്രാ മധ്യെ വാഹനാപകടത്തിൽ മരണപ്പെട്ട വെള്ളില മുഹമ്മദ് ഫൈസി ഇന്ന് അന്ത്യ വിശ്രമം കൊള്ളുന്നത് ജന്നത്തുൽ ബഖീഇലാണ്. رسول ﷲ ﷺ യും സ്വഹാബാക്കളും ഉമ്മഹാത്തുൽ മുഅ്മിനീങ്ങളും അന്ത്യവിശ്രമം കൊള്ളുന്ന ആ വിശുദ്ധ മണ്ണിൽ ഒരിടം ലഭിക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചതിൽ പലതിനും പങ്കുണ്ട്.നിഷ്കളങ്ക ജീവിതത്തിലൂടെ ആർജിച്ചെടുത്ത ആത്മീയതയാണ് അതിൽ പ്രധാനം.

മർഹൂം വെള്ളില ഫൈസിയോട് വിശുദ്ധ ഹറമിൽ വെച്ച് സംസാരിക്കാൻ ഭാവിച്ച സുഹൃത്തിനോട് സംസാരിക്കരുതെന്ന് കൈകൊണ്ട് ആംഗ്യം കാണിച്ച് ആ സുഹൃത്തിനെയും കൊണ്ട് ഹറമിന്റെ വെളിയിൽ വന്ന് സംസാരിക്കാൻ അവസരം ഒരുക്കിക്കൊടുത്തു.ഇത്ര അധികം സൂക്ഷ്മതയുള്ളതിനാലാണ് അദ്ദേഹം ഉന്നത വിജയം കൈവരിച്ചതും.

## ഹറമിൽ സ്ത്രീകളുടെ നിസ്കാരം

ഒരിക്കൽ നബി ﷺ തങ്ങളും സ്വഹാബത്തും ഇരിക്കുന്ന സദസ്സിലേക്ക് മഹതി അസ്മാഅ് ബീവി رضي الله عنها കയറിച്ചെന്നിട്ട് പറഞ്ഞു:നബിയെ!ഞാൻ സ്ത്രീ സമൂഹത്തിന്റെ പ്രതിനിധിയായിട്ടാണ് വന്നിട്ടുള്ളത്.എനിക്കൊരു ചോദ്യം ഉന്നയിക്കാനുണ്ട്.മസ്ജിദുൽ ഹറാം സ്ത്രീകൾക്ക് വിലങ്ങപ്പെടുകയും പുരുഷന്മാർക്ക് മാത്രം ആക്കുകയുമാണല്ലോ. അത് കൊണ്ട് ഹറമിന് പരിസരത്തുള്ള ഞങ്ങളുടെ വീടുകളിൽ വെച്ച് നിസ്കരിച്ചാൽ ഹറമിൽ നിസ്കരിച്ചാൽ പുരുഷന്മാർക്ക് ലഭിക്കുന്ന പ്രതിഫലം ഞങ്ങൾക്കും ലഭിക്കുമോ? ഈ ചോദ്യം കേട്ട് رسول الله ﷺ സ്വഹാബത്തിനെ ഒന്ന് നോക്കി എന്നിട്ട് അസ്മാഅ് رضي الله عنها യോട് നബി ﷺ പറഞ്ഞു:നിങ്ങൾക്കും തുല്യപ്രതിഫലം ലഭിക്കും.

മുസ്ലിംകളുടെ പ്രമാണം ഖുർആനും സുന്നത്തും ഇജ്മാഉം ഖിയാസുമാണ്.ഭൂരിപക്ഷം എന്ത് ചെയ്യുന്നുവെന്നോ മക്കയിലും മദീനയിലും എന്ത് നടക്കുന്നുവെന്നോ വിശ്വാസികൾക്ക് തെളിവല്ല.ഹറമിൽ വെച്ചുള്ള സ്ത്രീകളുടെ നിസ്കാരത്തിന്റെ വിധിയും ഇത് തന്നെ.എങ്കിലും കഅ്ബയിൽ വെച്ച് മാത്രം നിർവഹിക്കാവുന്ന ത്വവാഫ് സഅ്യ് പോലുള്ള കർമങ്ങൾക്ക് സ്ത്രീയും പങ്കെടുക്കണം.പിന്നെന്തിനാണ് നിസ്കാരം മാത്രം ലക്ഷ്യമാക്കി സ്ത്രീ ഹറമിൽ വരുന്നത്.

മദീനയിലെ മസ്ജിദുന്നബവിയും ആയിശാ ബീവി رضي الله عنها യുടെ വീടും തമ്മിലുള്ള അകലം വളരെ പരിമിതമായിരുന്നു.പള്ളിയിൽ കിടക്കുന്ന നബി ﷺ യുടെ മുടി വീട്ടിൽ നിന്ന് ആയിശ ബീവി رضي الله عنها ചീകിക്കൊടുത്തിരുന്നു. ഇതിൽ നിന്ന് നബിയുടെ വീടും പള്ളിയും തമ്മിലുള്ള അകലം മനസ്സിലാക്കാം.പള്ളിയിലേക്കുള്ള ദൂരം കുറവായിട്ടും ഇമാമായി നിസ്കരിക്കുന്നത് തന്റെ ഭർത്താവായിട്ടും മഅ്മൂമുകൾ വിശിഷ്ട സ്വഹാബത്തായിരുന്നിട്ടും ഒരു റക്അത്തിന് ആയിരം റക്അത്തിന്റെ പുണ്യമുണ്ടായിട്ടും ആയിശ رضي الله عنها നിസ്കാരത്തിന് പള്ളിയിൽ പോയില്ല.തന്റെ അടിമയായ ദക്വാൻ ﵁വിനെ ഇമാമാക്കി വീട്ടിൽ വെച്ചായിരുന്നു ആയിശ رضي الله عنها നിസ്കരിച്ചിരുന്നത്.

നബി ﷺ യുടെ ഭാര്യമാരോ പെൺമക്കളോ പള്ളിയിൽ പോയതായി ഇസ്ലാമിക ചരിത്രത്തിലില്ല. അത് കൊണ്ടാണ് നിരവധി ലക്ഷം ഹദീസ് മനസ്സിലാക്കിയ ഇമാം ശാഫിഈ ﵁സ്ത്രീകൾക്ക് ജുമുഅ ജമാഅത്തിന് പള്ളിയിൽ പള്ളിയിൽ പോയതിന് തെളിവൊന്നും കണ്ടില്ല.മദീനയിലെ വിശുദ്ധ റൗളാ ശരീഫും പതിനായിരക്കണക്കിന് സ്വഹാബത്തും മറ്റും അന്ത്യ വിശ്രമം കൊള്ളുന്ന ജന്നത്തുൽ ബഖീഅ് സിയാറത്ത് ചെയ്യൽ സ്ത്രീകൾക്കും പുണ്യകരമാണ്.എന്നാൽ ജുമുഅ ജമാഅത്ത് എന്ന ഉദ്ദേ

ശത്തോടെ ഒരു പള്ളിയിലും സ്ത്രീകൾ പോകൽ അനുവദനീയമല്ല.

## കുട്ടികളുടെ ഹജ്ജ്

വകതിരിവാകാത്ത ചെറിയ കുട്ടികൾക്കും ഹജ്ജ് നിർവഹിക്കാം.ഹജ്ജിന്റെ പ്രതിഫലം കുട്ടിക്കും രക്ഷിതാവിനും ലഭിക്കും.നബിﷺതങ്ങളിലേക്ക് തന്റെ കുഞ്ഞിനെ ഉയർത്തിക്കാണിച്ച് ഒരുസ്ത്രീ ചോദിച്ചു. ഈ കുട്ടിക്ക് ഹജ്ജുണ്ടോ?നബി ﷺ പറഞ്ഞു. അതെ,കുട്ടിക്ക് ഹജ്ജുണ്ട്, കൂലി നിനക്കും കുട്ടിക്കുമുണ്ട്.

വകതിരിവാകാത്ത കുട്ടിയെ ഹജ്ജ് ചെയ്യിപ്പിക്കുമ്പോൾ രക്ഷിതാവ് അവർക്ക് വേണ്ടി ഇഹ്റാമിനെ കരുതുക.ഈ കുട്ടിയെ ഞാൻ മുഹ്രിമാക്കി എന്നോ ഈ കുട്ടിക്ക് വേണ്ടി ഞാൻ ഇഹ്റാം ചെയ്തുവെന്നോ രക്ഷിതാവ് കരുതുക. രക്ഷിതാവിന്റെ സ്വന്തം ഇഹ്റാം കുട്ടിയുടെ ഇഹ്റാമിന്റെ മുമ്പായാലും ശേഷമായാലും വിരോധമില്ല.ഇവിടെ കുട്ടിക്ക് വേണ്ടി രക്ഷിതാവിന്റെ നിയ്യത്തോടുകൂടി കുട്ടി ഇഹ്റാം ചെയ്തവനാകും ഇഹ്റാമിന്റെ വേളയിൽ കുട്ടി സ്ഥലത്ത് ഹാളിറാവൽ ശർത്തില്ല.

വകതിരിവാകാത്ത കുട്ടിയെക്കൊണ്ട് രക്ഷിതാവ് ത്വവാഫ് ചെയ്യണം. ശുദ്ധി രണ്ട്പേർക്കും ശർത്താണ്.കുട്ടിയോടൊപ്പമുള്ള ത്വവാഫ് രക്ഷിതാവിന്റെ ത്വവാഫായി പരിഗണിക്കുകയില്ല.അപ്പോൾ രക്ഷിതാവ് തനിക്കു വേണ്ടി വേറെ ത്വവാഫ് ചെയ്യണം.ത്വവാഫിന്റെ ഘട്ടത്തിൽ കഅ്ബ രണ്ട് പേരുടെയും ഇടത്തായിരിക്കണം.രക്ഷിതാവിന്റെ ത്വവാഫ് കഴിഞ്ഞേ കുട്ടിയുടെ ത്വവാഫ് ചെയ്യാവൂ.

ഇത് പോലെ രക്ഷിതാവ് കുട്ടിയെയും കൊണ്ട് സഅ്യ് ചെയ്യണം.വലിയ്യ് സ്വന്തം ചെയ്താൽ മതിയാവുകയില്ല.വലിയ്യിന്റെ സഅ്യിന് ശേഷമാണ് കുട്ടിയുടെ സഅ്യ്.അറഫ,മിന,മുസ്ദലിഫ എന്നിവടങ്ങളിലും കുട്ടിയെ ഹാജറാക്കണം.വലിയ്യിന്റെ ഏറിന് ശേഷമായിരിക്കണം കുട്ടിയുടെ ഏറ് വേണ്ടത്.വകതിരിവാകാത്ത കുട്ടി സ്വന്തം എറിഞ്ഞാൽ പരിഗണനീയമല്ല.കുട്ടിയുടെ കയ്യിൽ കല്ല് പിടിപ്പിച്ച ശേഷം രക്ഷിതാവ് എറിയലാണ് ഉത്തമം.

വകതിരിവായ കുട്ടി വലിയ്യിന്റെ സമ്മതത്തോടെ ഇഹ്റാം ചെയ്താൽ ശരിയാകും.വലിയ്യിന് അവന് വേണ്ടി ഇഹ്റാം ചെയ്യുകയുമാവാം.സാധിക്കുന്ന കർമങ്ങൾ സ്വയം ചെയ്യണം.വലിയ്യിന്റെ സമ്മതം ആവശ്യമില്ല. അവന് സാധിക്കാത്തവ വലിയ്യിന് ചെയ്യാവുന്നതാണ്.

പ്രായപൂർത്തിയാകുന്നതിന് മുമ്പ് ഹജ്ജ് ചെയ്തവർ പ്രായപൂർത്തിയായ ശേഷം കഴിവായാൽ വീണ്ടും ഹജ്ജ് ചെയ്യണം.കഴിവില്ലെങ്കിൽ

നിർബന്ധമില്ല.ഭ്രാന്തന്റെയും മൂന്ന് ദിവസത്തിലധികം ബോധക്ഷയം സംഭ വിച്ചവന്റെയും ഹജ്ജിന്റെ രൂപം കുട്ടിയുടെ ഹജ്ജിന്റെ രൂപത്തിലാണ്. മൂന്ന് ദിവസത്തിൽ കുറവാണ് ബോധക്ഷയമുണ്ടായതെങ്കിൽ പകരം മറ്റൊ രാൾ ഇഹ്റാം ചെയ്യൽ മതിയാവുകയില്ല.ഹജ്ജിന് സാധിക്കാത്ത വിധം പരവശനായവർക്ക് പകരം മറ്റാരെങ്കിലും ഹജ്ജ് ചെയ്യൽ അനുവദനീയ മാണ്.

## ഫിദ്‌യ

ഹജ്ജിലെ ചിലകർമങ്ങളിൽ വീഴ്ച വരുത്തുകയോ ഉപേക്ഷ വരു ത്തുകയോ ചെയ്താൽ ഫിദ്‌യ കൊണ്ട് പരിഹരിക്കപ്പെടും. എന്നാൽ ഇത് കരുതി മനഃപൂർവ്വം വീഴ്ച വരുത്തരുത്. ചിലർ അത് ചെയ്യുന്നത് കൊണ്ട് കുഴപ്പമില്ല  ഫിദ്‌യ നൽകിയാൽ മതി എന്ന് പറഞ്ഞ് നിഷിദ്ധ കാര്യങ്ങൾ ചെയ്യാറുണ്ട്. ഇവിടെ ഫിദ്‌യ നൽകൽ കൊണ്ട് അവൻ കുറ്റ വിമുക്തനാ കുന്നില്ല.

## നാമകരണ രഹസ്യം

ഹജ്ജുമായി ബന്ധപ്പെട്ട പേരുകളിലെല്ലാം ചില രഹസ്യങ്ങൾ അട ങ്ങിയിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

1. **حَجّ**: എന്ന പദം ج، ح എന്നീ രണ്ടക്ഷരങ്ങളിൽ സംഘടിച്ചത് ح സഹനം എന്നർത്ഥം വരുന്ന حِلْم എന്നപദത്തിൽ നിന്നും, ج എന്നർത്ഥമുള്ള جرم എന്നപദത്തിൽനിന്നുമായതിനാലാണ്.ഹജ്ജ് ചെയ്യുന്ന വ്യക്തി തന്റെ പാപ ഭാരവുമായി സ്രഷ്ടാവിന്റെ സവിധത്തിൽ വന്ന് മാപ്പിരക്കുന്നു.

2. **اِحْرَامْ**: നിഷിദ്ധമാക്കൽ എന്നാണ് اِحْرَامْ എന്നതിന്റെ അർത്ഥം.ഹ ജ്ജിന് ഇഹ്റാം ചെയ്യുന്നതോടെ തുന്നപ്പെട്ട വസ്ത്രം,സുഗന്ധം,ഇണകൾ തുടങ്ങി ഇഹ്റാമിന്റെ മുമ്പ് അനുവദനീയമായിരുന്ന പലതും നിഷിദ്ധമാ കുന്നു.ഇത് കൊണ്ടാണ് اِحْرَامْ എന്ന് പേര് വന്നത്.

3. **كَعْبَة**: സമചരുതം എന്നാണ് كَعْبَة യുടെ അർത്ഥം സമചതുരാകൃതി യിലായതിനാലാണ് ആ പേര് സിദ്ധിച്ചത്.

4. **عَرَفَة**: തേടൽ എന്നാണ് عَرَفَة എന്നവാക്കിന്റെ അർത്ഥം. ഹജ്ജിൽ വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗം ലഭിക്കാനും,നരകമോചനത്തിനും,പാപങ്ങൾ പൊറുക്കാനും الله വിനോടുള്ള തേട്ടമാണ് ഇത് സൂചിപ്പിക്കുന്നത്.

5. **حَجَّةُ الْاِسْلَامْ**: ഇസ്‌ലാമിലെ ഹജ്ജ് എന്നാണ് അർത്ഥം.ഹജ്ജിനെ ക്കുറിച്ച് മാത്രമാണ് ഇങ്ങനെയൊരു പ്രയോഗം വന്നിട്ടുള്ളത്.ഹജ്ജിലെ

പരമമായ അനുസരണമാണ് ഇങ്ങനെ പറയാൻ കാരണം.ﷸ ഇബ്റാഹീം നബി عليه السلام മിനോട് പറഞ്ഞു : اَسْلِمْ(നീ മുസ്‌ലിമാവുക)ഇബ്റാഹീം നബി عليه السلام മറുപടി പറഞ്ഞു: اَسْلَمْتُ لِرَبِّ الْعَالَمِينَ (ലോക രക്ഷിതാവിന് ഞാൻ കീഴൊതുങ്ങി)

6.مَشْعَرُ الْحَرَامْ: مَشْعَرْ എന്നതിന് ബോധോദയം ഉണ്ടാവുക എന്നാണർത്ഥം ഹൃദയത്തിൽ നാഥനായ اَللّٰهُവിനെക്കുറിച്ചുള്ള സ്മരണയാണ് ഇവിടെ ഉദ്ദേശം.

7.جَمْعْ: മുസ്ദലിഫയുടെ മറ്റൊരു പേരാണ് جَمْعْ. ഒരുമിച്ച് കൂടൽ എന്നാണ് ഈ വാക്കിന്റെയർത്ഥം.ദോഷമുക്തി, സൃഷ്ടികളോടുള്ള ബാധ്യത ഒഴിയൽ എന്നിവയുടെ സംഘാടനമാണിത്. ഒരുഹദീസ് : നബി ﷺ തങ്ങൾ ഉമ്മത്തിന്റെ ദോഷങ്ങൾ പൊറുക്കാൻ വേണ്ടി അറഫയിൽ വെച്ച് പ്രാർത്ഥിച്ചു: അപ്പോൾ അവർക്ക് മാപ്പ് നൽകപ്പെട്ടു.ശേഷം جَمْع എന്ന സ്ഥലത്ത് വെച്ച് ദുആ ചെയ്തു. മനുഷ്യരിൽ നിന്നുള്ള ബാധ്യത നിറവേറ്റിയവർക്ക് ഉത്തരം നൽകപ്പെട്ടു എന്ന മറുപടി ലഭിച്ചു.അതിനാൽ اَللّٰهُവിനോടും സൃഷ്ടികളോടുമുള്ള മുഴുവൻ ബാധ്യതകളിൽ നിന്നും മുക്തമാകുന്ന സംഗമ സ്ഥലമാണിത്.

8.مِنَى: ആഗ്രഹം എന്നാണ് مِنَى എന്ന വാക്കിന്റെ അർത്ഥം.ദോഷങ്ങൾ പൊറുക്കപ്പെടുക എന്ന ആഗ്രഹം സഫലമാകുന്നതിനോടൊപ്പം ഏറ്റവും വലിയ ആഗ്രഹമായ اَللّٰهവിന്റെ സാമീപ്യവും കരസ്തമാകുന്നു.

9.حَجَرُ الْاَسْوَدْ: കറുത്ത കല്ല് എന്നാണർത്ഥം.സ്വർഗത്തിൽ നിന്നും ഇറക്കപ്പെട്ട ഈ കല്ല് മനുഷ്യ പാപങ്ങളാൽ കറുത്തുപോയതാണ്.

10.حَرَمْ: വന്ദിക്കപ്പെട്ടത് എന്നാണ് حَرَمْ എന്നതിന്റെ അർത്ഥം.നിഷിദ്ധമാക്കപ്പെട്ടത് എന്നും അർത്ഥമുണ്ട്.പവിത്രമായ സ്ഥലമാണത്.മൃഗങ്ങളെ വേട്ടയാടലും മരങ്ങൾ മുറിക്കലും പുല്ലുകൾ പറിക്കലും നിഷിദ്ധമാണ്.

## മദീന

ലോകത്ത് ഏറ്റവും പുണ്യമായ ഭൂമി മദീനയാണ്. കാരണം നബി (സ) യുടെ റൗളാശരീഫ് സ്ഥിതി ചെയ്യുന്നത് അവിടെയാണ്. നിന്റെ ദൃഷ്ടി മദീനയിലെ മതിൽകെട്ടുകളിൽ പതിഞ്ഞാൽ ഈ മണ്ണ് നബി(സ)ക്ക് വേണ്ടി അല്ലാഹു തിരഞ്ഞെടുത്ത മണ്ണാണ് എന്നോർക്കണം. ഇവിടത്തേക്കാണ് നബി(സ)യുടെ ഹിജ്റയെ അല്ലാഹു സംവിധാനിച്ചത്.

ഇസ്‌ലാമിലെ ഫർളുകളും സുന്നത്തുകളും ഇവിടെ വച്ചാണ് ശറആക്കപ്പെട്ടത്. ഇസ്‌ലാമിന്റെ ശത്രുക്കളോട് അടരാടിയതും ഈ മണ്ണിൽ നിന്ന് തന്നെ, അല്ലാഹുവിന്റെ ദീനിന്റെ പ്രകടനം സാധ്യമായതും.

റസൂലുള്ളാഹി(സ)യുടെ ശരീരം തൊട്ടുകിടക്കുന്ന മണ്ണും ,അവിടുത്തെ രണ്ട് ഖലീഫമാരായ സിദ്ധീഖ്(റ)വിന്റെയും ഉമർ(റ)വിന്റെയും ശരീരം തൊട്ട് കിടക്കുന്നതും ഈ ഭൂമിയിലാണ്. മസ്ജിദുൽ ഹറാമിലെ നിസ്കാരത്തിനും മറ്റു സൽകർമ്മങ്ങൾക്കും ഒരു ലക്ഷം പുണ്യം ലഭിക്കുമ്പോൾ നബി ﷺ യുടെ മിമ്പറിന്റെയും വീടിന്റെയും ഇടയിലുള്ള റൗളയിൽ വെച്ചുള്ള ആരാധനാ കർമ്മങ്ങൾക്ക് അതിനേക്കാൾ പ്രതിഫലം ലഭിക്കും. മക്കയാണോ മദീനയാണോ ഏറ്റവും നല്ല സ്ഥലം എന്ന് പണ്ഡിത ലോകത്തിൽ തർക്കമുണ്ടെങ്കിലും അത് ഏത് രാജ്യമാണെന്നതിലാണ് . അതേ സമയം അല്ലാഹുവിന്റെ റസൂൽ(സ)യുടെ ശരീരം തൊട്ട് നിൽക്കുന്ന മണ്ണാണ് ഭൂമിയിലെ ഏറ്റവും നല്ല സ്ഥലം എന്നതിൽ ഭിന്നാഭിപ്രായക്കാരില്ല.

ما بين قبري ومنبري روضة من رياض الجنة എന്റെ ഖബ്റിന്റെയും മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗ്ഗ പൂങ്കാവനങ്ങളിൽ നിന്നുള്ള ഒരു പൂങ്കാവനമാണ്.എന്ന ഹദീസ് ഈ പദവിയെക്കുറിക്കുന്നു. മദീനയിലെ മസ്ജിദുന്നബവിയിൽ നിസ്കരിച്ചാൽ ആയിരം റക്അത്തിന്റെ പുണ്യം ലഭിക്കുമെന്ന് പറഞ്ഞത് റൗളയല്ലാത്ത ഭാഗത്തുള്ള നിസ്കാരങ്ങൾക്കാണ്. പ്രസ്തുത ഹദീസിനെ വ്യഖ്യാനിച്ച് ചിലർ പറഞ്ഞത് ഈ സ്ഥലം പാരത്രിക ലോകത്ത് സ്വർഗത്തിലുണ്ടായിരിക്കുമെന്നാണ്.

നബി ﷺ ഖുത്ബ ഓതാൻ ഒരു ഈത്തപ്പനത്തടിയിലായിരുന്നു കയറി നിന്നിരുന്നത്. പുതിയ മിമ്പർ കൊണ്ട് വന്നപ്പോൾ നബി ﷺ അതിൽ കയറി. ഇത് കണ്ട പ്രസ്തുത ഈത്തപ്പനത്തടി കരയൻ തുടങ്ങി. അപ്പോൾ നബി ﷺ അതിനെ സമാശ്വസിപ്പിച്ച് കൊണ്ട് പറഞ്ഞു : സ്വർഗവാസികൾക്ക് സമൃദ്ധമായി ഈത്തപ്പഴം നൽകുന്ന ഒരീന്തപ്പന മരമായി നീ മാറും. ഈ തടി ഇപ്പോൾ റൗളയിലെ ഒരു തൂണിന്റെ ഉള്ളിൽ ആവരണം ചെയ്യപ്പെട്ട് കിടക്കുകയാണ്.(ഫറാഇദുസ്സമീന ഫീ അഖ്ബാരി മദീന)

ഈ സംഭവം റൗള ശരീഫ് നിലകൊള്ളുന്ന സ്ഥലം സ്വർഗത്തിൽ കൊണ്ട് വരപ്പെടും എന്ന് പറഞ്ഞതിന് ഉപോൽബലകമാണ്. അത് കൊണ്ട് ഈ സ്ഥലത്ത് എത്തിപ്പെടാൻ ഓരോരുത്തരും ശ്രമിക്കണം. പക്ഷെ മറ്റുള്ളവർക്ക് ബുദ്ധിമുട്ട് വരുന്ന രൂപത്തിലായിരിക്കരുത്. ഇവിടെ വെച്ച് കഴിയുന്നത്ര നിസ്കാരവും മറ്റു ആരാധനകളും ചെയ്യണം.

## വഫാത്തിനു ശേഷവും സഹായം

ഖിബ്ലയുടെ ഖിബ്ലയായ നബി ﷺ തങ്ങളിലേക്ക് കാര്യങ്ങളെല്ലാം സമർപ്പിക്കുക.ولو انهم اذظلموا انفسهم جاءوك واستغفر الله واستغفر لهم الرسول لوجدوا اللهتوابا رحيما ദോഷങ്ങൾ ചെയ്ത് ശരീരത്തോട് അക്രമം പ്രവർത്തിച്ചവർ തങ്ങളുടെ

സമീപത്ത് വരികയും ﷲ വിനോട് മാപ്പിരക്കുകയും തങ്ങളോട് സങ്കടം പറഞ്ഞവർക്ക് വേണ്ടി തങ്ങൾ ﷲ വിനോട് ശുപാർശ ചെയ്യുകയും ചെയ്താൽ അവർക്ക് ﷲ വിനെ പശ്ചാതാപം സ്വീകരിക്കുന്നവനായും കാരുണ്യമുള്ളവനായും എത്തിക്കും.(വിശുദ്ധ ഖുർആൻ)

ഇത് നബിﷺയുടെ ജീവിത കാലത്താണ് എന്ന് പറഞ്ഞ് പുത്തൻ പ്രസ്താനക്കാർ മാറ്റി നിർത്താറുണ്ട്. എന്നാൽ മരണപ്പെട്ടതിനു ശേഷം رَسُولُ اللَّهِﷺ യുടെ സഹായം ലഭിച്ചു കൊണ്ടിരിക്കും. എന്നതാണ് അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസം. റൗളാ ശരീഫിലെത്തി رَسُولُ اللَّهِﷺ യെ വിളിച്ച ഉമറുൽഖാളി ﷺവിന് റൗളയുടെ കവാടം നബി ﷺ തങ്ങൾ തുറന്നു കൊടുക്കുകയുണ്ടായി.

## കൂട്ടുകാരന് സ്വാഗതം

അബൂബക്കർ സിദ്ധീഖ് ﷺ വഫാത്തായപ്പോൾ അദ്ദേഹത്തെ കുളിപ്പിച്ച് കഫൻ ചെയ്ത ശേഷം റൗളയിൽ മറവു ചെയ്യാൻ വേണ്ടി رَسُولُ اللَّهِﷺ യോട് സ്വഹാബത്ത് സമ്മതം ചോദിച്ചു.അപ്പോൾ അവർക്ക് മറുപടി ലഭിച്ചു. ادخلوا الحبيب الى الحبيبഎന്റെ പ്രിയ സ്നേഹിതനെ സ്നേഹിതനായ എന്നിലേക്ക് കൊണ്ട് വരൂ.

## പുരയ്ക്കുമുകളിലൂടെ വെള്ളം

ഉസ്മാൻ ﷺ വിന്റെ അന്ത്യ നിമിഷങ്ങളിൽ വിപ്ലവകാരികൾ അദ്ദേഹത്തിന്റെ വീട് വളയുകയും കൊലവിളി നടത്തുകയും ചെയ്ത സന്ദർഭം.ഉസ്മാൻ ﷺ നോമ്പ് തുറക്കാൻ വേണ്ടി വെള്ളം ആവശ്യപ്പെട്ടു.ശത്രുക്കൾ പറഞ്ഞു:നിനക്ക് വെള്ളം തരില്ല. വേണമെന്നുണ്ടെങ്കിൽ വെള്ളം ഓവുചാലിൽ നിന്നും ഊറ്റിക്കുടിച്ചോ. ഇത് കേട്ട് അദ്ദേഹത്തിന്റെ ഭാര്യ വെള്ളപ്പാത്രവുമായി അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം പറഞ്ഞു : എനിക്ക് ഇപ്പോൾ വെള്ളം ആവശ്യമില്ല ഞാൻ വീണ്ടും നോമ്പ്കാരനാണ്. ഭാര്യ ചോദിച്ചു : നിങ്ങൾക്ക് എവിടെ നിന്നാണ് വെള്ളം കിട്ടിയത്. അദ്ദേഹം പറഞ്ഞു : എനിക്ക് പുരയ്ക്ക് മുകളിൽ കൂടി رَسُولُ اللَّهِﷺ തങ്ങൾ വെള്ളം കൊണ്ട് വന്ന് തരികയും ഞാനത് കുടിക്കുകയും ചെയ്തു. ഈ സംഭവം رَسُولُ اللَّهِﷺ യുടെ വഫാത്തിന്റെ ശേഷം ഏകദേശം ഇരുപത് വർഷങ്ങൾ കഴിഞ്ഞാണ്.

## വിശുദ്ധ കരം നീട്ടിക്കൊടുത്തു

ആരിഫീങ്ങളുടെ നേതാവായ അഹ്മദുൽ കബീർ രിഫാഈ ﷺ റൗളയിൽ ചെന്ന് കൊണ്ട് ചില കവിതാ ശകലങ്ങൾ പാടുകയുണ്ടായി.ﷲﷺ

رَسُولُയെ നേരിട്ട് വിളിച്ച് കൊണ്ട് അദ്ദേഹം പാടിയതിന്റെ അർത്ഥം ഇതാണ്; നബിയേ എന്റെ ശരീരം ദൂരെയായിരുന്ന അവസരത്തിൽ എന്റെ ആത്മാവിനെ ഞാനിങ്ങോട്ട് അയക്കാറുണ്ടായിരുന്നു. ഇപ്പോൾ ഞാനിതാ എന്റെ ശരീരത്തോടൊപ്പം അങ്ങയുടെ സവിധത്തിൽ വന്നിരിക്കുന്നു. അത് കൊണ്ട് അങ്ങയുടെ തിരുകരമൊന്ന് നീട്ടിത്തരുമോ ഞാനതൊന്ന് പിടിച്ച് ചുംബിക്കട്ടെ. ആ സമയത്ത് നബി ﷺ തങ്ങളുടെ കൈ രിഫാഈ ശൈഖിന് നീട്ടിക്കൊടുത്തു. രിഫാഈ ശൈഖ് മതിവരുവോളം ആ കരം ചുംബിച്ചു.

## മദീനയിലെ മണൽ തരികൾ

ഈ മദീനയുടെ മണൽ തരികളിൽ റസൂലിന്റെ പാദം പതിയാത്ത വല്ല സ്ഥലവുമുണ്ടാകുമോ. മദീനയിലെ മണൽ തരികളിൽ പാദമൂന്നുമ്പോൾ رَسُولُ اللهِ ﷺയുടെ തിരുപാദം പതിഞ്ഞ സ്ഥലമാണെന്നോർക്കുക. അവിടുത്തെ കാലടി മനസ്സിൽ രൂപപ്പെടുത്തുക. അതിലൂടെ നടന്ന് നീങ്ങുമ്പോൾ വളരെയധികം ഭക്തിയും ബഹുമാനവും ആവശ്യമാണ്. എല്ലാ മണൽ തരികളും അതാശിച്ചുകാണും, മണ്ണും കല്ലും എല്ലാം റസൂലിന്റെ മുമ്പിൽ വിനയാന്നിതരായി നിന്നിട്ടുണ്ടല്ലോ. ആ മണ്ണിലാണ് നിന്റെ പാദം നീ പതിക്കുന്നതെന്ന് ആലോചിക്കണം തികഞ്ഞ ഭവ്യതയോടെയും ശക്തമായ പേടിയോടയുമല്ലാതെ നിന്റെ പാദം നീ വെക്കരുത്. ഭക്തിയോടെയും സമാധനത്തോടെയും നടന്നുപോയ നബി തിരുമേനി(സ)യെ ഈ സമയം വായിച്ചെടുക്കുക.

ഹൃദയത്തിൽ അല്ലാഹുവിനെ സംബന്ധിച്ചുള്ള മഅ്രിഫത്തിന്റെ മഹത്വം സൂക്ഷിച്ച 'ജീവിച്ചിരിക്കുന്ന ഖുർആനായ' തിരുഹബീബിനെ മനസ്സിൽ ഓർത്തുകൊണ്ടിരിക്കണം. നിങ്ങളുടെ കർമ്മങ്ങളെ അല്ലാഹുവിന്റെ റസൂൽ കാണുന്നുണ്ടെന്ന ഖുർആനിന്റെ അധ്യാപനം നമ്മുടെ മനസ്സിനെ മഥിക്കണം. ആ റസൂലിന്റെ പ്രശസ്തിയെ എത്രയാണ് അല്ലാഹു ഉയർത്തിയത് അല്ലാഹുവിനോട് റസൂലിനെ ചേർത്തിപ്പറയാത്ത ബാങ്ക് സ്വഹീഹല്ല, ഇസ്‌ലാമിലേക്ക് കടന്നുവരാനുള്ള ശഹാദത്ത് കലിമ റസൂലിന്റെ ശഹാദത്തോടുകൂടി മാത്രമേ സാധ്യാമാകൂ. ഖുത്വുബ സ്വഹീഹാകണമെങ്കിലും ആ റസൂലിന്റെ പേര് പറയണം. നിസ്കാരം സ്വഹീഹാകാനും അവിടത്തേക്ക് സ്വലാത്ത് ചൊല്ലണം. ഭൂമിയിൽ ഒരു മൈക്രോ സെക്കന്റ് പോലും ആ റസൂലിന്റെ പേര് ഉരുവിടാതിരിക്കുന്നില്ല. അത്രയും ഉദാത്തമായൊരു സൃഷ്ടി മറ്റാരുമില്ല അവർ ചവിട്ടിയ ഭൂമിയിൽ ചവിട്ടാൻ ഞാനർഹനല്ല, എങ്കിൽ അവിടുത്തെ പാദം തട്ടിയ സ്ഥലത്ത് എന്റെ പാദം തട്ടിച്ച് ഞാൻ രക്ഷപ്പെട്ടെങ്കിലോ . അവിടുത്തെ

ശറഫാക്കപ്പെട്ട ചുണ്ടും നെറ്റിയും തട്ടിയ സ്ഥലത്ത് ഈ പാപിയുടെ നെറ്റിയും ചുണ്ടും സപ്ർശിക്കലായിരുന്നല്ലോ ഹജറുൽ അസ്‌വദിനെ ചുംബിക്കലിലൂടെ ഉദ്ദേശിക്കപ്പെട്ടത്. നബി(സ)ടുള്ള ആദരവിന് ഭംഗം വരുന്ന എന്തെങ്കിലും സംഭവിച്ചാൽ എന്റെ അമല് പൊളിഞ്ഞ് പോകുമെന്ന് ചിന്തിക്കണം. റസൂലുള്ളാഹി (സ) തങ്ങളുടെ ശബ്ദിത്തിനുമീതെ ശബ്ദമുയർത്തിയാൽ അമല് പൊളിഞ്ഞ് പോകുമെന്ന ഖുർആനിക അധ്യാപനം ഇവിടെ ഓർമ്മിച്ചെടുക്കണം.

നബി ﷺ യെക്കാണാനും അവിടത്തെ സംസാരം കേൾക്കാനും ഭാഗ്യം ലഭിക്കാത്തവരാണ് നമ്മൾ. അതിന് അവസരം ലഭിച്ച സ്വഹാബത്ത് എത്ര ഭാഗ്യവാന്മാരാണ്.എങ്കിലും رَسُولُ اللّٰهِ ﷺജീവിച്ച സ്ഥലങ്ങളിൽ എത്താൻ സാധിച്ചു എന്നതിൽ ആത്മ നിർവൃതിയണയുക. ഈ ലോകത്ത് വെച്ച് رَسُولُ اللّٰهِ ﷺ യെ കാണാൻ സാധിച്ചില്ലെങ്കിലും പരലോകത്ത് വെച്ച് കാണാൻ സാധിക്കുമെന്ന പ്രതീക്ഷയുണ്ടായിരിക്കണം.എങ്കിലും അത് വളരെ പ്രയാസകരമാണ്. കാരണം നമ്മുടെ തിന്മകൾ അതിന് തടസ്സമായി ഭവിച്ചേക്കാം. അതിനാൽ ഹൃദയത്തിൽ ഭയമുണ്ടായിരിക്കണം.

നബി ﷺ പറഞ്ഞു :അന്ത്യനാളിൽ ചിലർ എന്നെ വിളിക്കുന്നതായി اَللّٰه എനിക്ക് കാണിച്ച് തരുമ്പോൾ അവർ എന്റെ അനുയായികളാണെന്ന് ഞാൻ എന്റെ നാഥനോട് പറയും അപ്പോൾ അവർ നിന്റെ കാലശേഷം തിന്മ പ്രവർത്തിച്ചവരായിരുന്നു എന്ന് എന്റെ നാഥൻ മറുപടി പറയും.എന്നാൽ അവർ അകന്ന് പോകട്ടെ എന്ന് ഞാൻ മറുപടി പറയും.

അത് കൊണ്ട് നബി ﷺ പഠിപ്പിച്ചതിനെതിരായ വല്ലതും പ്രവർത്തിക്കുന്ന പക്ഷം അവിടുത്തെ ശുപാർഷക്ക് അർഹരല്ലാതായിത്തീരും. എന്നാൽ ഭൗതികമായ എല്ലാ താൽപര്യങ്ങളും മാറ്റിവെച്ച് നബി ﷺ യോടുള്ള പ്രേമത്താൽ മാത്രം മദീനയിൽ എത്തിയതിനാൽ നബി ﷺ യുടെ ശുപാർശക്ക് താൻ അർഹനായിത്തീരുമെന്ന് പ്രതീക്ഷയുണ്ടായിരിക്കണം. കാരണം നബി ﷺ യെ ജീവിത കാലത്ത് കാണാൻ സാധിച്ചില്ലെങ്കിലും അവിടത്തെ ഖബ്ർ സന്ദർശിക്കാനെന്ന ഉദ്ദേശത്തോടെ മാത്രമാണല്ലോ വന്നിട്ടുള്ളത്. അത് കൊണ്ട് തന്നെ اَللّٰهവിന്റെ അനുഗ്രഹം അവന്നുണ്ടായിരിക്കും

## മസ്ജിദുന്നബവി

മദീനയിലെ മസ്ജിദുന്നബവിയിൽ പ്രവേശിക്കുമ്പോൾ അത് നബി ﷺ ക്കും സ്വഹാബത്തിനും ആരാധിക്കാനായി اَللّٰهതിരഞ്ഞെടുത്ത സ്ഥലമാണെന്നും ഇസ്‌ലാമിക സന്ദേശങ്ങൾ ലോകത്ത് പ്രചരിച്ച സ്ഥലമാണെന്നും

ഓർക്കുക. സൃഷ്ടികളിൽ ഏറ്റവും ഉൽകൃഷ്ടനായ നബി ﷺ യുടെ ജീവിതവും വഫാത്തും ഉൾക്കൊണ്ട സ്ഥലമാണത്. അത് കൊണ്ട് ഭക്തിപൂർവ്വമായിരിക്കണം അവിടെ പ്രവേശിക്കേണ്ടത്. ഏതൊരു വിശ്വാസിയുടെയും ഹൃദയത്തിൽ ഭക്തി നിറയുന്ന സന്ദർഭമാണത്. മസ്ജിദുന്നബവിയുടെ ചാരത്തെത്തിയാൽ ഇത് അല്ലാഹുവിന്റെ ഹബീബ് (സ)തങ്ങൾക്കും അനുചരർക്കും അല്ലാഹു നിശ്ചയിച്ച ഇടമാണെന്നോർക്കണം. ഈ പരിശുദ്ധ പള്ളിയിലാണ് അല്ലാഹു നിർബന്ധമാക്കിയ വിഷയങ്ങളെ സ്ഥാപിക്കപ്പെട്ടത്. സൃഷ്ടികളിൽ നിന്ന് ഉത്തമരായവരുടെ ജീവിതവും മരണവും പടച്ചവൻ സമ്മേളിപ്പിച്ച കേന്ദ്രമാണിത്. ഈ പള്ളിയിൽ പ്രവേശിക്കൽ കൊണ്ട് എനിക്കും കാരുണ്യം നൽകപ്പെടുമെന്ന പ്രതീക്ഷയോടെ , തികഞ്ഞ ആദരവോടെ പള്ളിയിൽ പ്രവേശിക്കുക. ഓരോ മുഅ്മിനിന്റെ ഹൃദയത്തിലും ഭക്തി സാന്ദ്രത തളിരിടാൻ ഇതിനെക്കാളും പറ്റിയ ഇടമില്ല.

ഉവൈസുൽ ഖർനീ رضي الله عنه ഹജ്ജ് ചെയ്ത ശേഷം മദീനയിൽ വന്ന് മസ്ജിദുന്നബവിയിൽ പ്രവേശിച്ച് നബി ﷺ യുടെ ഖബ്റിനരികിലെത്തി.പക്ഷെ മനസ്സിലെ സ്നേഹം കാരണം നിയന്ത്രണം നഷ്ടപ്പെട്ട് അദ്ദേഹം ബോധരഹിതനായി വീണു.ബോധം തെളിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:നിങ്ങൾ എന്നെ പുറത്തേക്ക് കൊണ്ട് പോവുക.നബി ﷺ കിടക്കുന്ന ഈ സ്ഥലത്ത് നിൽക്കാൻ എനിക്ക് സാധിക്കുന്നില്ല. അബൂസുലൈമാൻ رضي الله عنه ഈ സംഭവം ഉദ്ധരിച്ചിട്ടുണ്ട്.

## رَوْضَةُ الْمُكَرَّمْ (റൗളതുൽ മുകർറം)

റൗളയിലെത്തി رَسُولُ اللَّهِ ﷺ യോട് അഭിമുഖമായി നിൽക്കുമ്പോൾ മനസ്സിൽ ഭക്തി ആവശ്യമാണ്.ആ തിരു സന്നിധിയിൽ ചെല്ലുന്നതിന് മുമ്പ് നാം ധാരാളം സ്വലാത്ത് ചൊല്ലണം.തിരു നബി ﷺ ക്ക് കാഴ്ചവെക്കാനുള്ള പാരിതോഷികമാണത്.

റൗളയിൽ ചെന്ന് കൊണ്ട് ധാരാളം സലാം പറയണം.

اَلسَّلَامُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللَّهِ وَبَرَكَاتُهُ നബിയേ അങ്ങയുടെ മേൽ اَللَّهُ വിന്റെ കാരുണ്യവും രക്ഷയും അനുഗ്രഹവും ഉണ്ടാവട്ടെ.ഈ സലാം رَسُولُ اللَّهِ ﷺ യെ നേരിട്ട് വിളിക്കലാണ്.നമ്മുടെ നിസ്കാരങ്ങളിൽ നാം നബി ﷺ തങ്ങൾക്ക് സലാം പറയാറുണ്ട്.എന്നാൽ ഇപ്പോൾ അവിടുത്തെ സന്നിധിയിൽ ചെന്ന് കൊണ്ടാണ് സലാം പറയുന്നത്.മദീനയിലും റൗളയുടെ പരിസരങ്ങളിലും നടക്കുമ്പോൾ നബി ﷺ യും സ്വഹാബത്തും ജീവിച്ച സ്ഥലമാണ് എന്ന സ്മരണ ഉണ്ടായിരിക്കണം.ഹിറാഗുഹയും സൗർ ഗുഹയും സന്ദർശിക്കുന്ന അവസരത്തിലും ഈ ചിന്ത ആവശ്യമാണ്.

# റൗളാ സിയാറത്ത്

അവിടുത്തെ മുമ്പിൽ ജീവിച്ചിരിക്കുന്ന കാലത്ത് എപ്രകാരം നിൽക്കുമായിരുന്നോ അപ്രകാരം നിൽക്കണം. ഇത് ഏതൊരു മസാറിലും പാലിക്കേണ്ട മര്യാദയാണ്. ജീവിത കാലത്തെ പെരുമാറ്റം പോലെത്തന്നെ യാണ് മരണശേഷവും പെരുമാറേണ്ടത് അദബിലും അച്ചടക്കത്തിലും സ്നേഹത്തിലും മാറ്റമില്ല, ഇല്ല ഇവരൊന്നും മരിച്ചിട്ടില്ല. റസൂലിലേക്ക് ഉമ്മത്തു ചൊല്ലുന്ന സ്വാലാത്ത് അപ്പപ്പോൾ മടക്കികൊണ്ടിരിക്കുന്നു. السّلام مامن مسلّمٍ سلّم عليّ إلاّ وقد ردّ اللّه روحي عليّ فأردّ عليه എന്റെ മേൽ സലാം ചൊല്ലിയവന്റെ സലാം എനിക്കു മുമ്പേ മടക്കി തന്ന റൂഹ്കൊണ്ട് ഞാൻ മടക്കിയിട്ടല്ലാതെയില്ല'(ഹദീസ്). അല്ലാഹു തആല എന്റെ ഉമ്മത്തിന്റെ സലാമിനെഎന്നിലേക്കെത്തിക്കാൻ ഒരു മലക്കിനെ തന്നെ ഏൽപ്പിച്ചിരിക്കുന്നു എന്ന തിരുവചനം ചേർത്തിവായിക്കണം. ഈ പറഞ്ഞ രണ്ടു വചനങ്ങളും ഖബർ ശരീഫിലേക്ക് പോകാതെ വിദൂരത്ത് നിന്ന് സ്വാലാത്ത് ചൊല്ലുന്നവരെയാണ് ഉദ്ദേശിക്കുന്നത്. നാടും കുടുംബവും വിട്ട് പുണ്യ ശരീരം വെച്ച ഭൂമികാണാൻ അവിടുത്തെ സന്നിധാനത്തിലെ ത്തിയവരെക്കുറിച്ച് പറയേണ്ടതില്ലല്ലോ. ജീവിതകാലത്ത് ആ പരിശുദ്ധ പൂമുഖം കാണാൻ ഭാഗ്യമില്ലെങ്കിലും അവിടുന്ന് കിടക്കുന്ന മണ്ണ് കാണാൻ ത്യാഗം സഹിച്ച് കടന്നു ചെന്നവനെ എങ്ങനെ സ്വീകരിക്കാതിരിക്കും. നമുക്ക് കരയാം , ഭ്രാന്തനാകാം ഈ തിരുസവിധത്തിൽ. فيه يا سيّدي خير النّبي ارتكبت علي الخطا غير حصرٍ وعدد لك أشكو എന്ന ഈരടി വളരക്കൂടുതൽ ആവർത്തിക്കേ കേന്ദ്രമാണിത്. ശൈഖ് രിഫാഈ തങ്ങൾ പ്രേമ ഭജനം ചൊല്ലി അവിടുത്തെ ശറഫാക്കപ്പെട്ട കയ്യിന്റെ മുത്തം സമ്പാദിച്ചെടുത്ത കേന്ദ്രമിതാണ്. മലബാറുകാരനായ അശൈഖ് വലിയ്യുള്ളാഹി വെളിയംകോട് ഉമർഖാളി തങ്ങൾ അതിയായ പ്രേമത്താൽ ഗാനമാലപിച്ച് റൗള ശരീഫിന്റെ കതക് തുറന്നതും ഇവിടെവച്ചത്രെ.

ഒരു തവണ സ്വാലത്ത് ചൊല്ലിയാൽ തന്നെ പത്ത് തവണ പ്രതിഫലം നൽകാമെന്ന് റസൂൽ (സ)വാഗ്ദാനം നൽകിയതാണ്. നാവ് കൊ് സലാം ചൊല്ലിയാൽ തന്നെ പ്രതിഫലം ഇതാണെങ്കിൽ ശരീരം കൊ് എത്തിയവനിക്കെത്രയായിരിക്കും. ഉമ്മറപ്പടിയിൽ ചെന്ന് യാചിക്കുന്ന യാചകനെ മാന്യന്മാരാരും തിരച്ചയക്കാറില്ല. റസൂലിനെക്കാളും മാന്യൻ ഇനി ലോകത്തുവരില്ല. അത്തരത്തിലുള്ളൊരു യാചകനായി ഞാനുമിതാ ഈ ഉമ്മറപ്പടിയിൽ. റസൂലിന്റെ മിമ്പറിന്റെ സമീപ്പത്തെത്തുമ്പോൾ ആ മിമ്പറിലേക്ക് റസൂൽ ചവിട്ടി കയറിയതിനെ ഓർക്കുക, പ്രസന്നമായ ആ പ്രത്യക്ഷപ്പെടലിനെ ഹൃദയത്തിലാവിഷ്ക രിക്കുക, റസൂൽ(സ) മിമ്പറിൽ നിൽക്കുന്നതായും മുഹാജിറുകളും

അൻസ്വാറുകളും കരഞ്ഞ് താഴെയിരിക്കുന്നതും ഓർക്കുക. പ്രൗഢമായ ഖുതുബയെ ചെവയോർക്കുകയും ചെയ്യുക. ആ സ്വാഹാബത്തിന്റെ കൂട്ടത്തിൽ ഒരുവനായി നമുക്കും അലിഞ്ഞു ചേരാം. ഖിയാമത്ത് നാളിൽ എന്റെയും തങ്ങളുടെയും ഇടയിൽ വിട്ട് പിരിക്കാതിരിക്കലിനെ ആ സമയം ചോദിച്ചുകൊിരിക്കണം. അമലുകൾ പൂർത്തിയാകുമ്പോൾ തന്റെ ഹൃദയത്തിൽ മനഃക്ലേശവും സങ്കടവും അതിലുപരി പേടിയും നിറഞ്ഞ് നിൽക്കണം എന്നെ സ്വീകരിക്കപ്പെടുമോ അതോ ആട്ടപ്പെടുമോ എന്ന ഭീതിയാണവനെ ഭരിക്കേത്.

ഈ അമലുകൾ പൂർത്തിയായതിൽ പിറകെ തന്റെ ഹൃദയം ഭൗതിക ഭ്രമതയിൽ നിന്ന് അകന്നും അല്ലാഹുവിലേക്കടുത്തും നിലനിൽക്കുകയും അവന്റെ കർമ്മങ്ങളെല്ലാം ശറഇന്റെ തുലാസിൽ തൂക്കികണക്കാക്കി പ്രവർത്തിക്കുകയും ചെയ്താൽ അവൻ സ്വീകരിക്കപ്പെട്ടവനാണെന്ന് ഉറപ്പിക്കാം. അല്ലാഹു ഇഷ്ടപ്പെട്ടവരെ മാത്രമെ സ്വീകരിക്കൂ, ഇഷ്ടപ്പെട്ടാൽ പിന്നീട് അല്ലാഹു അവനെ ഏറ്റെടുക്കും. ശത്രുവായ ഇബ്ലീസിന്റെ സമ്മർദ്ധത്തിൽ നിന്ന് അകന്ന് ജീവിക്കാൻ അവനു സാധിക്കും. അല്ലാഹുവിന്റെ സ്നേഹത്തിന്റെ പ്രകടനങ്ങൾ അവന്റെ ജീവിതത്തിലുടനീളം ക് കൊിരിക്കണം. എന്റെ അടിമകളുടെ മേലിൽ നിനക്ക് സമ്മർദ്ധം ചെലുത്താനാകില്ല എന്ന ഇബ്ലീസിനോടുള്ള അല്ലാഹുവിന്റെ വചനം ഈ ഹാജിയിലും സാക്ഷാൽകൃതമാവുകയാണ്. ഹജ്ജിന്റെ മുമ്പുള്ളതിനേക്കാൾ ജീവിതം ചിട്ടപ്പെടുകയും ആത്മീയമായി ഉയരുകയും ചെയ്താൽ ഹജ്ജ് സ്വീകരിക്കപ്പെട്ടു എന്നുറപ്പിക്കാം. മറിച്ചാണെങ്കിൽ ...

## സ്വലാത്തിന്റെ പുണ്യം

ആരെങ്കിലും എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ ﷲ അവന് പത്ത് അനുഗ്രഹങ്ങൾ നൽകും.(ഹദീസ്)

നാവ് കൊണ്ട് നബിﷺയുടെ മേൽ സ്വലാത്ത് ചൊല്ലിയാൽ കിട്ടുന്ന പ്രതിഫലമാണിത്.അപ്പോൾ ഹൃദയ സാന്നിദ്ധ്യത്തോടെ നബിﷺയെ ദർശിക്കുന്നതായി ഭാവിച്ച് കൊണ്ട് സ്വലാത്ത് ചൊല്ലിയാൽ അതിന്റെ പ്രതിഫലം വളരെ വലുതായിരിക്കും.

റൗള സിയാറത്തിന് ശേഷം നബി ﷺ യുടെ മിമ്പറിനു സമീപത്തെത്തുക.ആ മിമ്പർ കാണുമ്പോൾ നബി ﷺ മിമ്പറിൽ കയറി നിന്ന് ചുറ്റും കൂടിയ സ്വഹാബത്തിന് ഇസ്ലാമിനെക്കുറിച്ച് പഠിപ്പിച്ച് കൊടുക്കുന്ന രംഗം മനസ്സിൽ കൊണ്ട് വരിക.അന്ത്യനാളിൽ നബി ﷺ യിൽ നിന്നും

മാറ്റി നിർത്തപ്പെടുന്നവരിൽ പെടാതിരിക്കാൻ اللّٰہ വിനോട് പ്രാർത്ഥിക്കുക.

## ജന്നത്തുൽ ബഖീഅ്

മദീനയിലെ ശ്മശാന ഭൂമിയാണ് ജന്നത്തുൽ ബഖീഅ് മൂന്നാം ഖലീഫ ഉസ്മാൻ ﵁ വിന്റെ ഖബറാണ് അവിടത്തെ പ്രധാന മഖ്ബറ.നബി ﷺ യുടെ പുത്രൻ ഇബ്റാഹിം ﵁ വിന്റെ ഖബ്റാണെന്നും അഭിപ്രായമുണ്ട്. ജന്നത്തുൽ ബഖീഇന്റെ ഒരറ്റത്താണ് ഉസ്മാൻ ﵁ വിന്റെ ഖബ്റ്.സഊദുൽ ഖുദ്രി ﵁ ,സഅ്ദിബ്നുമുആദ് ﵁ എന്നിവരുടെ ഖബ്റുകൾ ഇവിടെയാണ്.നബി ﷺയുടെ വളർത്തുമ്മ ഹലീമത്തുസ്സഅ്ദിയ്യ رضي الله عنها യുടെ ഖബ്റും സമീപത്തായി സ്ഥിതി ചെയ്യുന്നു.ഹർറത് ശുഹദാക്കളിൽ മിക്ക പേരും ജന്നത്തുൽ ബഖീഇലാണ് മറവ്ചെയ്യപ്പെട്ടത്.

## പ്രധാന മഖ്ബറകൾ

ജന്നത്തുൽ ബഖീഇൽ അന്ത്യവിശ്രമം കൊള്ളുന്ന മറ്റു പ്രധാനികളിൽ ചിലർ: عُثْمَانُ بْنُ مَظْعُونْ ﵁ ,عَبْدُ الرَّحْمَنِ بْنُ عَوْفْ ﵁,سَعْدُ بْنُ اَبِي وَقَّاصْ ﵁,عَبْدُ اللَّهِ بْنُ مَسْعُودْ ﵁, فَاطِمَةَ بِنْتُ اَسَدْ ﵁ അലി ﵁വിന്റെ മാതാവ്, سَعْدُ بْنُ سُرَارَة ﵁, خُنَيْسُ بْنُ عُسَافَةُ السَّهْمِي ﵁ ,عَبْدُ بْنُ حَارِثْ ﵁ ,عَقِيلُ بْنُ اَبِي طَالِبْ ﵁,اِمَامْ مَالِكُ بْنُ اَنَسْ ﵁ ,رُقَيَّة رضي الله عنها പ്രവാചക പുത്രി, عَبْدُ اللَّهِ بْنُ جَعْفَرُ الطَّيَّار ﵁ എന്നിവരാണ്.പ്രവാചക പത്നിമാരായ اَبُوسُفْيَانُ رضي الله عنها ,جُوَيْرِيَة رضي الله عنها , اُمُّ سَلَمَة رضي الله عنها , زَيْنَب رضي الله عنها , سَوْدَة رضي الله عنها , حَفْصَة رضي الله عنها , عَائِشَة رضي الله عنها , رَيْحَانَة رضي الله عنها , اُمُّ حَبِيبَة رضي الله عنها , صَفِيَّة رضي الله عنها , مَارِيَة رضي الله عنها എന്നിവരുടെ ഖബ്റും ജന്നത്തുൽബഖീഇലാണ്. خَدِيجَة رضي الله عنها യുടെ ഖബ്ർ മക്കയിലെ ജന്നത്തുൽ മുഹല്ലയിലും مَيْمُونَة رضي الله عنها യുടെത് സരിഫിലുമാണ്.

ജന്നത്തുൽ ബഖീഇന്റെ മെയിൻ ഗൈറ്റ് കടന്നാൽ കാണുന്ന ഖബ്ർ പ്രവാചക പുത്രി ഫാത്വിമ ബീവി رضي الله عنها യുടെതാണ്.പ്രവാചക പൗത്രൻ ഹുസൈൻ ﵁വിന്റെ പുത്രൻ സൈനുൽ ആബിദീൻ ﵁ അവരുടെ പുത്രൻ മുഹമ്മദുൽ ബാഖിർ ﵁പുത്രൻ ജഅ്ഫറുസ്സാദിഖ് ﵁ എന്നിവരുടെ ഖബ്റും ഇവിടെയാണ്.

കർബലയിൽ കൊല്ലപ്പെട്ട പ്രവാചക പൗത്രൻ ഹുസൈൻ ﵁ വിന്റെ ശിരസ്സ്,മാതാവായ ഫാത്വിമ رضي الله عنها യുടെ ഖബ്റിന് സമീപമാണത്രെ അടക്കം ചെയ്യപ്പെട്ടത്.പ്രവാചക പിതൃവ്യൻ അബ്ബാസ് ﵁ പിതൃസഹോദരി സ്വഫിയ്യ رضي الله عنها ഇസ്മാഈലിബ്നു ജഅ്ഫറുസ്സാദിഖ് ﵁ അബൂസഈദിൽ ഖുദ്രിയ്യി﵁ പിതാവ് മാലികിബ്നു സിനാൻ ﵁ അലി ﵁ വിന്റെ മകൻ ഹസ്സൻ ﵁ മകൻ അബ്ദുള്ള ﵁ മകൻ മുഹമ്മദ് ﵁ തുടങ്ങി പതിനായിരക്കണക്കിന് സ്വഹാബികളും താബിഉകളും അന്ത്യവിശ്രമം

കൊള്ളുന്ന ലോകത്തെ ഏറ്റവും പവിത്ര മായ ശ്മശാനമാണ് ജന്നത്തുൽ ബഖീഅ്.

## ഉഹ്ദ് ശുഹദാക്കൾ

മദീനയിൽ നിന്ന് അൽപം ദൂരെയാണ് ഉഹ്ദ് ശുഹദാക്കളുടെ ഖബ്റുകളുള്ളത്.ഇസ്ലാമിനുവേണ്ടി കരൾ സംഭാവന ചെയ്ത ഹംസﷺഅടക്കമുള്ള വീരയോദ്ധാക്കൾ അന്ത്യവിശ്രമം കൊള്ളുന്നത് ഉഹ്ദ് പർവ്വതത്തിന്റെ താഴ്വരയിലാണ്.ഉഹ്ദ് പർവ്വതം സ്വർഗീയ മലയാണ്.ഉഹ്ദ് എന്നെയും ഞാൻ ഉഹ്ദിനെയും സ്നേഹിക്കുന്നു എന്ന് നബി ﷺ ഒരിക്കൽ പറയുകയുണ്ടായി.അത് കൊണ്ട് ഉഹ്ദ് മലയിൽ കയറൽ പ്രത്യേകം പുണ്യമാണ്.ഖന്തക്ക്,മസ്ജിദുൽ ഖുബാഅ്,മസ്ജിദുൽ ഖിബ്ലത്തൈനി തുടങ്ങിയ ചരിത്ര ഭൂമികളാലും പള്ളികളാലും അനുഗ്രഹീതമാണ് മദീന.

## ഇബ്നു ഉമർﷺവിന്റെ ഖബ്ർ

മക്കയിൽ നിന്ന് തൻഈം വഴി ശാരിഉ ശുഹദാ റോഡിൽ കുറഞ്ഞ ദൂരം യാത്ര ചെയ്താൽ സ്വഹാബി പ്രമുഖനായ അബ്ദുള്ളാഹിബ്നു ഉമർ ﷺവിന്റെ മഖ്ബറയിലെത്താം.മക്കയിലെ പ്രമുഖ സിയാറത്ത് കേന്ദ്രങ്ങളിലൊന്നായ ഇവിടെ സുഖമായി സിയാറത്തിന് സാധിക്കും.നബിﷺയെ പൂർണമായും അനുധാവനം ചെയ്ത മഹാൻ മുത്തബിഉസ്സുന്ന എന്ന അപര നാമത്തിൽ അറിയപ്പെടുന്നു.

## പ്രാർത്ഥനയിൽ ശ്രദ്ധിക്കേവ

വലുതും ചെറുതുമായ നമ്മുടെ എല്ലാ പ്രാർത്ഥനകളിലും ലോകത്തുള്ള മുഴുവൻ മുസ്ലിംകൾക്കും വേണ്ടി പ്രാർത്ഥിക്കുക.എന്ന പ്രാർത്ഥനാ വചനത്തിലൂടെ ഇത് ലഭ്യമാകും.ഇങ്ങനെ പ്രാർത്ഥിക്കുന്നത് കൊണ്ടുള്ള പ്രയോജനം വളരെ വലുതാണ്.ഒരു മുസ്ലിം തന്റെ സഹോദരന് വേണ്ടി പ്രാർത്ഥിക്കുമ്പോൾ ﷲ വിന്റെ ഭാഗത്ത് നിന്ന് ഒരു വിളിനാദമുണ്ടാകും.നിനക്കും തുല്യമായതുണ്ടാവട്ടെ.

പ്രസ്തുത ദുആയിൽ ആദം നബി عليه السلام മുതൽ ഇന്നേവരെയും ഇനി ജനിക്കാനിരിക്കുന്നതുമായ എല്ലാ മുസ്ലിംകളും ഉൾപെടുന്നു. അപ്പോൾ അവർക്ക് ലഭിക്കുന്ന പ്രതിഫലത്തിന് തുല്യമായത് പ്രാർത്ഥിക്കുന്നവന് കിട്ടും.അതിനാൽ സ്വന്തമായി പ്രാർത്ഥിക്കുന്നവനേക്കാൾ എത്രയോ ഇരട്ടി പ്രതിഫലം ഇങ്ങനെ പ്രാർത്ഥിക്കുന്നവന് ലഭ്യമാകും.